2009 നവംബർ
ഹി.ശ 1388 - നുബുവ്വത്ത്
1430 ദുൽക്കഅദ് - ദുൽഹജ്ജ്
പുസ്തകം 81 ലക്കം 11
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

6 ***മലക്കുകളുടെ പ്രവൃത്തി***
ഹദ്റത്ത് അഹ്മദ് (അ)

ഖുത്ബ

7 ***ബലിയറുക്കുന്നതുപോലെ ദൈവവഴിയിൽ സ്വയം ബലിയാവുക***
ഖലീഫത്തുൽ മസീഹ് V

ലേഖനം

10 ***ആഗോളശക്തികളുടെ നാശം***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

14 ***നാം മനുഷ്യർ, നാം ഒന്നാണ്***
സർ സഫറുല്ലാഹ് ഖാൻ

16 ***ആത്മീയ സംഗമത്തിലേക്ക് സ്വാഗതം***
മുഹമ്മദ് ഉമർ

17 ***ഖലീലുല്ലാഹി ഹദ്റത്ത് ഇബ്റാഹീം നബിയുടെ പൈതൃകം***
എ.എം.മുഹമ്മദ് സലീം

21 ***ഖിലാഫത്തിനോട് മുസ്‌ലിംകൾക്കുള്ള കടമ***
ഫരീദ് അഹ്മദ് യു.കെ.

24 ***വെറുപ്പിനെ സ്നേഹമാക്കി മാറ്റിയ ഔദാര്യനിധി***
മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

26 ***മുബാഹലയുടെ ദൃഷ്ടാന്തം പ്രബോധനത്തിനുള്ള മറുപടി***
പി.എ. മുഹമ്മദ് സലീം

30 ***'ദജ്ജാൽ' ഖുർആനിക വിവരണങ്ങളിലൂടെ***
എ.ക്യു.മഹ്ദി

32 ***ഫ്രാൻസിലെ ബുർഖ നിരോധനം***
സാറാ വസിം

34 ***അഫ്ഗാനിസ്ഥാൻ, ഭാഗ്യം കെട്ട നാട്***
അബ്ദുറഹിമാൻ കൊടിയത്തൂർ

കുറിപ്പുകൾ

38 ***സ്ഫോടനങ്ങളിൽ തകരുന്ന പാകിസ്താൻ***

40 ***വാർത്തകൾ***

42 ***അനുസ്മരണം***

മുഖചിത്രം :
**കൊടിയത്തൂരിൽ പുതുക്കി പണിത മസ്ജിദ് മഹ്മൂദ്**

**ചീഫ് എഡിറ്റർ** : മുഹമ്മദ് ഇസ്മായിൽ Mob: 9446656123
**എഡിറ്റർ** : ഏ. എം. മുഹമ്മദ് സലിം Mob: 9895263384, **E-mail: salimqld@yahoo.in**
**മാനേജർ** : അഹ്മദ് ഹസ്സൻ Mob: 9446482108

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, Calicut - 1.


## ഖുർആനിൽ നിന്ന്

മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. (പിന്നീട്) അവർ വ്യത്യസ്ത ചേരികളായി പിരിഞ്ഞു. അപ്പോൾ സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീതു നൽകുന്നവരുമായ പ്രവാചകന്മാരെ അല്ലാഹു നിയോഗിച്ചു. മനുഷ്യർക്കിടയിൽ ഭിന്നാഭിപ്രായമുള്ള കാര്യങ്ങളിൽ വിധി കൽപ്പിക്കുന്നതിന്നായി സത്യം ഉൾക്കൊള്ളുന്ന ഗ്രന്ഥം അവരോടൊപ്പം അവൻ അവതരിപ്പിക്കുകയും ചെയ്തു. എന്നാൽ അവർക്ക് സ്പഷ്ടമായ ദൃഷ്ടാന്തങ്ങൾ വന്നു കിട്ടിയ ശേഷം. അവരുടെ അന്യോന്യ സ്പർദ്ദ നിമിത്തം അതു നൽകപ്പെട്ടവരല്ലാതെ അതിൽ (വേദഗ്രന്ഥത്തിന്റെ കാര്യത്തിൽ) ഭിന്നിച്ചിട്ടില്ല. അങ്ങിനെ ഏതൊരു സത്യത്തിൽ അവർ ഭിന്നിച്ചുവോ അതിലേക്ക് അല്ലാഹു തന്റെ കല്പന പ്രകാരം, വിശ്വസിച്ചവരെ നയിച്ചു. അല്ലാഹു താനുദ്ദേശിക്കുന്നവരെ സന്മാർഗ്ഗത്തിലേക്ക് നയിക്കുന്നു. (2:214)

## നബിവചനം

തിരുമേനി (സ) ചോദിച്ചു. ഏറ്റവും പുണ്യമായ ദിവസമേത്? ജനങ്ങൾ ഉത്തരം നൽകി, അല്ലാഹുവിന്റെ ദൂതരെ, മഹത്തായ ഹജ്ജ് കർമ്മത്തിന്റെ ദിവസം. തിരുമേനി അരുളി 'അപ്പോൾ ഓർക്കുക! ഈ പരിശുദ്ധി നിങ്ങളുടെ ജീവനും നിങ്ങളുടെ സ്വത്തിനും നിങ്ങളുടെ അന്തസ്സിനും അഭിമാനത്തിനുമുണ്ട്. തന്റെ കുറ്റത്തിനല്ലാതെ മറ്റൊരാളുടെ കുറ്റത്തിന് ആരും ഉത്തരവാദിയാവുകയില്ല. ഒരു പിതാവും തന്റെ മകന്റെ ചെയ്തികൾക്ക് ഉത്തരവാദിയാവുകയില്ല. ഒരു മകനും തന്റെ പിതാവിന്റെ കുറ്റത്തിന് ഉത്തരവാദിയാവുകയില്ല. (തിർമിദി).

**യുഗശബ്ദം**



# മതപ്രവാചകന്മാരും മാനവൈക്യവും

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

ലോകത്ത് പ്രത്യക്ഷപ്പെട്ടിട്ടുള്ള എല്ലാ പ്രവാചകന്മാരും അവർ ഇന്ത്യയിൽ വന്നിട്ടുള്ളവരാകട്ടെ, പേർഷ്യയിലോ ചൈനയിലോ വെളിപ്പെട്ടവരാകട്ടെ മറ്റേതെങ്കിലും രാജ്യത്ത് ആഗതരായിട്ടുള്ളവരാകട്ടെ അവരെയെല്ലാം സത്യാത്മാക്കളായി കരുതണമെന്നത് എത്രമാത്രം മോഹനവും സമാധാനത്തിനു നിദാനവും അനുരഞ്ജനത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതും ഉത്തമ ധാർമ്മിക മര്യാദകളെ വളർത്തുന്നതുമായ തത്വമാണ്! ദൈവം കോടിക്കണക്കിലുള്ള ഉത്തമ ധാർമ്മിക മര്യാദകളെ വളർത്തുന്നതുമായ തത്വമാണ്! ദൈവം കോടിക്കണക്കിലുള്ള ഹൃദയങ്ങളിൽ അവരോടുള്ള ബഹുമാനാദരങ്ങൾ നിറക്കുകയും ഉന്നത സ്ഥാനം നൽകി അവരെ അനുഗ്രഹിക്കുകയും ചെയ്തിരിക്കുന്നു. അവരുടെ മതധർമ്മങ്ങൾക്ക് വേരോട്ടം ലഭിക്കുകയുമുണ്ടായി.

*(റൂഹാനി ഖസായിൻ വാല്യം 12, ഭാ. 259; തുഹ്ഫയെ ഖൈസരിയ്യ ഭാ:7)*

മുഖക്കുറിപ്പ്

# പരിശുദ്ധ ഹജ്ജും ഖുർആന്റെ ചില പാഠങ്ങളും

ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ അഞ്ചാമത്തേതാണ് പരിശുദ്ധ ഹജ്ജ്. കഴിവും മാർഗ്ഗവും അനുവദിക്കുമെങ്കിൽ ഓരോ മുസൽമാനും ഹജ്ജ് നിർബന്ധമാണ്. ഏകദൈവത്തെ ആരാധിക്കാൻ നിർമ്മിക്കപ്പെട്ട കഅ്ബാലയത്തിന്റെ ഉദ്ദേശത്തെപറ്റി ഖുർആൻ പറയുന്നു.

***"അല്ലാഹു കഅ്ബയാകുന്ന ആദരണീയ മന്ദിരത്തെ മനുഷ്യരുടെ ശാശ്വതപുരോഗതിക്കുള്ള മാർഗ്ഗമാക്കിയിരിക്കുന്നു"*** (5:98). ഏകദൈവാരാധനക്കായി സമർപ്പിക്കപ്പെട്ട ഈ വിശുദ്ധ മന്ദിരത്തെ പുണ്യപുരാതനഭവനം (അൽ ബൈതുൽ അതീഖ്) പരിശുദ്ധ ഭവനം (അൽ ബൈതുൽ ഹറാം) ആദരണീയ ഗേഹം (അൽ ബൈതുൽ മുഹർറം), പ്രഥമ ഭവനം (അൽ ബൈതുൽ അവ്വൽ) ജനനിബിഡമായ ഭവനം (അൽ ബൈതുൽ മഅ്മൂർ) എന്നിങ്ങനെ വിവിധ നാമങ്ങളിൽ ഖുർആൻ വിശേഷിപ്പിച്ചിട്ടുണ്ട്.

ഖലീലുല്ലാഹി ഇബ്റാം നബി(അ)യും മകൻ ഇസ്മായീലും (അ) ചേർന്ന് നാലായിരം വർഷങ്ങൾക്ക് മുമ്പ് പുരാതനമായൊരു അസ്തിവാരത്തിൽ പുതുക്കിപണിത മന്ദിരമാണ് കഅ്ബ എന്ന് ഖുർആൻ പറയുന്നു. ലളിതമായ ഘനാകൃതിയിൽ ഈ ആരാധനാലയം പണിതതിന് ശേഷം ഏകദൈവാരാധന നിർവ്വഹിക്കുന്ന എല്ലാവിഭാഗം മനുഷ്യരേയും ഹജ്ജ് എന്ന ആത്മീയ മഹാസംഗമത്തിലേക്ക് വരാൻ വിളംബരം ചെയ്യണമെന്ന് ഹദ്റത്ത് ഇബ്റാഹിം നബി(അ)യോട് അല്ലാഹു കല്പിച്ചതായി ഖുർആൻ പറയുന്നു.

***'പ്രദക്ഷിണം ചെയ്യുന്നവർക്കും നിന്നും കുനിഞ്ഞും കുമ്പിട്ടും കൊണ്ട് ആരാധന നടത്തുന്നവർക്കും വേണ്ടി എന്റെ മന്ദിരത്തെ ശുദ്ധമാക്കി വെക്കുക. (അപ്രകാരം) ഹജ്ജിനെക്കുറിച്ച് ജനങ്ങളിൽ വിളംബരം ചെയ്യുക. കാൽനടയായും മെലിഞ്ഞ് വയറൊട്ടിയും വിദൂരങ്ങളായ ഓരോ മാർഗ്ഗങ്ങളിൽ കൂടി വരുന്നതുമായ ഓരോ ഒട്ടകങ്ങളിൽമേലും നിന്റെ അടുക്കൽ അവർ വരും*** (22:27, 28)

ഏകദൈവത്തെ ആരാധിക്കാൻ ഹദ്റത്ത് ഇബ്റാഹിം നബി (അ)യിലൂടെ അല്ലാഹു നടത്തിയ ഈ വിളംബരം, 1974 മുതൽ സഊദി അറേബ്യ അഹ്മദികൾക്ക് നിഷിദ്ധമാക്കിയിരിക്കുകയാണ്. റസൂൽ തിരുമേനി (സ) ജീവിതത്തിലും ഹജ്ജ് നിരോധനം അനുഭവിച്ചിട്ടുണ്ട്. ഹജ്ജ് ചെയ്യണമെന്ന ഉദ്ദേശത്തോടെ ഹിജ്റ 6-ാം വർഷത്തിൽ ആയിരത്തി നാനൂറ് അനുചരന്മാരുമായി പുറപ്പെട്ട തിരുമേനി(സ) ഹുദൈബിയായിൽ വെച്ച് തടയപ്പെട്ടു. ഫതഹ് ചെയ്യാൻ ഉദ്ദേശിച്ചുപോയെങ്കിലും തടയപ്പെട്ട ആ സന്ദർഭത്തിലാണ് 'വിജയം' എന്ന് അർത്ഥമുള്ള സൂറ: 'ഫജ്ജ്' റസൂൽതിരുമേനി(സ)ക്ക് അവതരിച്ചത് എല്ലാ വൈകല്യങ്ങളിൽ നിന്നും അല്ലാഹു റസൂൽ തിരുമേനി(സ)യെ പരിശുദ്ധനാക്കുകയും ചെയ്തതായി ഈ സൂറത്തിൽ സുവിശേഷമറിയിക്കുകയും ചെയ്തു. ഹജ്ജ് ചെയ്തവർ പരിശുദ്ധരാണ് എന്ന അല്ലാഹുവിന്റെ വാഗ്ദാനം റസൂൽ തിരുമേനി(അ) ഹജ്ജിന് മുടക്കം വന്നപ്പോഴാണ് എന്ന കാര്യം സ്മരിക്കുക. സൂറാ: ഫതഹിൽ അല്ലാഹു പറയുന്നു).

***'തീർച്ചയായും നാം നിനക്ക് സ്പഷ്ടമയൊരു വിജയം നൽകിയിരിക്കുന്നു. മുമ്പും പിമ്പുമുള്ള നിന്റെ വൈകല്യങ്ങളെ (ദൻമ്പ്) അല്ലാഹു നിന്നിൽ നിന്ന് മറക്കുന്നതിനും നിന്റെ മേൽ അവന്റെ അനുഗ്രഹത്തെ പൂർത്തീകരിക്കുന്നതിനും നിങ്ങൾ നേർമാർഗ്ഗത്തിൽ നയിക്കുന്നതിനും*** (40:2, 3)

അഹ്മദികൾക്ക് ഹജ്ജ് തടയുന്ന കഅ്ബയുടെ പരിപാലകർ ഈ പാഠങ്ങൾ മനസ്സിലാക്കുന്നതോടെയും ഖുർആന്റെ ഒരു വചനം ഓർക്കേണ്ടിയിരിക്കുന്നു.

***(ഹജ്ജ്) തീർത്ഥാടകർക്ക് കൂടി വെള്ളം കൊടുക്കുകയും മസ്ജിദുൽ ഹറാമിനെ പരിപാലിക്കു***

*(ശേഷം 13-ൽ)*

ലേഖനം

ഹദ്റത്ത് അഹ്മദ് (അ)

# മലക്കുകളുടെ പ്രവൃത്തി

'മലക്കുകൾ എല്ലാവർക്കും ഒരേ പദവിയോ ഒരേ യോഗ്യതയോ അല്ല ഉള്ളത്. എല്ലാ മലക്കുകളും ഒരേ പ്രവൃത്തിയുമല്ല ചെയ്യുന്നത്. ഓരോ മലക്കുകൾക്കും വിവിധ പ്രവൃത്തികളാണ് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ ലോകത്ത് എന്ത് ചലനങ്ങൾ സംഭവിക്കുന്നുവോ, ഉദാസീന ദശയിലുള്ള ഏതൊരു ശക്തിയും പ്രവർത്തനനിരതമാവുന്നുവോ, ആത്മാവും ശരീരവും ലക്ഷ്യത്തിലേക്ക് ഏതൊരു വിജയം നേടുന്നുവോ അതെല്ലാം തന്നെ ആകാശീയമായ ഒരു സ്വാധീനത്താലാണ് സംഭവിക്കുന്നത്. ചിലപ്പോൾ ഒരു മലക്കിനു തന്നെ പല കഴിവുകളും പല രീതിയിലും പ്രകടിപ്പിക്കാൻ ശേഷിയുണ്ട്. ഉദാഹരണത്തിന് മലക്ക് ജിബ്രീൽ സമുജ്ജ്വലമായ ആത്മീയ ശരീരങ്ങളുമായി ബന്ധപ്പെട്ടു പ്രവൃത്തിക്കുന്ന മുഖ്യ മലക്കാണ്. അത്തരം ആത്മീയ ശരീരങ്ങളുമായി ബന്ധപ്പെട്ട് പല ധർമ്മങ്ങളും അവ നിർവ്വഹിക്കുന്നു. ദിവ്യവെളിപാടുകൾ കൊണ്ട് അനുഗ്രഹീതരായ എല്ലാവരിലും ജിബ്രീൽ ഇറങ്ങുന്നു. (ഇറങ്ങുന്നതിന്റെ യഥാർത്ഥ രൂപം പ്രഭാവം മുഖേനയാണെന്ന് ഓർക്കണം. അല്ലാതെ സ്ഥൂലരൂപത്തിലുള്ള ഇറക്കമല്ല).

വിവിധ കഴിവുകൾക്കനുസൃതമായിക്കൊണ്ട് ഈ ഇറക്കത്തിന്റെ വൃത്തം കൂടിയോ കുറഞ്ഞോ ഉള്ള അനുപാതത്തിലായിരിക്കാം. ഈ ആത്മീയ സ്വാധീനത്തിന്റെ ഏറ്റവും വിപുലമായ വൃത്തം റസൂൽ തിരുമേനി (സ)ന്റെ വെളിപാടുമായി ബന്ധപ്പെട്ടതാണ്. ഈ കാരണത്താൽ മറ്റു ഗ്രന്ഥങ്ങളെ അപേക്ഷിച്ച് വിശുദ്ധ ഖുർആനിൽ കാണപ്പെടുന്ന അന്തർജ്ഞാനം, വിഷയ വൈവിധ്യം, ജ്ഞാന വൈശിഷ്ട്യം, സംഗ്രഥനം എന്നിവ അതിന്റെ അവികലതയിലും പരിപൂർണ്ണതയിലും മറ്റൊരു ഗ്രന്ഥത്തിലും കാണാൻ സാധ്യമല്ല.

മനുഷ്യാത്മാവിൽ മലക്കിന്റെ ഒരു പ്രഭാവം പ്രവൃത്തിക്കുന്നത് രണ്ട് വിധത്തിലാണെന്ന കാര്യം ഓർക്കണം. ഒന്നാമത്തേത് ഗർഭാവസ്ഥയിൽ വിവിധ തരത്തിലുള്ള ബീജങ്ങളിൽ വിവിധരൂപങ്ങളിൽ സ്വാധീനിക്കുന്ന അല്ലാഹുവിന്റെ ആജ്ഞാരൂപത്തിലുള്ള പ്രഭാവത്തിന്റെ പ്രവർത്തനമാണ്. രണ്ടാമത്തേത് പ്രഭാവത്തിന്റെ പ്രവർത്തനം പ്രസ്തുത അസ്തിത്വത്തിന്നുള്ളിൽ ഗുപ്തമായി കിടക്കുന്ന കഴിവുകളെ പരിപൂർണതയിലെത്തിക്കാൻ മലക്ക് അതിന്നുള്ളിൽ പ്രവേശിച്ചതിന് ശേഷമുള്ള സ്വാധീനമാണ്. ഒരു പ്രവാചകനുമായോ അല്ലെങ്കിൽ സാത്വികനായ ഒരാളുമായോ ബന്ധപ്പെട്ട ഈ രണ്ടാമത്തെ പ്രഭാവത്തെയാണ് വെളിപാടുകൾ എന്ന് വിളിക്കുന്നത്. വിശ്വാസപ്രകാശത്തിന്റേയും സ്നേഹപ്രകാശത്തിന്റേയും ഉത്കൃഷ്ടതയാൽ അത്യുത്സുകമായ ആത്മാവ് ദൈവകൃപയുടെ സ്രോതസ്സുമായി ഒരു സ്നേഹബന്ധം സ്ഥാപിക്കുന്നു. ജീവൽദായകനായ സർവ്വശക്തനായ ദൈവത്തിന്റെ സ്നേഹം തന്റെ ദാസന്റെ സ്നേഹത്തിനുമീതെ ചൊരിയുകയും ചെയ്യുന്നു. ഗർഭാവസ്ഥയിൽ അവനിൽ ഏതൊരു ഗുണമാണോ കനിഞ്ഞരുളിയിട്ടുള്ളത് ദൈവത്തിന്റെ മലക്കുകളുടെ പ്രഭാവം കാരണം അതിന്റെ പ്രകടനത്തിന്നായി അവ മുന്നോട്ടു വരുന്നു. മലക്കുത്തിയായ പ്രഥമ പ്രഭാവത്തിന്റെ ആകർഷണത്തിൽ അതേ മലക്ക് തന്നെ, പ്രകാശത്താൽ നിറച്ച തന്റെ പ്രഭാവത്തിന്റെ നവീകൃതമായ ഒരു സ്വാധീനം അയാളിൽ ചെലുത്തി തുടങ്ങുന്നു.

മലക്ക് ഇത് സ്വന്തം നിലക്കല്ല നിർവ്വഹിക്കുന്നത്. ഒരു മദ്ധ്യവർത്തി എന്ന നിലയിലാണ് ഇത് നിർവ്വഹിക്കുന്നത്. അതായത് ഒരു കുഴലിലൂടെ ഒരു വശത്തുള്ള ജലം വലിച്ചെടുത്ത് മറുവശത്തേക്ക് നിർഗളിപ്പിക്കുന്നത് പോലെ, ഈ കുഴൽ സ്വയം തന്നെ ദൈവമഹത്വത്തിന്റെ പ്രകാശം വലിച്ചെടുക്കുന്നു. ഇരട്ട

(ശേഷം 13 - ൽ)

ഖുത്വ്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് V

# ബലിയറുക്കുന്നതുപോലെ ദൈവവഴിയിൽ സ്വയം ബലിയാവുക

## 20-12-2007ന് ലണ്ടനിലെ ബയ്ത്തുൽ ഫുത്വുഹിൽ ഖലീഫത്തുൽ മസീഹ് Vാമൻ നിർവ്വഹിച്ച പെരുന്നാൾ ഖുത്വ്ബ

***"അവയുടെ മാംസമോ രക്തമോ അല്ലാഹുവിന് ഒരിക്കലും എത്തുകയില്ല. പക്ഷേ, നിങ്ങളുടെ തക്‌വ - ഹൃദയഭക്തിയാണ് അവനെത്തുന്നത്. ഇപ്രകാരം അവൻ അവയെ നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നിരിക്കുന്നു; അല്ലാഹു നിങ്ങൾക്ക് നേർമാർഗ്ഗം കാണിച്ചുതന്നതു നിമിത്തം നിങ്ങളവനെ മഹത്ത്വപ്പെടുത്തുന്നതിനുവേണ്ടി. സദ്‌വൃത്തന്മാരെ നീ സന്തോഷവാർത്ത അറിയിക്കുക"*** (22:38).

ഇന്ന് നമ്മൾ ഈദുൽഅള്ഹിയ ആഘോഷിക്കുകയാണ്. ഇതിന് ബലിയുടെ പെരുന്നാൾ എന്നും പറയുന്നു. കഴിവുള്ളവർ ഈ പെരുന്നാളിന് മൃഗബലി നടത്തുന്നു. ഹജ്ജ് ചെയ്യുന്നവർ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് മൃഗങ്ങളെ അറുക്കാറുണ്ട്. ഇന്നും നാളെയുമൊക്കെയായി ലോകത്ത് കോടിക്കണക്കിന് മൃഗങ്ങൾ അറുക്കപ്പെടുന്നുണ്ടാകും. പക്ഷേ, ഈ മൃഗബലിയും അതിലുള്ള സന്തോഷവുമാണോ ഈ പെരുന്നാളിന്റെ ഉദ്ദേശ്യം? ഈ എരുതുകളേയും ആടുകളേയും അറുക്കുകയും അതിന്റെ മാംസം തിന്നുകയും അതിൽ ബന്ധുക്കളേയും സുഹൃത്തുക്കളേയും പങ്കെടുപ്പിക്കുകയുമാണോ ഈ ത്യാഗത്തിന്റെ ഉദ്ദേശ്യം?

അല്ലാഹു വിശുദ്ധ ഖുർആനിൽ ഞാനോതിയ വചനത്തിൽ പറയുന്നു: *'ഓർമ്മിച്ചുകൊള്ളുക. ഈ ബലിയുടെ മാംസവും രക്തവും ഒരിക്കലും അല്ലാഹുവിലേക്കെത്തുകയില്ല.'*

നാം ഓരോ വർഷവും ഈദുൽ അള്ഹിയ ആഘോഷിക്കാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഈ ബലികളുടെ പിന്നിലുള്ള ആത്മാവ് എന്താണെന്ന് അന്വേഷിക്കേണ്ടതാണ്. എന്താണ് ആ ആത്മാവ്? അതിനുള്ള മറുപടിയും അല്ലാഹു ഈ വചനത്തിൽ നല്കിയിരിക്കുന്നു. പറഞ്ഞു: ***വലാക്കിൻയ്യനാലുഹുത്തഖ്‌വാമിൻകും.*** നിങ്ങളുടെ ഹൃദയഭക്തി അല്ലാഹുവിലേക്കെത്തിച്ചേരുന്നു.

ഈ ബലിയുടെ തത്ത്വം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

"അല്ലാഹുതആല ഇസ്‌ലാമിക ധർമ്മശാസ്ത്രത്തിൽ അത്യാവശ്യ പ്രവർത്തികൾക്കായി മാതൃക സ്ഥാപിച്ചിട്ടുണ്ട്. തന്റെ സകല ശക്തിയോടും, പൂർണ്ണ സാന്നിദ്ധ്യത്തോടുംകൂടി അല്ലാഹുവിന്റെ വഴിയിൽ ബലിയാകാൻ മനുഷ്യനോട് അല്ലാഹു കല്പിച്ചിരിക്കുന്നു. ഈ അവസ്ഥയ്ക്കുള്ള മാതൃകയായിട്ടാണ് ബാഹ്യമായ ബലി നിശ്ചയിച്ചിട്ടുള്ളത്. യതാർത്ഥ ഉദ്ദേശ്യം അല്ലാഹുവിന് നിങ്ങളുടെ മൃഗബലിയും മാംസവും എത്തുകയില്ല. അതിന്റെ രക്തവും എത്തുകയില്ല. എന്നാൽ, നിങ്ങളുടെ ഹൃദയഭക്തി അവനെത്തിച്ചേരുന്നു. അതായത്, അവന്റെ മാർഗ്ഗത്തിൽ മരിച്ചുംപോകുംവിധം അവനെ ഭയപ്പെടുക. നിങ്ങൾ നിങ്ങളുടെ കൈകൊണ്ട് ബലിയറുക്കുന്നതുപോലെ, നിങ്ങളും അല്ലാഹുവിന്റെ വഴിയിൽ ബലിയായിത്തീരുക. ഇതിൽ കുറഞ്ഞുള്ള ഹൃദയഭക്തി ന്യൂനമാണ്." വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "പ്രകൃതിനിയമം ആദ്യം മുതലേ ഇങ്ങനെതന്നെയാണ്. അതായത് ഇതെല്ലാം പരിപൂർണ്ണമായ മഅ്രിഫത്ത്-ഈശ്വരീയജ്ഞാനത്തിനുശേഷമാണ് ലഭിക്കുന്നത്. ഭയവും സ്നേഹവും ബഹുമാനിക്കത്തക്ക ഗുണത്തിന്റെ അടിസ്ഥാനവുമെല്ലാം സമ്പൂർണ്ണമായ ആത്മീയജ്ഞാനമാണ്. അല്ലാഹുവിനോടുള്ള ഭയം സ്വായത്തമാക്കുക. അവനെ മനസ്സി

ലാക്കാൻ ശ്രമിക്കുക. സമ്പൂർണ്ണമായ ആത്മീയ ജ്ഞാനം നല്കപ്പെട്ടവന് ഭയവും സ്നേഹവും പൂർണ്ണമായും നല്കപ്പെട്ടു. ഇതാണ് ഹൃദയഭക്തി അഥവാ തഖ്‌വ. “അതായത് അല്ലാഹുവിനോട് ഭയമുണ്ടാകുക, അവനോട് സ്നേഹമുണ്ടാകുക. പൂർണ്ണമായ ഭയവും സ്നേഹവും നല്കപ്പെട്ടവന് അവന്റെ കടിഞ്ഞാണില്ലാത്ത ജീവിതത്തിൽനിന്നുണ്ടാകുന്ന ഓരോ പാപങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിന്, തഖ്‌വ അനിവാര്യമാണ്. അല്ലാഹുവിനോടുള്ള ഭയവും അവനെക്കുറിച്ചുള്ള അറിവും പൂർണ്ണമാകുമ്പോൾ പാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നു. ആ മഹാത്മാവ് പറയുന്നു: “ഈ മോക്ഷത്തിന് നമുക്ക് ആരുടേയും രക്തം ആവശ്യമില്ല. ഒരു കുരിശിന്റെയും ആവശ്യമില്ല. മറിച്ച്, നമുക്ക് വേണ്ടത് നമ്മുടെ ആത്മാവിന്റെ ബലിയാണ്. അതാവശ്യമുണ്ടെന്ന് നമ്മുടെ പ്രകൃതി പറയുന്നു. അത്തരം ബലിയെ മറ്റു വാക്കുകളിൽ പറയുന്നതിന്റെ പേരാണ് ഇസ്‌ലാം. ഇസ്‌ലാം എന്നതിന്റെ അർത്ഥം ബലിയറുക്കപ്പെടുന്നതിനായി കഴുത്ത് മുന്നോട്ടുവച്ചുകൊടുക്കുക എന്നാണ്. അതായത്, പൂർണ്ണസംതൃപ്തിയോടുകൂടി സ്വന്തം ആത്മാവിനെ അല്ലാഹുവിന്റെ സവിധത്തിൽവെച്ചുകൊടുക്കുക. ഈ പ്രിയങ്കരമായ നാമം സർവ്വ ധർമ്മശാസ്ത്രങ്ങളുടെയും ആത്മാവും സകല കല്പനകളുടേയും ജീവനുമാണ്.” ഇതാണ് ഇസ്‌ലാം. അല്ലാഹുവിന്റെ കല്പന പൂർണ്ണമായ നിലയിൽ നിറവേറ്റാൻ തയ്യാറാകുക. ഇതിനുവേണ്ടി ഏതു വലിയ ത്യാഗത്തിനും തയ്യാറാകുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: “പൂർണ്ണമായ സ്നേഹവും പൂർണ്ണമായ അനുരക്തിയും ഉണ്ടെങ്കിൽ മാത്രമെ ബലിയറുക്കപ്പെടുന്നതിന് മനഃസന്തോഷത്തോടും ഇഷ്ടത്തോടും കൂടി കഴുത്ത് മുമ്പിൽ വയ്ക്കാൻ സാധിക്കുകയുള്ളൂ. ദൈവത്തെക്കുറിച്ചുള്ള തികവാർന്ന ജ്ഞാനമുണ്ടെങ്കിലേ, തികവാർന്ന സ്നേഹമുണ്ടാകുകയുള്ളൂ. യഥാർത്ഥ ബലിയ്ക്കായി പൂർണ്ണമായ ഈശ്വരീയജ്ഞാനത്തിന്റെയും തികവാർന്ന സ്നേഹത്തിന്റെയും ആവശ്യമുണ്ട്. ഇക്കാര്യത്തിലേക്കാണ് ഇസ്‌ലാം വിരൽചൂണ്ടുന്നത്. മറ്റൊന്നിന്റെയും ആവശ്യമില്ല. ഇതിലേക്കാണ് അല്ലാഹു വിശുദ്ധഖുർആനിൽ സൂചിപ്പിക്കുന്നത്. ‘നിങ്ങൾ ബലിയർപ്പിക്കുന്ന മൃഗത്തിന്റെ മാംസം എന്നിലേക്കെത്തുകയില്ല. രക്തവും എത്തുകയില്ല. മറിച്ച്, നിങ്ങളെന്നെ ഭയപ്പെടുക. എനിക്കുവേണ്ടി ഹൃദയഭക്തി സ്വായത്തമാക്കുക. എന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുക. ഈ ത്യാഗം മാത്രമെ എന്നിലേക്കെത്തുകയുള്ളൂ. പ്രസ്തുത ആത്മാവ് സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഈ ബാഹ്യമായ ബലിയുടെ മാതൃക നിലനിറുത്തിയിട്ടുള്ളത്. അതില്ലെങ്കിൽ നമ്മുടെ ബലി നന്മയാവുകയില്ല. മാംസം ഭക്ഷിക്കുന്നതും നന്മയല്ല. ഈ മാംസവും രക്തവും അല്ലാഹുവിനോളം എത്തുകയുമില്ല. അതുകൊണ്ട് നമ്മൾ നടത്തുന്ന നമ്മുടെ ബാഹ്യമായ ബലിയുടെ പിന്നിൽ, ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ ആ ആത്മാവ് ഉണ്ടാക്കേണ്ടതാണ്. അല്ലാഹുവിനെക്കുറിച്ചുള്ള പരിപൂർണ്ണ ആത്മീയജ്ഞാനം കരസ്ഥമാക്കാനും, ആ വഴിയിലൂടെ നടക്കാനും ശ്രമിച്ച കാരണത്താലാണ് ഹദ്റത്ത് ഹാജറായും ഹദ്റത്ത് ഇസ്മായീലും തങ്ങളെ ബലിയ്ക്കായി സമർപ്പിച്ചത്. അവർക്ക് അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനം ലഭിച്ചിരുന്നു. അതുകൊണ്ടാണ് ത്യാഗം ചെയ്യാൻ അവർ തയ്യാറായത്.

ഹദ്റത്ത് ഹാജറ(അ)യുടെ അല്ലാഹുവുമായിട്ടുള്ള ബന്ധവും അവനോടുള്ള സ്നേഹവും അവനിലുള്ള ദൃഢവിശ്വാസവും കൊണ്ടുതന്നെയായിരുന്നു. അവർ ഇബ്റാഹീം (അ)നോട്, ഇത് അല്ലാഹുവിന്റെ കല്പനയാണെങ്കിൽ താനും തന്റെ മകനും അല്ലാഹു തങ്ങളിൽ നിന്ന് ആവശ്യപ്പെടുന്ന ബലിയ്ക്ക് തയ്യാറാണെന്ന് പറഞ്ഞത്. കാരണം, അല്ലാഹുവിന്റെ കല്പനയ്ക്കു മുമ്പിൽ തങ്ങളുടെ ജീവന് എന്ത് പ്രസക്തിയാണുള്ളത്. മകന്റെ നിലപാടും നോക്കുക. ആ പിതാവിന്റെ ശിക്ഷണവും അല്ലാഹുവിനോടുള്ള സ്നേഹവും കാരണത്താൽ, ചെറുപ്രായമായിരുന്നിട്ടും മകൻ പറഞ്ഞതായി ഖുർആൻ പറയുന്നു: *‘എന്റെ പിതാവേ, അങ്ങയോട് കല്പിക്കപ്പെട്ടത് അങ്ങ് ചെയ്യുക’.*

ഈ നിലപാടായിരുന്നു ആ പിതാവിന്റെയും മാതാവിന്റെയും പുത്രന്റേയും. ഇതിന്റെ സ്മരണയെന്നോണമാണ് ഈ ബലിയെ എന്നെന്നേക്കുമായി അല്ലാഹു നിലനിറുത്തിയത്. ഈ ബലിയുടെ സ്മരണ എന്നെന്നേക്കുമായി നിലനിറുത്തിയത്. ഹദ്റത്ത് ഇബ്റാഹിം (അ) തന്റെ ഭാര്യേയും പുത്രനേയും ആരോരുമില്ലാത്ത മരുഭൂമിയിൽ വിട്ടുകൊണ്ട്, മാതൃക കാണിച്ചതിന്റെ അടിസ്ഥാനത്തിലാണ്. കുറച്ച് ഭക്ഷണവും വെള്ളവും മാത്രമെ അവരുടെ കൈയിലുണ്ടായിരുന്നുള്ളൂ. എല്ലാ സ്നേഹത്തേയും അല്ലാഹുവിന്റെ സ്നേഹത്താൽ ബലിയർപ്പിക്കുന്ന ആൾക്കല്ലാതെ അങ്ങനെ പ്രവർത്തിക്കാൻ സാധ്യമല്ല. ബാഹ്യമായി നോക്കുമ്പോൾ, തന്റെ ഭാര്യയും മകനും അധികനാൾ ജീവിച്ചിരിക്കുകയില്ലെന്ന് അദ്ദേഹത്തിന് തോന്നിയിട്ടുണ്ടാകും. കുറച്ച് ദിവസത്തിനുശേഷം അവരുടെ മരണം ഉറപ്പാണെന്ന് അദ്ദേഹം

കാണുന്നുണ്ടായിരുന്നു. അതുകൊണ്ടാണല്ലോ, വികാരനിർഭരനായ അദ്ദേഹത്തിന് ഖദീജയുടെ ചോദ്യത്തിന് മറുപടി പറയാൻപറ്റാതെ, മുകളിലേക്ക് വിരൽചൂണ്ടി ആംഗ്യത്തിലൂടെ മറുപടി പറയേണ്ടിവന്നത്. പക്ഷേ, ഹദ്റത്ത് ഹാജറയുടെയും ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ കഴുത്ത് മുന്നോട്ട്വെച്ചുകൊടുക്കാൻ തയ്യാറായി. ഈ സമ്പൂർണ്ണമായ അനുസരണത്തിന്റെ ആത്മാവായിരുന്നു ബലി കൊടുക്കാൻ അവരെ തയ്യാറാക്കിയത്.

അത്തരം ബലിയ്ക്ക് മറ്റു വാക്കുകളിൽ പറയുന്ന പേര് ഇസ്ലാം എന്നാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിരിക്കുന്നു. ആ കുടുംബത്തിന്റെ ഈ ബലിയും പരിപൂർണ്ണമായ അനുസരണവും അല്ലാഹു സ്വീകരിച്ചു. അവർക്ക് ഒരു സ്ഥാനവും കൊടുത്തു. ഈ ബലിയെ അല്ലാഹു പാഴാക്കിക്കളഞ്ഞില്ല. പ്രതിഫലം നല്കാതെ വിട്ടുകളഞ്ഞില്ല. മാതാവും പുത്രനും സുരക്ഷിതരായി എന്നുമാത്രമല്ല, കുറച്ചുകാലത്തിനുശേഷം അവരുടെ ചുറ്റും ജനവാസമുണ്ടാകാനും തുടങ്ങി. പിന്നീട് അല്ലാഹു മണലാരണ്യത്തിൽ മറഞ്ഞുകിടന്നിരുന്ന ഏറ്റവും പഴയ ദേവാലയത്തിന്റെ അടിത്തറ അദ്ദേഹത്തിന് കാണിച്ചുകൊടുക്കുകയും അത് പുനർനിർമ്മിക്കാൻ കല്പിക്കുകയും ചെയ്തു. ഹദ്റത്ത് ഇബ്റാഹീം (അ) വീണ്ടും വന്നപ്പോൾ, ഹദ്റത്ത് ഇസ്മായീൽ (അ) യുമായി ചേർന്ന് അതിന്റെ നിർമ്മാണപ്രവൃത്തി തുടങ്ങി. അങ്ങനെ ഈ പിതാവും പുത്രനും അത് നിർമ്മിക്കുമ്പോൾ ജോലിയെടുക്കുന്നതിനോടൊപ്പം അല്ലാഹു അത് സ്വീകരിക്കാൻ അവനോട് പ്രാർത്ഥിക്കുന്നുമുണ്ടായിരുന്നു. ഈ സ്ഥലം എന്നെന്നും ജനവാസമുള്ളതായിരിക്കേണമേ. ജനവാസമുള്ളതായിരുന്നാൽ മാത്രം പോരാ, സമാധാനം പ്രദാനം ചെയ്യുന്ന ഒരു പട്ടണമായി അത് തീരേണമേ. ഇവിടെ രക്തം ചിന്താൻ ഇടയാകരുതേ. ഇവിടുത്തെ വാസികൾക്ക് നിന്നിൽനിന്ന് എല്ലാത്തരം ഫലങ്ങളും കിട്ടിക്കൊണ്ടിരിക്കണമേ. എല്ലാത്തിനെക്കാളുമുപരി ഞങ്ങളേയും നന്മയിൽ നിലനിറുത്തണമേ, നിന്റെ സന്നിധിയിലേക്ക് ത്യാഗങ്ങളുടെ നിലവാരം കരസ്ഥമാക്കിക്കൊണ്ട് വരുന്നവരാക്കിത്തീർക്കേണമേ. ഞങ്ങളെ മാത്രമല്ല, മറിച്ച്, ഞങ്ങളുടെ മക്കളിൽ നിന്നും നിന്നെ പരിപൂർണ്ണമായും അനുസരിക്കുന്നവരും ബലിയർപ്പിക്കുന്നവരും ജനിച്ചുകൊണ്ടിരിക്കേണമേ.

വിശുദ്ധ ഖുർആനിൽ നിന്ന് ഈ പ്രാർത്ഥന നമുക്ക് ലഭിക്കുന്നുണ്ട്. ഹദ്റത്ത് ഇബ്റാഹീമും, ഹദ്റത്ത് ഇസ്മായീലും ഇങ്ങനെ പ്രാർത്ഥിച്ചിരുന്നതായി അതു പറയുന്നു.

*"ഞങ്ങളുടെ നാഥാ! നീ ഞങ്ങളിരുവരെയും നിന്നെ അനുസരിക്കുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിന്നെ അനുസരിക്കുന്ന ഒരു സമുദായത്തെ എഴുന്നേല്പിക്കുകയും ചെയ്യേണമേ! ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാവിധങ്ങൾ നീ കാണിച്ചുതരേണമേ! ഞങ്ങളുടെ നേരെ കാരുണ്യത്തോടെ തിരിയേണമേ! നിശ്ചയമായും വളരെയധികം ശ്രദ്ധതിരിക്കുന്നവനും കരുണാമയനും നീ തന്നെയാണല്ലോ"* (2:129).

ഇതായിരുന്നു അവരുടെ ദുആ. അതായത്, ഞങ്ങൾക്ക് നിന്റെ തൃപ്തി കരസ്ഥമാക്കുന്ന രീതിയിലേക്ക് മാർഗ്ഗദർശനം നല്കിക്കൊണ്ടിരിക്കേണമേ. ആരോരുമില്ലാത്ത മണലാരണ്യത്തിൽ ഉമ്മയും മകനും വസിച്ചുകൊണ്ടും പിതാവ് തന്റെ വാർദ്ധക്യദശയിലുണ്ടായ, തന്റെ കരളിന്റെ കഷ്ണമായ മകനെയും ഭാര്യയേയും ഉപേക്ഷിച്ചുകൊണ്ടും ത്യാഗത്തിന്റെ ഒരു വലിയ മാതൃക സ്ഥാപിച്ചുകഴിഞ്ഞിരുന്നു. അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കിക്കഴിഞ്ഞിരുന്നു. അതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ ഇങ്ങനെ വന്നിരിക്കുന്നു:

*"ഇബ്റാഹീമിനെ അദ്ദേഹത്തിന്റെ നാഥൻ ചില കല്പനകൾ വഴി പരീക്ഷിച്ച സന്ദർഭം. അപ്പോൾ അദ്ദേഹം അവയെ പൂർത്തിയാക്കി. അവൻ പറഞ്ഞു: ഞാൻ നിന്നെ ജനങ്ങൾക്ക് നേതാവാക്കുന്നു"* (2:125).

○

## ദൈവം സംസാരിക്കുന്നു

''അല്ലയോ കേൾവിക്കാരെ, കേട്ടുകൊൾവിൻ! ദൈവം നിങ്ങളിൽ നിന്നും എന്താണ് ആഗ്രഹിക്കുന്നത്. നിങ്ങൾ അവന്റേതായി മാറണം എന്നു തന്നെ. അവനോടൊപ്പം ആരെയും നിങ്ങൾ കൂട്ടുചേർക്കായ്വിൻ. ആകാശത്തിലെന്നല്ല, ഭൂമിയിലും നമ്മുടെ ദൈവം മുമ്പെന്നത്തേയും പോലെ ഇപ്പോഴും ജീവിച്ചിരിക്കുന്ന ദൈവമാണ്. പണ്ടെല്ലാം സംസാരിച്ചുകൊണ്ടിരുന്നതുപോലെ ഇന്നും സംസാരിക്കുന്നവനാകുന്നു. പണ്ടെല്ലാം കേട്ടുകൊണ്ടിരിക്കുന്നതുപോലെ ഇപ്പോഴും കേൾക്കുന്നവനും തന്നെ. അവൻ കേൾക്കുന്നവനാണെങ്കിലും ഇപ്പോൾ സംസാരിക്കുന്നില്ല എന്നത് വ്യർത്ഥവിചാരം മാത്രമാകുന്നു. ***ഹ: അഹ്മദ് (അ) അൽവസിയ്യത്ത്***

ലേഖനം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
ഖലീഫത്തുൽ മസീഹ് IV

# ആഗോളശക്തികളുടെ നാശം

## ധാർമ്മികതയെയും നീതിയേയും അവഗണിച്ചുകൊണ്ട് മുന്നേറുന്ന ലോകശക്തികൾ അവസാനം നാശം കണ്ടെത്തുമെന്നാണ് ഖുർആന്റെ താക്കീത്

ഏഴാം നൂറ്റാണ്ടിലെ ജനങ്ങൾക്ക് അത്തരത്തിൽ മാരകമായ മേഘങ്ങളെക്കുറിച്ചോ ധൂമങ്ങളെക്കുറിച്ചോ (ന്യൂക്ലിയർ മേഘങ്ങൾ) മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. അത് അവരുടെ ഗ്രാഹ്യശക്തിക്കതീതമായിരുന്നു. ഇക്കാലത്ത് നമുക്ക് ആണവ വിസ്ഫോടനത്തെക്കുറിച്ചും അത് ഉൽപ്പാദിപ്പിക്കുന്ന റേഡിയോ പ്രസരണമുള്ള മേഘങ്ങളെക്കുറിച്ചുമറിയാം.

വിധി നിർണ്ണായകമായ ഈ വിവരണം മറ്റൊരു ഖുർആൻ വചനത്തിലും നമുക്ക് വായിക്കാം.

***ആ ദിവസം നിഷേധികൾക്ക് മഹാനാശം.*** (77:16)

ആ ദിവസം എന്നത് വിധിനാൾ എന്ന് പറയാവുന്നതാണ്. പക്ഷേ, അത് ഭൂമിയിലെ ഒരു ദിവസത്തേയും സൂചിപ്പിക്കുന്നു. ദൃഷ്ടാന്തങ്ങളിലുള്ള വിശ്വാസത്തെ നിഷേധിക്കുന്നവർ മാരകമായ ധൂമത്താൽ ശിക്ഷിക്കപ്പെടുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനടിയിലുള്ള യാതൊന്നിനേയും അത് വിട്ടു കളയില്ല. ആ നിഴൽ ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിക്കുന്നതായിരിക്കും. അത് യാതൊരുവിധ ആശ്വാസവും നൽകില്ല എന്നു മാത്രമല്ല നാശം മാത്രം നൽകുന്ന ഒരു നിഴലായിരിക്കുമത്. അതിഭയാനകമായ തോതിലുള്ള ശിക്ഷക്ക് സാക്ഷ്യം വഹിക്കുന്ന ഒരു കാലഘട്ടമായിരിക്കുമത്. മനുഷ്യൻ അവസാനം ഈ അസഹനീയമായ ശിക്ഷയിൽ നിന്ന് രക്ഷിക്കാൻ ദൈവത്തോട് യാചിച്ചുകൊണ്ട് അവനിലേക്ക് തിരിയുന്നതാണ്. പക്ഷേ, അല്ലാഹുവിന്റെ കോപം ജനങ്ങൾക്ക് മേൽ പതിക്കുമ്പോൾ മാപ്പിന്റേയും മോചനത്തിന്റേയും സമയം കഴിഞ്ഞു പോയിട്ടുണ്ടാവും. അതാണ് ഖുർആൻ വിവരിക്കുന്നത്.

***'അവർക്ക് എങ്ങനെ ഉപദേശം പ്രയോജനപ്പെടും. സകല കാര്യങ്ങളും സ്പഷ്ടമായി വിവരിച്ചു കൊടുക്കുന്ന പ്രവാചകൻ അവർക്ക് വന്നു കഴിഞ്ഞിട്ടുണ്ടല്ലോ? എന്നിട്ട് അവൻ പഠിപ്പിക്കപ്പെട്ടവനാണ്, ബാധയേറ്റവനാണ് എന്ന് പറഞ്ഞ് അദ്ദേഹത്തിൽ നിന്ന് അവർ പിന്തിരിഞ്ഞു കളഞ്ഞു.*** (44:14-15)

പ്രവാചകന്മാരുടെ താക്കീത് മനുഷ്യനെ വരാനിരിക്കുന്ന വമ്പിച്ച വിപത്തിനെപറ്റി ഒന്നുണർത്താൻ വേണ്ടി മാത്രമുള്ളതാണ്. പക്ഷേ, അതിന്റെ അനന്തരഫലങ്ങളുടെ ഉത്തരവാദി മനുഷ്യൻ മാത്രമാണ്. മേൽപറഞ്ഞ പ്രവചനം വ്യക്തമായും നമ്മുടെ കാലഘട്ടവുമായി ബന്ധപ്പെട്ടതാണ്. ആ പ്രവചനങ്ങളിൽ പറയപ്പെട്ട കാര്യങ്ങളെപറ്റി പണ്ട് കാലത്തെ ജനങ്ങൾക്ക് യാതൊന്നുമറിയില്ലായിരുന്നു. ഇത്തരം പ്രവചനങ്ങളുടെ എല്ലാ കാര്യങ്ങളുടേയും വിശദാംശങ്ങൾ റസൂൽ തിരുമേനി(സ)ക്ക് ദൈവം വെളിപ്പെടുത്തിയിരുന്നുവോ എന്ന് ആരും അത്ഭുതപ്പെട്ടുപോകും. എന്നാൽ വിധിയുടെ വിശാലമായ പാവക്കൂത്ത്ശാലയിൽ പ്രവചനാത്മകമായ പാവക്കൂത്ത് കാണുന്ന ഒരാളെ പോലെ ഭാവി സംഭവങ്ങളെപറ്റിയുള്ള അദ്ദേഹത്തിന്റെ വിവരണം അവയെപറ്റി ശക്തമായ ഒരു പ്രതീതി ബോധം മാത്രമേ നൽകൂ. എങ്കിലും ഈ പ്രവചനങ്ങളുടെ സാക്ഷാത്കാരത്തിന് ആയിരം വർഷങ്ങൾക്ക് മുമ്പേ മനുഷ്യവംശം കാത്തിരിക്കേണ്ടതുണ്ടായിരുന്നു. എന്നാൽ, അദൃശ്യലോകത്തുനിന്ന് ദൃശ്യലോകത്തേക്കുള്ള ഈ സംഭവങ്ങളുടെ യഥാർത്ഥ മാറ്റം സാധ്യമായത് നമ്മുടെ കാലഘട്ടത്തിലെ ന്യൂക്ലിയർ യുഗത്തിലാണ്.

ആണവ വിപത്തിന്റെ ആധിക്യം അത്യന്തം സ്തോഭജനകമാണ്. എന്നിട്ടും ഈ തിന്മയുടെ അടിവേരിനെ പറ്റി തിരിച്ചറിയാനും അതിനെ

പറ്റി ഗവേഷണം നടത്തുവാനും മനുഷ്യൻ കുറഞ്ഞ ശ്രദ്ധ മാത്രമേ കാണിക്കുന്നുള്ളൂ. സംഗതികളുടെ ഉപരിതലത്തിൽ നിന്ന് മനുഷ്യന്റെ കാഴ്ച, വസ്തുതകളുടെ അഗാധത ലങ്ങളിലേക്ക് ചിലപ്പോൾ മാത്രമേ ചെന്നെത്താറുള്ളൂ. ചില ആളുകൾക്ക് മാത്രമേ സ്വയം ആത്മപരിശോധന നടത്തി അവരുടെ മറഞ്ഞിരിക്കുന്ന തിന്മയുടെ പ്രേരണകളെ കണ്ടെത്താനാവൂ. മനുഷ്യന്റെ വക്രതയുമായി പ്രത്യേക രീതിയിൽ ബന്ധപ്പെട്ട ഒരു തരത്തിലുള്ള അന്ധതയാണിത്. യാതനകളും നാശവും മനുഷ്യനു ചുറ്റം പരക്കാൻ അവൻ തന്നെയാണ് കാരണക്കാരൻ എന്നു വരുമ്പോഴെല്ലാം അതിനു പിന്നിൽ തന്റെ സ്വന്തം കൈകൾ സൃഷ്ടിച്ച വിനകൾ മനുഷ്യൻ തിരിച്ചറിയുന്നില്ല.

ആഗോളതലത്തിൽ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഇത്തരത്തിലുള്ള വിപത്തുകളുടെ കണ്ണികളെപ്പറ്റിയാണ് നാമിപ്പോൾ ചർച്ച ചെയ്തു കൊണ്ടിരിക്കുന്നത്. ഒരു ശാസ്ത്രജ്ഞൻ ന്യൂക്ലിയർ വിസ്ഫോടനം എന്ന പ്രതിഭാസത്തിന്റെ പിന്നിലുള്ള കാര്യങ്ങളുടെ ഭൗതികവും ശാസ്ത്രീയവുമായ കാരണങ്ങളെക്കുറിച്ചായിരിക്കും സംസാരിക്കുക. എന്നാൽ ഇത്തരം അതീവ നാശം വരുത്തുന്ന ഉപാധികൾ മനുഷ്യന്റെ സമാധാനത്തിന് ഭംഗമുണ്ടാക്കുമ്പോൾ അത് നിർമ്മിക്കുന്ന ശാസ്ത്രജ്ഞന്മാരെയല്ല കുറ്റപ്പെടുത്തേണ്ടത്. ഇതിന്റെ മൂലകാരണം മറ്റെവിടെയോയാണ്. അത്തരത്തിൽ ആഗോളമാനങ്ങളുള്ള ക്രൂരവും വിവേകശൂന്യവുമായ തീരുമാനങ്ങളുടെ ഉത്തരവാദിത്വം ആഗോള ശക്തികൽക്കാണുള്ളത്. ശാസ്ത്രജ്ഞന്മാർ എത്ര തന്നെ വലിയവരായാലും ശരി അവർ തികച്ചും സ്വാർത്ഥമതികളായ പൊതുജനശക്തിയുടെ ഇരയല്ലാതെ മറ്റൊന്നുമല്ല.

വിശുദ്ധഖുർആൻ അങ്ങേയറ്റത്തെ സൂക്ഷ്മതയോടെ ചില ശാസ്ത്രീയ പ്രതിഭാസങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ടെങ്കിലും അത് ഒരിക്കലും കേവലം ഒരു ശാസ്ത്രാദ്ധ്യാപകന്റെ പങ്കല്ല നിർവ്വഹിക്കുന്നത്. അതിനെക്കാളുപരി വികലമായ മനുഷ്യസ്വഭാവത്തിന്റെ അധാർമ്മികതയിലേക്കാണ് ഖുർആൻ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ശാസ്ത്രാദ്ധ്യാപകൻ തീർച്ചയായും കാഞ്ചിയുടെ പ്രവർത്തനങ്ങളെപറ്റി വിവരിക്കുന്നുണ്ട്. പക്ഷേ, നമ്മുടെ ശ്രദ്ധയെ കാഞ്ചി വലിക്കുന്ന വിരലുകളിലേക്കാണ് ഖുർ ആൻ നയിക്കുന്നത്. ഇതാണ് ഖുർ ആനിക താക്കീതുകളുടെ ഉദ്ദേശ്യം. അതുപോലെ ഖുർആൻ ആവർ ത്തിച്ചു പ്രഖ്യാപിക്കുന്ന സംഗതി, മനുഷ്യനു മേൽ ചെയ്യപ്പെടുന്ന എല്ലാ അത്യാചാരങ്ങൾക്കും ഉത്തരവാദി മനുഷ്യൻ തന്നെയാണ് എന്നാണ്. അതിനാൽ ഖുർആനിക വീക്ഷണമനുസരിച്ച് പ്രതിരോധ നടപടികൾ മനുഷ്യന്റെ സ്വഭാവത്തിന്റെ പരിഷ്കരണവുമായി ബന്ധപ്പെട്ടതാണ്. ജനങ്ങൾ ദൈവികമായ മാർഗ്ഗനിർദ്ദേശമനുസരിച്ച് അവരുടെ സ്വഭാവം മാറ്റുകയും അവർ സ്വയം തന്നെ പരിഷ്ക്കരിക്കുകയും ചെയ്താൽ ഇത് നീതിയും ന്യായവും പുലരാൻ ആവശ്യമായ ആരോഗ്യകരമായ ഒരു കാലാവസ്ഥ സൃഷ്ടിക്കുമെന്ന് ഖുർആൻ പ്രസ്താവിക്കുന്നു.

ഖുർആനിക പ്രവചനങ്ങളുടെ പ്രകാശ ഗോപുരം, നാവികന് ഏത് പാറയെയാണ് ഒഴിവാക്കേണ്ടതെന്നും ഏത് വഴിയിലൂടെയാണ് സഞ്ചരിക്കേണ്ടതെന്നും വ്യക്തമായും കാണിച്ചുതരുന്നു. എന്നിട്ടും മനുഷ്യപ്രവർത്തനങ്ങളുടെ കപ്പൽ നിയന്ത്രിക്കുന്നവർ ഈ താക്കീതുകളോർത്ത് അപകടങ്ങളെ തരണം ചെയ്ത് ശാന്തിയുടെ തീരമണയുന്നത് എത്ര മാത്രം അസംഭാവ്യമാണ്. ഇവിടെ തന്നെയാണ് ദുരന്തങ്ങളുടെ മൂലകാരണം സ്ഥിതിചെയ്യുന്നത്. മനുഷ്യൻ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പ്രായോഗികമായ ഒരു പരിഹാരം കാണണമെങ്കിൽ അവന്റെ പ്രവർ ത്തനങ്ങളുടെ ഓരോ തലത്തിലും വിമർശനാത്മകവും യാഥാർത്ഥ്യബോധത്തോടുകൂടിയതുമായ വിശകലനങ്ങൾ നടത്തേണ്ടതുണ്ട്. ലളിതമായി പറഞ്ഞാൽ സത്യസന്ധത, ആർജ്ജവം, നീതി, ന്യായം, പരജനകാംക്ഷ, കഷ്ടപ്പെടുന്നവരോടുള്ള അനുതാപം പൊതുവെ നന്മയോടുള്ള പ്രതിബദ്ധത മുതലായ മനുഷ്യന്റെ അടിസ്ഥാന മൂല്യങ്ങൾ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. മനുഷ്യ ബന്ധങ്ങളിൽ നിന്ന് ഈ മൂല്യങ്ങളെല്ലാം പുറന്തള്ളപ്പെടുകയാണെങ്കിൽ നിങ്ങളെ ഗ്രസിക്കുന്ന വിപത്തിനെ നിങ്ങൾ കാത്തിരിക്കുക. അതൊന്നുമാത്രമാണ് ഇക്കാര്യത്തിലുള്ള യുക്തിപരമായ പരിസമാപ്തി.

സൂറഃ അൽഖമറിൽ (അദ്ധ്യായം 54) പൗരാണിക ജനതയുടെ ചരിത്രം വിവരിക്കുന്നുണ്ട്. അവരുടെ കാലത്ത് അയക്കപ്പെട്ട ദൈവദൂതന്റെ താക്കീതുകൾ അവർ ചെവിക്കൊണ്ടില്ല. അതിന്റെ ഫലമായി അവർക്ക് വാഗ്ദാനം ചെയ്ത ദാരുണമായ അന്ത്യത്തിന് ചരിത്രം സാക്ഷ്യം വഹിക്കുകയുണ്ടായി. സമയം കഴിഞ്ഞ അവരുടെ പശ്ചാത്താപം കൊണ്ട് യാതൊരു ഫലവുമുണ്ടായില്ല. താക്കീതുകളുടെ ഉദ്ദേശ്യം ഭാവിതലമുറ അതിനെക്കുറിച്ച് ചിന്തിക്കാനാണ്. അവരെ പിന്തുടർന്നു വരുന്ന തലമുറ തങ്ങൾക്ക് മുമ്പേ മരിച്ചൊടുങ്ങിയ ജനതകളിൽ നിന്ന് പാഠം പഠിച്ചേക്കാമെന്നത് കൊണ്ടാണ് ഖുർ

ആൻ അവരുടെ ചരിത്രങ്ങളിലേക്ക് വിരൽ ചൂണ്ടുന്നത്.

*ശക്തമായ താക്കീതു ഉൾക്കൊള്ളുന്ന ചില വൃത്താന്തങ്ങൾ അവർക്ക് വന്നെത്തിയിട്ടുണ്ട്. സമ്പൂർണ്ണമായ തത്ത്വജ്ഞാനമാണത്. എന്നിട്ട് ആ താക്കീതുകൾ അവർക്ക് പ്രയോജനമൊന്നും ചെയ്തില്ല.* (54:5–6)

ജനങ്ങൾ അവരുടെ പാഠം പഠിച്ചില്ലെങ്കിൽ അതിന്റെ ഫലമായി അവരെ കാത്തിരിക്കുന്ന വിപത്ത് അവരുടെ മേൽ പതിക്കുന്നു. അവർ തന്നെയാണ് അതിന്റെ കുറ്റക്കാർ.

നാം ചർച്ച ചെയ്യുന്ന ആണവ കൂട്ടക്കൊലയെ സംബന്ധിച്ച അതിന്റെ ആത്യന്തികമായ പരിണിതിയുമായി ബന്ധപ്പെടുത്തി സൂറഃ ത്വാഹ (അദ്ധ്യായം 20)യിലും ചർച്ച ചെയ്യുന്നുണ്ട്. ഈ വചനത്തിന്റെ വിവക്ഷിതം ഒരു കാര്യം വ്യക്തമാക്കുന്നു. ആ കാലത്തെ ലോകശക്തികളുടെ അഹങ്കാരവും ദുരഭിമാനവുമാണ് തകർക്കപ്പെടുക. അതുപോലെ മനുഷ്യവംശം ഒന്നാകെ തുടച്ചു നീക്കപ്പെടുന്നതല്ല.

ഈ പ്രസക്തമായ വചനം വ്യക്തമായും പ്രവചിക്കുന്നത് ഇത് മനുഷ്യവംശത്തിന്റെ അന്ത്യത്തെ കുറിക്കുന്ന ഒരു ബിന്ദുവല്ല എന്നാണ്. അഹങ്കാരികളായ രാഷ്ട്രീയ ശക്തികളുടെ പ്രതാപം തകർന്നു തരിപ്പണമാവുകയും നിലംപതിക്കുകയും ചെയ്യും. അവരുടെ കുഴിമാടത്തിൽ നിന്നുമാണ് പുതിയ ലോകക്രമം സംജാതമാവുക. പർവ്വതം പോലെയുള്ള വൻശക്തികൾ ധൂളിക്കപ്പെടുകയും വിശാലമായ മണൽ പരപ്പിൽ അത് തട്ടിനിരപ്പാക്കപ്പെടുകയും ചെയ്യും. പർവ്വത സമാനമായിരുന്ന ആ വൻശക്തികളുടെ ഉയർച്ചതാഴ്ചയോ, മുന്നണിയോ പിന്നണിയോ നിങ്ങൾക്ക് കണ്ടെത്താൻ സാധ്യമല്ല.

*മലകളെ സംബന്ധിച്ച് അവർ നിന്നോട് ചോദിക്കുന്നു. അപ്പോൾ നീ പറയുക. എന്റെ നാഥൻ അവയെ തകർത്തു തരിപ്പണമാക്കികളയും. എന്നിട്ട് അതിനെ നിരന്ന മൈതാനമാക്കി വിട്ടുകളയും. അതിൽ വളവോ തിരിവോ ഉയർച്ചയോ നീ കാണുകയില്ല. അന്ന് അവർ വിളിയാളനെ പിൻപറ്റും. അവിടെ നിന്ന് അവർക്ക് ഒരു വ്യതിയാനവും ഉണ്ടായിരിക്കുന്നതല്ല. എല്ലാ ശബ്ദങ്ങളും പരമകാരുണികനെതിരെ അടങ്ങിപ്പോകും. അപ്പോൾ നേരിയ കാൽ പെരുമാറ്റമല്ലാതെ നീ കേൾക്കുകയില്ല. (20:106-109)*

ദൈവമാണ് ഏറ്റവും നല്ല സമനിരപ്പാക്കുന്നവൻ. അവന്റെ കരങ്ങളാണ് അത്ഭുതകരമായ ഈ പരിവർത്തനങ്ങൾ ഉണ്ടാക്കുന്നത്. പർവ്വതം എന്നത് ഭാഷാശൈലി മാത്രമാണ്. അത് ശക്തമായ രാഷ്ട്രങ്ങളേയും, ദേശീയതകളേയും, ജനങ്ങളേയും സൂചിപ്പിക്കുന്നു. ഒരിക്കൽ അവരുടെ അഹങ്കാരം തകർ ക്കപ്പെട്ടാൽ അവർ അവസാനം എളിമയിലും നേർവഴിയിലുമായി വരുമെന്ന് ഖുർആൻ പ്രവചിക്കുന്നു. ആ അവസ്ഥയിൽ മാത്രമേ അവർ ദൈവത്തിന്റെ എളിയവനായ വിളിയാളിന്റെ വിളിയോട് പ്രതികരിക്കുകയുള്ളൂ. അവർക്കപ്പോൾ യാതൊരുവിധ വക്രതയും ഉണ്ടായിരിക്കുകയില്ല. ഇവിടെ വിവരിക്കപ്പെട്ട രീതിയിലുള്ള നാശം നൂറുക്കണക്കിന് ന്യൂക്ലിയർ വിസ്ഫോടനങ്ങളിലൂടെ സംഭവിക്കുന്ന ന്യൂക്ലിയർ ഹോളോകാസ്റ്റിൽ നിന്ന് മാത്രമേ സംഭവിക്കുകയുള്ളൂ. അതിലടങ്ങിയിരിക്കുന്ന തത്ത്വമെന്തെന്നാൽ മനുഷ്യൻ അവനുള്ള ഒരു പാഠവും പഠിക്കുന്നില്ല എന്നാണ്. അതിനാൽ ഇത്തരം കൊടുംവിപത്തിന്റെ ഭാരത്താൽ അവന്റെ ഔദ്ധത്യത്തിൽ ഉയർന്നു നിൽക്കുന്ന ശിരസ്സ് താഴേണ്ടതുണ്ട്.

താക്കീതിന്റെ ഈ വിഷാദാത്മകമായ സന്ദേശത്തോടുകൂടി തന്നെ മനുഷ്യരാശി അന്തിമമായി അതിജീവിക്കുമെന്നും പ്രകാശത്തിന്റെ പുതുയുഗ നാന്ദി കുറിക്കപ്പെടുമെന്നുമുള്ള ശോഭനമായ പ്രതീക്ഷയുടെ സന്ദേശവും ഖുർആൻ നൽകുന്നു. അതിനു മുമ്പേ മനുഷ്യൻ അവന്റെ വഴികൾ നന്നാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ, അവന്റെ വ്യതിചലനത്തിനും അത്യാചാരത്തിനും ദൈവത്തിൽ നിന്നുമുള്ള ഫലങ്ങൾ ചുരുങ്ങിയ പക്ഷം അവൻ അനുഭവിച്ചതിന് ശേഷമെങ്കിലും അവൻ പാഠം പഠിക്കുന്നതാണ്.

മറ്റൊരു അദ്ധ്യായത്തിൽ ഘോരമായ രീതിയിലുള്ള ഭൂമിശാസ്ത്രപരവും കാലാവസ്ഥാപരവുമായ പ്രധാന മാറ്റങ്ങളെ സംബന്ധിച്ച് ഖുർആൻ സംസാരിക്കുന്നു. നിരവധി ഭൂമേഖലകളും, രാജ്യങ്ങളും ഭൂഖണ്ഡങ്ങളും ജനശൂന്യമായി പോവും. ഇത് ഒരുപക്ഷേ സംഭവിക്കുക നാം ചർച്ച ചെയ്ത ന്യൂക്ലിയർ ഹോളോകാസ്റ്റിന് ശേഷമായിരിക്കും. ന്യൂക്ലിയർ ഹോളോകാസ്റ്റ് സംഭവിക്കുന്നതിന് മുമ്പേ അതേ ഭൂമി അതിന്റെ കണ്ണഞ്ചിപ്പിക്കുന്ന സൗന്ദര്യധാരാളിത്വത്തിൽ ലോകത്തിലെ ഏറ്റവും രമണീയവും മനോഹരവുമായ സ്ഥലമായി വർണ്ണിക്കപ്പെട്ടവയായിരിക്കും. എല്ലാ ഖുർആനിക പ്രവചനങ്ങളിലും വെച്ച് ഈയൊരു പ്രവചനം മാത്രം സംഭവിക്കരുതേ എന്ന് നാം ആഗ്രഹിച്ചു പോവുന്നു. ഈയൊരാഗ്രഹം ഒരിക്കലും ഖുർആനിക പ്രവചനങ്ങളിലെ താക്കീതുകളോടുള്ള ബഹുമാനക്കുറവിന്റെ അടയാളമല്ല. അത് എല്ലാറ്റിനേയും വലയം ചെയ്തു നിൽക്കുന്ന ദൈവത്തിന്റെ അത്യുന്നതമായ ഔദാര്യത്തിലുള്ള നമ്മുടെ വിശ്വാസത്തിൽ നിന്ന് ഉത്ഭവം കൊള്ളുന്നതാണ്. അവൻ പരമകാരുണി

കനും കരുണാവാരിധിയുമാണ്. എല്ലാ താക്കീതുകളും അതെത്ര തന്നെ വ്യക്തമായിരുന്നതായാലും ശരി മനുഷ്യന്റെ പ്രതികരണത്തിനനുസരിച്ച് സോപാധികമായിരിക്കും. യോനാ (അ) പ്രവാചകന്റെ ജനതയുടെ അടയാളം നമ്മുടെ മുമ്പിലുണ്ട്. അവർ ദൈവത്തിന്റെ ക്രോധത്തിന് പാത്രമായതിന്ശേഷം അഗാധമായ പശ്ചാത്താപബോധത്താൽ ദൈവത്തെകൊള്ളേ തിരിഞ്ഞു. അത് നമ്മിൽ ആശ്വാസത്തിന്റെ തിരി തെളിയിക്കുന്നു. മനുഷ്യന്റെ ധാർമ്മിക മൂല്യങ്ങളുടെ നിരന്തരമായ ശോഷണത്തിന്റെ ഇന്ന ത്തെ പശ്ചാത്തലത്തിൽ ഒരു ശുഭാ പ്തി വിശ്വാസം വെച്ചുപുലർത്താൻ യഥാർത്ഥത്തിലുള്ള യാതൊരു ന്യായീകരണവുമില്ല. ഇത്തരത്തിലുള്ള പശ്ചാത്താപം മാത്രമാണ് പ്രതീക്ഷകൾ നൽകുന്നത്. ചുറ്റുപാടുമുള്ളതെല്ലാം നിരാശയുടെ ഭീതി പൂണ്ട കാളരാത്രികളാണ്. അഗാധമായ വേരുകളുള്ള ഈ രോഗത്തിന്റെ ശമനത്തിന് ദൈവവിശ്വാസമില്ലാത്ത രക്ഷകന്മാരുടെ കൈയ്യിൽ മരുന്നുകളില്ല. അതിന്റെ ശമനം ദൈവത്തിന്റെ കരങ്ങളിൽ മാത്രമാണ് നിലകൊള്ളുന്നത്. പക്ഷേ, പ്രാർത്ഥനക്കായി അവന് നേരെ നമ്മുടെ കൈകൾ നീട്ടിയാലെ അത് നമുക്ക് ലഭ്യമാകൂ. ഒരുപക്ഷേ, ആധുനിക മനുഷ്യന് മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു ഭാഷയിലായിരിക്കും നാം സംസാരിക്കുന്നത്. അതിനെതിരെയാണ് മനുഷ്യൻ ചെവി തിരിച്ചു പിടിച്ചിരിക്കുന്നത്. യാഥാർത്ഥ്യം അല്ലാഹുവിനാണ് നന്നായറിയുക!

*('വെളിപാട്, യുക്തി, ജ്ഞാനം, സത്യം' എന്ന പുസ്തകത്തിൽ നിന്ന്)* ○

*(5-ൽ നിന്ന് തുടർച്ച)*

***കയും ചെയ്യുന്നത്, അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തീവ്രപ്രയത്നം ചെയ്യുകയും ചെയ്യുന്നവനെപോലെ നിങ്ങൾ ആകുകയോ? അല്ലാഹുവിന്റെ അടുക്കൽ അവർ തുല്യരാകുകയില്ല. അല്ലാഹു അധർമ്മികളായ ജനതയെ നേർവഴിയിലാക്കുകയില്ല*** (9:19).

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തീവ്രയത്നം ചെയ്യുന്നവർക്കാണ് കഅ്ബ പരിപാലനത്തേക്കാളും സംസം ജലം വിതരണം ചെയ്യുന്നതിനേക്കാളും പുണ്യമെന്ന് അസന്നിഗ്ദമായി പ്രഖ്യാപിക്കുന്ന ഖുർആന്റെ മറ്റൊരു പ്രസ്താവന കൂടി കാണുക.

***'ആദരണീയ ദേവാലയത്തിൽ നിന്ന് അവർ (ആളുകളെ) തടയുന്നുവെന്നിരിക്കെ അല്ലാഹു അവരെ ശിക്ഷിക്കാതിരിക്കാൻ അവർക്ക് എന്തുണ്ട് ന്യായം. അവർ അതിന്റെ യഥാർത്ഥ രക്ഷാധികാരികളല്ല താനും. അതിന്റെ രക്ഷാധികാരികൾ ദോഷബാധയെ സൂക്ഷിക്കുന്നവർ മാത്രമാണ് എന്നാൽ അവരെ അധികമാളുകളും അറിയുന്നില്ല*** (8:35).

ഹജ്ജ് മുടക്കിയവർക്ക് ദൈവത്തിന്റെ ശിക്ഷ ഇറങ്ങാതിരിക്കാൻ ന്യായമൊന്നുമില്ല എന്ന ഖുർആന്റെ താക്കീത് മുസ്‌ലിം ലോകം ശ്രദ്ധാപൂർവ്വം ഗ്രഹിക്കേണ്ട ഒരു പാഠമാണെന്ന് മാത്രം ഉണർത്തുന്നു. ○

---

*(6-ൽ നിന്ന് തുടർച്ച)*

സ്നേഹങ്ങളുടെ സംഗമത്താൽ പ്രചോദിതനായ വ്യക്തി, പരിശുദ്ധാത്മാവാകുന്ന ആ കുഴലിന്റെ മറുഭാഗത്ത് നിലയുറപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ദൈവമഹത്വത്തിന്റെ പ്രകാശം ഈ കുഴലിലൂടെ ആ വ്യക്തിയിലേക്ക് ആവാഹിക്കപ്പെടുകയും ചെയ്യുന്നു. മറ്റൊരുവിധത്തിൽ പറയുകയാണെങ്കിൽ ഉത്സുകമായ ഹൃദയത്തിലേക്ക് മലക്ക് ജിബ്‌രീൽ തന്റെ പ്രകാശോജ്വലമായ നിഴൽ പതിപ്പിക്കുമ്പോൾ തന്റെ രൂപത്തിന്റെ പ്രതിരൂപം ആ ഹൃദയത്തിൽ പതിപ്പിക്കപ്പെടുന്നു. ആകാശത്ത് നിലയുറപ്പിച്ചിട്ടുള്ള ഈ മലക്ക് ജിബ്‌രീലാണെങ്കിൽ ഇങ്ങനെ ഹൃദയത്തിൽ പതിക്കുന്ന അദ്ദേഹത്തിന്റെ പ്രതിരൂപത്തിന്റെ പേരും ജിബ്‌രീൽ എന്നുതന്നെയാണ്. ആ മലക്കിന്റെ നാമം പരിശുദ്ധാത്മാവ് എന്നാണെങ്കിൽ ആ പ്രതിരൂപത്തിന്റെ പേരും പരിശുദ്ധത്മാവ് എന്നു തന്നെയാണ്. മലക്ക് മനുഷ്യന്റെ ഹൃദയത്തിൽ പ്രവേശിക്കുന്നില്ല. മലക്കിന്റെ പ്രതിരൂപമാണ് ഹൃദയത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഉദാഹരണത്തിന് ഒരു ശുദ്ധമായ കണ്ണാടി നിങ്ങൾക്കഭിമുഖമായി വെക്കുകയാണെങ്കിൽ ആ കണ്ണാടിയുടെ ഗുണവും വലിപ്പവുമനുസരിച്ച് നിങ്ങളുടെ രൂപം അതിൽ പ്രത്യക്ഷപ്പെടുന്നു. നിങ്ങളുടെ മുഖവും നിങ്ങളുടെ ശിരസും ശരീരത്തിൽ നിന്ന് വേർപ്പെട്ടു ആ കണ്ണാടിയിൽ സ്ഥാപിക്കപ്പെടുന്നില്ല. അവ നിങ്ങളുടെ ശരീരത്തിൽ തന്നെയുണ്ട്. കണ്ണാടിയിൽ പ്രത്യക്ഷപ്പെട്ടത് അത് കണ്ണാടിയുടെ വലിപ്പത്തിനനുസൃതമായ പ്രതിരൂപം മാത്രമാണ്.

*(തൗസീഹെ മറാം. റൂഹാനി ഖസായിൽ പേ. 85-88)* ○

ലേഖനം

സർ സഫറുല്ലാഹ് ഖാൻ

# നാം മനുഷ്യർ, നാം ഒന്നാണ്

**അല്ലാഹുവിന്റെ സൃഷ്ടികളിൽ വെച്ച് ഏറ്റവും ഉത്തമനാണ് മനുഷ്യൻ. ദൈവം ആദരിച്ച മനുഷ്യന്റെ സമൂഹത്തെ ജാതി മത, വർഗ്ഗഭേദമന്യേ ഒന്നായി സമത്വത്തോടെ കാണാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നു.**

***'തുല്യമായ അന്തസ്സോടും അവകാശങ്ങളോടും കൂടി സ്വതന്ത്രരായിട്ടാണ് എല്ലാ മനുഷ്യരും ജനിക്കുന്നത്. വിവേചനബുദ്ധിയും മനസ്സാക്ഷിയും എല്ലാവർക്കും ജന്മസിദ്ധമായിട്ടുള്ളതാകുന്നു. സാഹോദര്യമനോഭാവത്തോടെ അവർ അന്യോന്യം പെരുമാറേണ്ടതാണ്. വർഗ്ഗം, വർണ്ണം, ലിംഗം, ഭാഷ, മതം, രാഷ്ട്രീയമോ അല്ലാതുള്ളതോ ആയ അഭിപ്രായം, ദേശീയമോ സാമൂഹ്യമോ ആയ ഉല്പത്തി, സ്വത്ത്, ജനനം, പദവി എന്നിങ്ങനെയുള്ള യാതൊരു വ്യത്യാസവും കൂടാതെ സകലരും ഈ പ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും അർഹരാകുന്നു. ഇതിന്നുപുറമെ, യാതൊരാളോടും സ്വതന്ത്രമോ, ട്രസ്റ്റിയായുള്ളതോ, സ്വയംഭരണമില്ലാത്തതോ പരമാധികാരത്തിന്റെ മറ്റേതെങ്കിലും വരുതിയിൽ പെടുന്നതോ ആയ അയാളുടെ രാജ്യത്തിന്റെയോ പ്രദേശത്തിന്റെയോ രാഷ്ട്രീയ സ്വഭാവത്തെയോ അധികാരസീമകളെയോ അന്താരാഷ്ട്രീയ പദവിയെയോ മുൻനിറുത്തി യാതൊരു വിവേചനവും കാണിക്കപ്പെടുന്നില്ല.'*** *(മനുഷ്യാവകാശ പ്രഖ്യാപനത്തിലെ 1, 2 ഖണ്ഡികകൾ)*

ഈ ഖണ്ഡികകൾ മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും സമത്വത്തെയും അന്തസ്സിനെയും കുറിച്ച് ഊന്നിപ്പറയുന്നു. വിവേകവും മനസ്സാക്ഷിയും ഉള്ളവരെന്ന നിലയിൽ മനുഷ്യർ പരസ്പരം സഹോദരത്വേന വർത്തിക്കണം. ആരുടെയും നേരെ വിവേചനപരമായി പെരുമാറുവാനോ അതിന്നനുവദിക്കുനോ പാടുള്ളതല്ല.

സർവ്വസ്രഷ്ടാവായ ദൈവത്തിന്റെ ഏകത്വത്തിൽ നിന്നുത്ഭവിക്കുന്നതാണ്, മനുഷ്യവർഗ്ഗത്തിന്റെ സമത്വം എന്ന് ഖുർആൻ ഘോഷിക്കുന്നു. ഒരൊറ്റ വർഗ്ഗഗണമായി മനുഷ്യനെ സൃഷ്ടിച്ച ദൈവത്തോട് കൂറും വണക്കവും കാണിക്കാൻ എല്ലാ മനുഷ്യരും ബാദ്ധ്യസ്ഥരാകുന്നു. ***''അല്ലയോ മനുഷ്യരെ, നിങ്ങളെയും നിങ്ങൾക്കു മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ വണങ്ങുവിൻ, നിങ്ങൾ സദ്‌വൃത്തരാകാൻ വേണ്ടി; ഭൂമിയെ നിങ്ങൾക്കായി ഒരു മെത്ത പോലെ ഒരുക്കിത്തരികയും, ആകാശത്തെ ഒരു മേലാപ്പുപോലെ ആക്കുകയും മേഘങ്ങളിൽ നിന്ന് മഴ പെയ്യിച്ചുതരികയും അങ്ങനെ, നിങ്ങളുടെ ജീവസന്ധാരണത്തിനുള്ള കായ്കനികൾ പുറപ്പെടുവിക്കുകയും ചെയ്തവൻ അവനത്രെ."*** (2:22-23). സകലവും അവന്റെ സൃഷ്ടികളാകുന്നു. എല്ലാവരും അവന്റെ അനുഗ്രഹവായ്പിൽ നിന്ന് അനുഭവിക്കേണ്ടിവരും. ***"അല്ലയോ മനുഷ്യസമുദായമേ, നിങ്ങളുടെ നാഥനോട് നിങ്ങൾക്കുള്ള കടമയെക്കുറിച്ച് ബോധവാന്മാരായിക്കുവിൻ. ഒരേയൊരു സത്തയിൽ നിന്ന് നിങ്ങളെയും നിങ്ങളുടെ ഇണയേയും സൃഷ്ടിച്ചത് അവനത്രെ. ആ ഇണയിൽ നിന്ന് അസംഖ്യം സ്ത്രീപുരുഷന്മാരെ വ്യാപിപ്പിക്കുകയും ചെയ്തത് അവനാകുന്നു. അല്ലാഹുവിനോടുള്ള നിങ്ങളുടെ കടമയെക്കുറിച്ചോർക്കുവിൻ. അവന്റെ പേരിലല്ലോ നിങ്ങളന്യോന്യം അഭ്യർത്ഥന ചെയ്യുന്നത്. ബന്ധുത്വപരമായ കെട്ടുപാടുകളെക്കുറിച്ച് ബോധമുള്ളവരായിരിക്കുവിൻ"*** (4:2)

മനുഷ്യരെ പരസ്പരം കൂട്ടിയിണക്കുന്ന ബന്ധുത്വപരമായ കെട്ടുപാടുകളിലേക്കും ഒരൊറ്റ വർഗ്ഗഗണമായി മനുഷ്യരെ സൃഷ്ടിച്ച ദൈവത്തിന്റെ അനു

ഗ്രഹ വായ്പിലേക്കുമാണ്, ഈ വാക്യം നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഒരേ ഒരു സ്രഷ്ടാവിന്റെ പടപ്പുകളെന്ന നിലയിൽ ആത്മീയമായി എല്ലാ മനുഷ്യരും പരസ്പരം ബന്ധുക്കളായിരിക്കുന്നതുപോലെ ഒരേ വർഗ്ഗഗണത്തിൽ പെട്ടവരെന്ന നിലയിൽ ഭൗതികമായും അവർ ബന്ധുക്കളാകുന്നു. പ്രഭവസ്ഥാനത്തെയോ പാരമ്പര്യത്തെയോ അടിസ്ഥാനമാക്കി എന്തെങ്കിലും മേന്മ അവകാശപ്പെടാൻ ആർക്കും ഒരു പഴുതും അവശേഷിച്ചിട്ടില്ല.

പൊതുവായ ഉൽപത്തിയെ സംബന്ധിച്ച ഈ വസ്തുത ഒരു ദിവ്യാനുഗ്രഹമെന്നോണം ഖുർആൻ ഊന്നിപ്പറഞ്ഞിരിക്കയാണ്. ***"അല്ലാഹു നിങ്ങളിൽ നിന്നു തന്നെ നിങ്ങൾക്കുള്ള ഇണയെ ഉണ്ടാക്കുകയും, നിങ്ങളുടെ ഇണയിൽ നിന്നു സന്തതികളെയും സന്തതി സന്തതികളെയും സൃഷ്ടിക്കുകയും നിങ്ങൾക്കായി നല്ല വസ്തുക്കൾ പ്രദാനം ചെയ്കയും ചെയ്തു. എന്നിട്ടും, അവർ പൊങ്ങച്ചം തേടിപ്പായുകയും അല്ലാഹുവിന്റെ അനുഗ്രഹത്തെ നിരാകരിക്കുകയും ചെയ്യുന്നുവോ?"*** (16:73)

ജനനം, രാഷ്ട്രം എന്നിങ്ങനെയുള്ളവയെ അടിസ്ഥാനമാക്കി യാതൊരു പ്രത്യേകാവകാശവും ഇസ്ലാം ആർക്കും അനുവദിച്ചിട്ടില്ല. സാത്വികതയിൽ നിന്നാണ് യഥാർത്ഥമായ കുലീനത്വം ഉടലെടുക്കുന്നത്. ***"അല്ലയോ മനുഷ്യരെ, നിങ്ങളെ നാം ആണിൽ നിന്നും പെണ്ണിൽ നിന്നം സൃഷ്ടിച്ചു. പരസ്പരം ഇടപെടുന്നതിനുള്ള സൗകര്യക്കൂടുതലിന്നുവേണ്ടി നിങ്ങളെ ഗോത്രങ്ങളായും ഉപഗോത്രങ്ങളായും തിരിക്കുകയും ചെയ്തു. ദൈവദൃഷ്ടിയിൽ നിങ്ങളിൽ ഏറ്റവും ബഹുമാന്യൻ നിങ്ങളിൽ ഏറ്റവും സാത്വികനാരോ അയാളത്രെ. അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനും ആകുന്നു."*** (49:15)

ദൈവത്തിന്റെ ***"ഭൂമിയിലെ പ്രതിനിധികൾ"*** (35:40) ആയി മനുഷ്യസമുദായത്തെ നിശ്ചയിക്കുകയും കേൾവി, കാഴ്ച, ധാരണ തുടങ്ങിയ അനുയോജ്യമായ കഴിവുകളും ശക്തികളും നല്കി മനുഷ്യനെ ധന്യനാക്കുകയും നിയമത്താൽ ഭരിക്കപ്പെടുന്നതും അനുഗ്രഹപൂർണ്ണവുമായ പ്രപഞ്ചത്തെ അവന്റെ സേവനാർത്ഥം സജ്ജമാക്കുകയും ചെയ്തുകൊണ്ട് ദൈവം മനുഷ്യന് എത്രയും അന്തസ്സാർന്ന ഒരു സ്ഥാനമാണ് നല്കിയിരിക്കുന്നത്. ***"നിശ്ചയമായും നാം മനുഷ്യനെ ഏറ്റവും ഉൽകൃഷ്ടമായ രൂപത്തിൽ സൃഷ്ടിച്ചു."*** (95:5)

***"അവനത്രെ ദൃശ്യത്തെയും അദൃശ്യത്തെയും അറിയുന്നവൻ, പ്രതാപവാൻ, പരമകാരുണികൻ, സൃഷ്ടിച്ചതിനെയെല്ലാം ഉത്തമങ്ങളായി സൃഷ്ടിച്ചവനാരോ അവൻ. മണ്ണിൽ നിന്ന് അവൻ മനുഷ്യന്റെ സൃഷ്ടി ആരംഭിച്ചു പിന്നീട് അവൻ നിസ്സാരമായ ഒരു ദ്രവസത്തിൽ നിന്ന് അവന്റെ സന്തതിയെ ഉണ്ടാക്കി. പിന്നെ, അവൻ അതിന്ന് രൂപസൗഭഗം വരുത്തുകയും തന്റെ ആത്മാവിൽ നിന്ന് അവനിൽ ഊതുകയും ചെയ്തു. കേൾവിയും കാഴ്ചയും ധാരണാശക്തിയും അവൻ നിങ്ങൾക്ക് പ്രദാനം ചെയ്തിരിക്കുന്നു. എന്നാൽ നിങ്ങൾ എത്ര തുച്ഛമായിട്ടാണ് നന്ദി കാട്ടുന്നത്!"*** (32:7-10)

***"ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം നിങ്ങളുടെ സേവനാർത്ഥം അവൻ കീഴ്പ്പെടുത്തി തന്നിരിക്കുന്നു; അവയെല്ലാം അവനിൽ നിന്നുള്ളവയത്രെ. നിശ്ചയമായും ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ അടയാളങ്ങൾ അടങ്ങിയിരിക്കുന്നു."*** (45:41)

***'മനുഷ്യൻ ഇതെല്ലാം അറിയുന്നവനാണ്. സ്വന്തം ആത്മാവിന്നെതിരെ അവൻ ഒരു സാക്ഷിയുമാകുന്നു; തന്റെ ഒഴികഴിവുകൾ അവൻ മുമ്പോട്ടുവെക്കുമെങ്കിലും'*** (75:15,16) ***'എന്തെന്നാൽ സ്വയം ശാസിച്ചുകൊണ്ടേയിരിക്കുന്ന, കുറ്റപ്പെടുത്താൻ കഴിവുള്ളതും തീക്ഷ്ണവുമായ ഒരു സജീവ മനസ്സാക്ഷി അവന്ന് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു.'*** (75:3)

എല്ലാ ഘട്ടങ്ങളിലും സാഹോദര്യത്തിന്റെ അന്തസ്സത്തയെ ഇസ്ലാം ഊന്നിയുറപ്പിക്കുന്നു. മുസ്ലിം സമൂഹത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അത് പരന്നുകിടക്കുകയാണ്. കാരുണ്യവാരിധിയായ ഒരേ സ്രഷ്ടാവിന്റെ സൃഷ്ടികളും സേവകരുമാണ് എല്ലാ മനുഷ്യരുമെന്നും അവന്റെ തൃപ്തിനേടുന്നതിനുവേണ്ടി അവർ സഹോദരത്വേന ഒന്നിച്ചുചേർന്ന് ജീവിക്കണമെന്നുള്ള സത്യത്തിന്റെ പ്രയോഗവൽക്കരണമത്രെ അത്.

***"അല്ലാഹുവിന്റെ പാശം നിങ്ങൾ മുറുകെ പിടിക്കുവിൻ. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നിരിക്കെ അല്ലാഹു നിങ്ങളിൽ കനിഞ്ഞരുളിയ അനുഗ്രഹത്തെ നിങ്ങൾ അനുസ്മരിക്കുവിൻ. അവൻ നിങ്ങളുടെ ഹൃദയങ്ങളെ സ്നേഹത്താൽ ഐക്യപ്പെടുത്തുകയും അവന്റെ അനുഗ്രഹവായ്പിനാൽ നിങ്ങൾ സഹോദരങ്ങളായിത്തീരുകയും ചെയ്തു. നിങ്ങൾ ഒരു അഗ്നികുണ്ഡത്തിന്റെ വക്കത്തായിരുന്നു. അവൻ നിങ്ങളെ അതിൽ നിന്ന് രക്ഷപ്പെടുത്തി. ഇപ്രകാരമാണ് അല്ലാഹു നിങ്ങൾക്ക് കൽപനകളെ വിവരിച്ചുതരുന്നത്. നിങ്ങൾ നേർവഴിയിൽ ചരിക്കുമാറാകാൻ തന്നെ"*** (3:104)

***(ശേഷം 17 - ൽ)***

ലേഖനം

**മുഹമ്മദ് ഉമർ**
**(നാസിർ ഇസ്‌ലാഹൊ ഇർശാദ് - ഖാദിയാൻ)**

# ആത്മീയ സംഗമത്തിലേക്ക് സ്വാഗതം

## ഖാദിയാനിൽ 2009 ഡിസംബർ 26, 27, 28 തിയ്യതികളിൽ നടക്കുന്ന വാർഷിക മഹാസമ്മേളനത്തെപറ്റി ലേഖകൻ വിവരിക്കുന്നു

ദൈവസ്മരണ, ദൈവാരാധന, നിശാനമസ്കാരം, കൂട്ടപ്രാർത്ഥന, വിജ്ഞേയമായ പ്രഭാഷണങ്ങൾ എന്നിവയടങ്ങിയ സാർവ്വദേശീയ വാർഷിക സമ്മേളനം - ജൽസാ സാലാന - 2009 ഡിസംബർ 26, 27, 28 തീയതികളിൽ ഖാദിയാനിൽ വെച്ചു നടക്കുകയാണ്. ഈ ആത്മീയ സംഗമത്തിൽ പങ്കെടുക്കുവാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പതിനായിരക്കണക്കിന് അഹ്മദികളും അല്ലാത്തവരും പങ്കെടുക്കുന്നതാണ്.

ഈ നിസ്തുല്യമായ സമ്മേളനത്തിന്റെ തുടക്കം ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ തൃക്കരങ്ങളാൽ 1891 ഡിസംബറിൽ ഖാദിയാനിൽ വെച്ചു നിർവഹിക്കപ്പെട്ടു. ഈ ആദ്യ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തിരുന്നവർ 75 പേർ മാത്രമായിരുന്നു. അതിന്നുശേഷം ഓരോ വർഷവും ജൽസാ സാലാനയിൽ പങ്കെടുക്കുന്നവർ വർദ്ധിച്ചുവന്നു. 1983ൽ പാക്കിസ്താനിൽ നടന്ന സമ്മേളനത്തിൽ രണ്ടേ മുക്കാൽ ലക്ഷം പേരാണ് പങ്കെടുത്തിരുന്നതെന്നകാര്യം ഇവിടെ പ്രസ്താവ്യമാണ്. എന്നാൽ അഭിനവ ഫിർഔനായ സിയാവുൽഹഖിന്റെ കിരാത നിയമമനുസരിച്ച് പാക്കിസ്താനിൽ ഈ സമ്മേളനം നിരോധിക്കപ്പെടുകയുണ്ടായി. പക്ഷെ, ഇതിന്നുള്ള അല്ലാഹുവിന്റെ മാധുര്യമേറിയ പ്രതികാരമെന്നോണം പാക്കിസ്താനുപുറത്ത് യു.കെ. - ജർമനി - ഫ്രാൻസ് - കനഡ - ബംഗ്ലാദേശ് - ആഫ്രിക്കൻ നാടുകളിൽ ഓരോ വർഷവും സമ്മേളനം സംഘടിപ്പിക്കപ്പെടുകയും ഇതിൽ പതിനായിരക്കണക്കിൽ അഹ്മദികൾ പങ്കെടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു.

1991-ൽ ജൽസാസാലാന ആരംഭിച്ചു ഒരു നൂറ്റാണ്ടു തികയുന്ന അവസരത്തിൽ ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദു സാഹിബ് ഖാദിയാനിൽ ചേർന്ന വാർഷിക സമ്മേളനത്തിൽ പങ്കെടുത്തനുഗ്രഹിക്കുകയുണ്ടായി.

1994ൽ എം.ടി.എ. ആരംഭിക്കപ്പെട്ടതോടുകൂടി യു.കെ., ജർമ്മനി, കാനഡ, ബംഗ്ലാദേശ്, ഇന്ത്യ എന്നിവിടങ്ങളിൽ നടക്കുന്ന വാർഷിക സമ്മേളനങ്ങൾ എം.ടി.എ. മുഖേന ലോകത്തെങ്ങും നേരിട്ടു സംപ്രേഷണം ചെയ്യപ്പെടുന്നതോടുകൂടി ഈ സമ്മേളനപരിപാടികൾ ശ്രദ്ധിക്കുകയും കാണുകയും ചെയ്യുന്നവരുടെ അംഗസംഖ്യ ലക്ഷങ്ങളെ പിന്നിട്ട് കോടികളിലേക്കായി വർദ്ധിച്ചുവന്നിരിക്കുന്നു. വിശിഷ്യ കാലത്തിന്റെ ഖലീഫയുടെ ആത്മീയവും വിജ്ഞേയവുമായ പ്രഭാഷണങ്ങൾ ശ്രദ്ധിക്കുവാൻ കോടികൾ കാതോർത്തുകൊണ്ടിരിക്കുന്നു.

ഈ സാർവ്വദേശീയ വാർഷിക സമ്മേളനത്തിന്റെ മഹത്വം വിവരിച്ചുകൊണ്ട് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു:

"ഈ സമ്മേളനത്തെ സാധാരണ മനുഷ്യർ നടത്തുന്ന സമ്മേളനങ്ങളെപ്പോലെ കരുതരുത്. ഈ മഹത്തായ ഉദ്യമത്തിന്റെ അസ്തിവാരം അല്ലാഹുവിന്റെ പ്രത്യേക പിന്തുണയോടും ഇസ്‌ലാമിന്റെ സന്ദേശം ഔന്നത്യത്തിലെത്തിക്കുന്നതിനുമായി പടുത്തുയർത്തപ്പെട്ടതാണ്. ഈ പ്രസ്ഥാനത്തിന്റെ അസ്തിവാരക്കല്ലും അല്ലാഹു തന്റെ തൃക്കരങ്ങളാൽ വെച്ചിരിക്കുന്നു. ഇതിന്നായി സമുദായങ്ങൾ സജ്ജീകരിക്കപ്പെട്ടിരിക്കുന്നു. അവർ അടുത്തുതന്നെ ഇതിൽ വന്നു ചേരുന്നതായിരിക്കും. ഇത് ആ സർവ്വശക്തന്റെ പണിയാണ്. അവന്റെ മുമ്പാകെ അസംഭവ്യമായതൊന്നും തന്നെയില്ല." (വിളംബരം 7-12-1892)

മറ്റൊരിടത്ത് അരുൾ ചെയ്യുന്നു.

"കഴിയുന്നത്ര എല്ലാ സുഹൃത്തുക്കളും ദൈവീകമായ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിന്നായും പ്രാർത്ഥനകളിൽ പങ്കെടുക്കുന്നതിന്നാ

ച്ചവരോടൊപ്പം അവരെയും എഴുന്നേല്പിക്കപ്പെടുമാറാകട്ടെ. അല്ലാഹുവേ - മഹത്വമുടയവനും ഔദാര്യവാനും കാരുണ്യവാനും പ്രയാസങ്ങളെ ഇല്ലാതാക്കുന്നവനുമായവനേ! നീ ഈ എല്ലാ പ്രാർത്ഥനകളും സ്വീകരിക്കുമാറാകേണമെ!

(വിളംബരം 7-12-1892)

ദൈവപ്രീതിക്കുവേണ്ടി മാത്രം യാത്രാക്ലേശങ്ങൾ സഹിച്ച് ഈ ജൽസയിൽ പങ്കെടുക്കുന്നവർക്ക് അല്ലാഹു നല്ല പ്രതിഫലം നൽകുമാറാകട്ടെ. അവരുടെ ഓരോ കാൽവെപ്പിലും അതിനുള്ള പുണ്യം അവർക്ക് പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ സുമ്മ ആമീൻ

(ആ സ്മാനീ ഫൈസല)

ഈ ആത്മീയ സംഗമം അതിന്റെ എല്ലാ അനുഗ്രഹങ്ങളോടുകൂടി ഖാദിയാനിൽ 2009 ഡിസംബർ 26, 27, 28 തിയ്യതികളിൽ നടക്കുന്നതാണ്. കേരളത്തിലെ ആബാലവൃദ്ധം സത്യവിശ്വാസികൾ കഴിഞ്ഞ വർഷങ്ങളിൽ നൂറുക്കണക്കിൽ പങ്കെടുത്തത് പോലെ ഈ വർഷവും പങ്കെടുക്കുകയും അങ്ങനെ തങ്ങളിൽ പരിശുദ്ധമായ ഒരാത്മീയപരിവർത്തനം വരുത്തുവാൻ ശ്രമിക്കുകയും ചെയ്യേണമെന്നഭ്യർത്ഥിക്കുന്നു. ○

ക്കും." (വിളംബരം 30-12-1891)

"ഈ ജൽസ ലോകത്തു കാണപ്പെടുന്ന മേളകളെപ്പോലെയുള്ള ഒന്നല്ല മറിച്ചു ഇതിന്റെ തയ്യാറെടുപ്പ് സദുദ്ദേശത്തിലും നല്ലഫലങ്ങളിലും അധിഷ്ഠിതമാണ്." ഇത് ലോകത്തുള്ള തമാശകളിൽ പെട്ട ഒരു തമാശയല്ല (മജ്മുആ ഇശ്തിനാമാത്ത്) പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കുന്നവയ്ക്കായി ഹദ്റത്ത് വാഗ്ദത്ത മസീഹ് ഇപ്രകാരം പ്രാർത്ഥിച്ചിരിക്കുന്നു.

"ഈ ദിവ്യസമ്മേളനത്തിൽ പങ്കെടുക്കുവാൻ യാത്രചെയ്യുന്ന ഓരോ മാന്യവ്യക്തിയോടൊപ്പവും അല്ലാഹുത്തആല ഉണ്ടായിരിക്കുമാറാകട്ടെ. അവർക്ക് മഹത്തായ പ്രതിഫലം നൽകുമാറാകട്ടെ. അവരുടെ മേൽ കാരുണ്യം ചൊരിയുമാറാകട്ടെ അവരുടെ പ്രയാസങ്ങളും വ്യാകുലതയുടെ അവസ്ഥകളും അവർക്ക് എളുപ്പമാക്കി കൊടുക്കുമാറാകട്ടെ. അവരുടെ എല്ലാ ദുഃഖങ്ങളും വ്യസനങ്ങളും ദുരപ്പെടുത്തുമാറാകട്ടെ. അവരുടെ എല്ലാ ബുദ്ധിമുട്ടുകളിൽ നിന്നും സുരക്ഷ ലഭിക്കുമാറാകട്ടെ. അവരുടെ ഉദ്ദേശ്യങ്ങളുടെ വഴികൾ അവരുടെ മേൽ തുറക്കപ്പെടുമാറാകട്ടെ. അന്ത്യനാളിൽ അവന്റെ അനുഗ്രഹങ്ങളും കാരുണ്യവും ലഭി

യും ഈ തിയതികളിൽ വന്നുചേരേണ്ടതാണ്. ഈമാനും യഖീനും ദിവ്യജ്ഞാനവും ഔന്നത്യത്തിലെത്തിക്കുന്നതിന്നായി ആവശ്യമായ ബഖാവിയും മഅ്രിഫത്തും കേൾപ്പിക്കുന്നതിനുള്ള ഏർപ്പാടു ചെയ്യപ്പെടുന്നതാണ്. കൂടാതെ സുഹൃത്തുക്കൾക്കായി പ്രത്യേക പ്രാർത്ഥനകളും പ്രത്യേകം ശ്രദ്ധയും അവരെ അല്ലാഹുവിങ്കലേക്ക് ആകർഷിക്കുന്നതിന്നായും അതിന്നായി സ്വീകാര്യത ഉണ്ടാക്കുന്നതിന്നായും പരിശുദ്ധമായ പരിവർത്തനം ഏർപ്പെടുത്തുന്നതിന്നായും അർഹമുർറാഹിമാനായ അല്ലാഹുവിന്റെ തിരുസന്നിധിയിൽ പരിശ്രമിക്കപ്പെടുന്നതായിരിക്കും ഈ സമ്മേളനം കൊണ്ടുള്ള താൽക്കാലികമായ പ്രയോജനം. പുതിയതായി ഈ ജമാഅത്തിൽ ഈ വർഷത്തിൽ പ്രവേശിക്കുന്നവർ തങ്ങൾക്കു മുമ്പ് വന്ന സഹോദരമാരുടെ മുഖം ദർശിക്കുവാൻ സാധിക്കുന്നുവെന്നുള്ളതാണ്. അങ്ങനെ പരിചയപ്പെടുകയും പരസ്പരം സ്നേഹബന്ധം അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നതാണ്. ഈ ആത്മീയസമ്മേളനത്തിൽ വേറെയും പല ആത്മീയമായ പ്രയോജനങ്ങളും ഇൻശാഅല്ലാഹ് കാലക്രമേണ പ്രകടമായിക്കൊണ്ടിരിക്കുന്നതായിരി

*(15-ൽ നിന്ന് തുടർച്ച)*

നബിതിരുമേനി (സ) ഇപ്രകാരം ഉപദേശിച്ചു. ***"നിങ്ങൾ അന്യോന്യം അസൂയപ്പെടുകയോ ദുഷ്ടത പുലർത്തുകയോ അരുത്. പരസ്പരമുള്ള ബന്ധത്തെ മുറിക്കുകയും ചെയ്യരുത്. അല്ലയോ അല്ലാഹുവിന്റെ ദാസരേ, നിങ്ങൾ അന്യോന്യം സഹോദരങ്ങളെപോലെ പെരുമാറുവിൻ" (ബുഖാരി). തിരുനബി (സ) ഇപ്രകാരം ഉണർത്തി. "നിങ്ങൾ പരസ്പരം സഹോദരന്മാരാകുന്നു. നിങ്ങളിൽ ഒരാൾ മറ്റൊരാളുടെ അവകാശങ്ങളെ ഹനിക്കരുത്. അതിക്രമത്തിന്നിരയായവനെ നിസ്സഹായനായി ഉപേക്ഷിക്കയുമരുത്. അതിക്രമത്തിന്നിരയായവനെ സഹായിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നവന് ദൈവം സഹായത്തിനെത്തുമെന്ന് ഓർത്തിരിക്കുവിൻ. സ്വസഹോദരന്റെ ഉൽക്കണ്ഠയകറ്റുവാൻ പണിപ്പെടുന്നവൻ, വിധിനാളിൽ തന്റെ ഉൽക്കണ്ഠ ദൈവം നീക്കിക്കളഞ്ഞതായി കാണുമാറാകും. സ്വസഹോദരന്റെ തെറ്റുകുറ്റങ്ങൾ കണ്ടില്ലെന്ന് വെക്കുന്നവന്റെ തെറ്റുകുറ്റങ്ങൾ അല്ലാഹുവും കണ്ടില്ലെന്നു വെക്കും."*** (തിർമിദി).

***"തനിയ്ക്കുവേണ്ടി താൻ ഇച്ഛിക്കുന്നതിനെ തന്റെ സഹോദരനുവേണ്ടിയും ഇച്ഛിക്കുന്നതുവരെ നിങ്ങളിൽ ആരും വിശ്വാസികളാകയില്ല" എന്നും തിരുനബി (സ) അരുളുകയുണ്ടായി.*** (ബുഖാരി).

***(ശേഷം 23 - ൽ)***

ലേഖനം

എ.എം. മുഹമ്മദ് സലിം

# ഖലീലുല്ലാഹി ഹദ്റത്ത് ഇബ്റാഹീം നബി (അ) യുടെ പൈതൃകം

ഇബ്റാഹിം നബി(അ)യുടെ പൈതൃകത്തെ വംശീയതയിൽ നിന്ന് മോചിപ്പിച്ച് സാർവജനീനമായ ആത്മീയ പൈതൃകമാക്കുകയാണ് ഇസ്‌ലാം ചെയ്തത്.

നാലായിരം വർഷം മുമ്പ് മെസപെട്ടോമിയ (ഇറാക്ക്)യിലെ ഊർ നഗരത്തിൽ ജനിച്ച ഹദ്റത്ത് ഇബ്രാഹീം നബി (അ) കാനാൻ ദേശത്ത് (ഫലസ്തീൻ) കുടിയേറി പാർക്കുകയാണുണ്ടായത്. കുലപതി (Patriach) എന്നാണ് ജൂത ക്രൈസ്തവ ഇസ്‌ലാം മതങ്ങൾ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. അതിൽ യഹൂദർ കടുത്ത വംശീയമായ അർത്ഥത്തിൽ തങ്ങളുടെ മാത്രം ഗോത്ര പിതാവായാണ് ഇബ്രാഹിം നബിയെ (അ)കാണുന്നത്. അതുപോലെ ക്രിസ്ത്യാനികളും. എന്നാൽ മുസ്‌ലിംകൾ ഒരു ആത്മീയക്രമത്തിന്റെ പ്രാരംഭകനും ദൈവത്തിലേക്കുള്ള വിവിധ വംശങ്ങളെ ഒന്നിപ്പിക്കുന്ന വിശാലമായ ഒരു വഴിയായിട്ടാണ് (മില്ലത്ത്) ഹസ്റത്ത് ഇബ്രാഹീം നബി (അ) യെ കാണുന്നത്.

ബൈബിളിൽ ഇബ്റാഹീം നബി(അ)യെ കുറിച്ച് സുദീർഘമായ പ്രതിപാദനങ്ങളുണ്ടായിട്ടും അദ്ദേഹത്തിന്റെ ജീവിതത്തിലെ പല നിർണ്ണായക സംഭവങ്ങളെ ക്കുറിച്ചും ആ ഗ്രന്ഥം ഏറെ ക്കുറെ മൗനം പാലിക്കുകയാണ്. ഇബ്റാഹിം (അ)മിന്റെ ലൗകിക വ്യവഹാരങ്ങളെക്കുറിച്ച് വിവരിക്കുന്ന ബൈബിളിൽ അദ്ദേഹത്തിന്റെ സാത്വികതക്ക് അപകീർത്തികരമായ പല പ്രതിപാദനങ്ങളും കാണാം. ഖുർആൻ ഇബ്റാഹിം നബി (അ) യുടെ ചരിത്രത്തിലേക്കും അദ്ദേഹത്തിന്റെ പരുശുദ്ധ ജീവിതത്തിലേക്കും അദ്ധ്യാപനങ്ങളിലേക്കും അതിഗഹനമായ രീതിയിൽ കുറഞ്ഞ വാക്കുകളുപയോഗിച്ച് സമഗ്രമായൊരു ചിത്രം കാഴ്ചവെക്കുന്നുണ്ട്. ഇബ്രാഹീം നബിയെ ഖുർആൻ 'ഹനീഫ്' (3.68) സന്മാർഗിയായ ഏകദൈവവിശ്വാസി) എന്നും ഖലീലുല്ലാഹി (4.129) (അല്ലാഹുവിന്റെ സ്നേഹിതൻ) എന്നും വിശേഷിപ്പിച്ചിട്ടുണ്ട്.

തങ്ങളുടെ ഗോത്രപിതാവാണ് ഇബ്രാഹിം നബി(അ) എന്ന് പറഞ്ഞുകൊണ്ട് വംശമഹിമയും ജാതിശ്രേഷ്ഠതയും സ്ഥാപിക്കാൻ യഹൂദികൾ ശ്രമിക്കാറുണ്ട്. അദ്ദേഹം ലോകത്തിനു നൽകിയ ആത്മീയജീവിതത്തിൽ നിന്നു പ്രകാശം സ്വീകരിക്കാൻ അവർ കൂട്ടാക്കുന്നില്ല. ഏകദൈവാരാധന ലോകത്ത് സ്ഥാപിക്കാൻ അഗ്നി പരീക്ഷണങ്ങളെ അഭിമുഖീകരിച്ച ഖലീലുല്ലാഹിയുടെ മാർഗ്ഗം യഹൂദികളും ക്രിസ്ത്യാനികളും വിസ്മരിച്ചിരിക്കുന്നു. വംശീയമായ യഹൂദികളുടെ അവകാശവാദത്തെ വിശുദ്ധ ഖുർആൻ ഖണ്ഡിക്കുന്നു.

'ഇബ്റാഹീം ജൂതനോ ക്രിസ്ത്യാനിയോ ആയിരുന്നില്ല. പ്രത്യുത അദ്ദേഹം (ദൈവമാർഗ്ഗത്തിൽ) ഉറച്ച് നിൽക്കുന്നവനും പരിപൂർണ അനുസരണമുള്ളവനുമായിരുന്നു. അദ്ദേഹം ബഹുദൈവവിശ്വാസികളിൽ പെട്ടവനുമായി

രുന്നില്ല. നിശ്ചയമായും മനുഷ്യരിൽ വെച്ച് ഇബ്റാഹിമുമായി ഏറ്റവും അടുത്ത ബന്ധമുള്ളവർ അദ്ദേഹത്തെ പിൻപറ്റിയവരും ഈ പ്രവാചകനും (മുഹമ്മദ് നബി), വിശ്വസിക്കുന്നവരുമാകുന്നു. അല്ലാഹു സത്യവിശ്വാസികളുടെ മിത്രമാണ്.' (3.68.6)

ചരിത്രപരമായി യഹൂദികളുടേയും ക്രിസ്ത്യാനികളുടേയും ഇബ്റാഹിം നബി (അ)യെ സംബന്ധിച്ച അവകാശവാദം തെറ്റാണെന്ന് ഖുർആൻ യുക്തിപൂർവ്വം അവരെ ഉണർത്തുന്നു. അർദ്ധ നാടോടി ജീവിതം നയിച്ച ഇബ്റാഹിം (അ), യഹൂദ ജനത ഒരു സംഘടിത ഗോത്രമായി രൂപാന്തരപ്പെടുന്നതിനു മുമ്പ് ജീവിച്ചിരുന്നയാളായിരുന്നു. ഈ കാലയളവിൽ ഇബ്റാഹീം നബി(അ)യുടെ സന്തതിപരമ്പര പല കൈവഴികളായും വേർപിരിഞ്ഞിട്ടുണ്ട്. യഹൂദ സമുദായം രൂപപ്പെട്ടതിന് ശേഷവും അവർ ചിതറിതെറിച്ച് (Diaspora) ലോകസമൂഹങ്ങളിൽ ലയിച്ചു ചേരുകയോ വിവിധ സമുദായങ്ങളായി നിലനിൽക്കുകയോ ചെയ്തിട്ടുണ്ട്. യഹൂദരുടെ ഗോത്രപിതാവായ ഇസാമായിലും (അ) ഇബ്റാഹീമിന്റെ പുത്രനായിരുന്നു. വാസ്തവത്തിൽ ഇസ്മായിൽ നബി(അ) ആയിരുന്നു ഇബ്റാഹിം നബി (അ)യുടെ വാഗ്ദത്ത ബലി പുത്രനും ആദ്യജാതനും. ബൈബിളിന്റെ സൂക്ഷമവായനയിൽ നിന്നു ഇക്കാര്യം നമുക്ക് എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയും. ഇബ്രാഹിം നബി (അ) തങ്ങളുടെ മാത്രം ഗോത്രപിതാവെന്ന് വംശമേനി നടിക്കുന്ന യഹൂദ ക്രൈസ്തവമതങ്ങളോട് ഖുർആൻ പറയന്നു.

'*ഓ ഗ്രന്ഥാനുസാരികളെ ഇബ്റാഹീമിന്റെ കാര്യത്തിൽ നിങ്ങൾ എന്തിനു തർക്കിക്കുന്നു? തൗറാത്തും ഇഞ്ചീലും അദ്ദേഹത്തിനു ശേഷമല്ലാതെ അവതരിക്കപ്പെട്ടിട്ടില്ലല്ലോ. എന്നിട്ടും നിങ്ങൾ ചിന്തിച്ചു കാര്യം മനസ്സിലാക്കുന്നില്ലേ* (3:66).

ഗോത്രങ്ങളും സമുദായങ്ങളും ഭാഷകളും പ്രകൃതിയുടെ സൃഷ്ടിയാണ്.പ്രവാചകൻമാരല്ല അത് സൃഷ്ടിക്കുന്നത്. അവരുടെ വ്യക്തിത്വത്തെ കേന്ദ്രമാക്കി ജാതികളും ഗോത്രങ്ങളും വംശങ്ങളുമുണ്ടാക്കാനല്ല. പ്രത്യുത ദൈവമാർഗ്ഗത്തിലേക്ക് ആ സമുദായത്തെ ആനയിക്കാനാണെന്ന് ഖുർആൻ പറയുന്നു. *"അല്ലാഹു മനുഷ്യന് ഗ്രന്ഥവും വിധികർതൃത്ത്വവും പ്രവാചകത്വവും നൽകിയിട്ട് അദ്ദേഹം ജനങ്ങളോട് നിങ്ങൾ അല്ലാഹുവിനെ ഉപേക്ഷിച്ച് എന്റെ അടിമകളായി തീരുവിൻ എന്ന് പറയുക എന്നത് അദ്ദേഹത്തിന് ചേർന്നതല്ല. പ്രത്യുത നിങ്ങൾ വേദഗ്രന്ഥത്തെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരായതുകൊണ്ട് നി ങ്ങൾ ദൈവഭക്തരായിരിക്കുവിൻ എന്നാണ് അദ്ദേഹം പറയുക.*(3:80)

ലോകത്ത് വിവിധ ഗോത്രീയ സമൂഹങ്ങളിൽ അവതരിച്ച പ്രവാചകന്മാരെല്ലാം തന്നെ ഏകദൈവ വിശ്വാസം പ്രബോധിച്ചു കൊണ്ട് അവരെ ക്രമേണ ക്രമേണ ഒരു വിശ്വമാനവസമൂഹമായി ഉയർത്തിക്കൊണ്ട് വരികയായിരുന്നു ദൈവത്തിന്റെ പദ്ധതി.

ആകാശത്തിലെ താരകളും ഭൂമിയിലെ മണൽ തരികളും പോലെ ഇബ്രാഹിം നബി (സ)യുടെ സന്തതികൾ ലോകത്ത് അനേകം ജാതികളായി പെരുകി പരന്നുവെന്ന് ബൈബിൾ പറയുന്നു. *"ദൈവം അവനോടു അരുളി ചെയ്തതെന്തന്നാൽ എനിക്ക് നിന്നോടു ഒരു നിയമമുണ്ട്. നീ ബഹുജാതികൾക്കും പിതാവാകും ഇനി നിന്നെ അബ്രാം എന്നല്ല വിളിക്കേണ്ടത് ഞാൻ നിന്നെ ബഹുജാതികൾക്കും പിതാവിയിരിക്കയാൽ നിന്റെ പേർ അബ്രഹാം എന്നിരിക്കേണം. ഞാൻ നി ന്നെ അധികമധികമായി വർദ്ധിപ്പിച്ചു അനേകജാതികളാക്കും."* (ഉല്പ. 17:4–6)

ഇബ്റാഹിം നബി(അ) ഒരു സമൂഹം (ഉമ്മത്ത്) ആണെന്നാണ് ഖുർആൻ പറയുന്നത്. *"ഇബ്റാഹിം നബി സ്വയം ഒരു സമൂഹമായിരുന്നു (ഉമ്മത്ത്) അല്ലാഹുവിന് കീഴടങ്ങിയവനും ഋജുമാനസനും ആയിരുന്നു. അദ്ദേഹം ബഹുദൈവ വിശ്വാസികളിൽ പെട്ടവനായിരുന്നില്ല."* (16:121). ഇബ്റാഹിം നബി (അ) കുലപതി എന്നതിനേക്കാൾ ജനങ്ങളുടെ ആത്മീയ നേതാവ് (ഇമാം) എന്ന നിലയിലാണ് ഖുർആൻ അദ്ദേഹത്തെ കാണുന്നത്. *"ഇബ്റാഹിമിനെ അദ്ദേഹത്തിന്റെ നാഥൻ ചില കൽപ്പനകൾ വഴി പരീക്ഷിച്ച സന്ദർഭം. അപ്പോൾ അദ്ദേഹം അവയെ പൂർത്തിയാക്കി അവൻ (അല്ലാഹു) പറഞ്ഞു ഞാൻ നിന്നെ ജനങ്ങൾക്ക് നേതാവാക്കുന്നു (ഇമാം). അദ്ദേഹം പറഞ്ഞു എന്റെ സന്തതികളിൽ നിന്നും (നേതാക്കന്മാരെ എഴുന്നേൽപ്പിക്കേണമേ) അവൻ (അല്ലാഹു) പറഞ്ഞു എന്റെ ഉടമ്പടി അധർമ്മികൾക്ക് ബാധകമാവില്ല"* (2:125)

ഇബ്റാഹിം നബി (അ)യുടെ സന്തതികളുടെ പെരുപ്പം കാരണം അദ്ദേഹത്തിന് ലോകത്തുള്ള മിക്കവാറും എല്ലാ സമൂഹങ്ങളുമായും വംശബന്ധമുണ്ട്. ഹിന്ദു - ബുദ്ധ ജൈനമതങ്ങളിലെല്ലാം ഇബ്റാഹിം നബി(അ)യുടെ വംശീയവും മതപരവുമായ അംശങ്ങൾ കാണാവുന്നതാണ്. ഇത് സംബന്ധമായ കൂടതുൽ

ചരിത്രഗവേഷണങ്ങൾ നടക്കേണ്ടതുണ്ട്. ഇബ്റാഹീം നബി(അ)യുടെ സുവ്യക്തമായ സന്തതി പരമ്പരയിലാണ് ഖാത്തമുന്നബിയ്യീനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) പിറന്നതെങ്കിലും തിരുനബി(സ) ഇബ്റാഹിം നബി(അ)യുടെ ആത്മീയ പാരമ്പര്യമാണ് അവകാശപ്പെട്ടത്. അല്ലാഹുവിന്റെ സ്നേഹിതനും (ഖലീലുല്ലാഹി) ജനങ്ങളുടെ നേതാവുമായ (ഇമാം) ഹദ്റത്ത് ഇബ്റാഹിം നബി(അ)യെ വംശീയതയിൽ നിന്നും മുക്തനാക്കി ഇസ്‌ലാം ലോക സമൂഹത്തിന്റെ പൊതുസ്വത്തായി പ്രഖ്യാപിക്കുകയാണ്.

ഇബ്റാഹിം നബി(അ)യുടെ ഒരു പ്രാർത്ഥനയുടെ സാഫല്യം കൂടിയായിരുന്നു തിരുനബി(സ). ഇബ്റാഹിം നബി(അ)യുടെ ആ പ്രാർത്ഥന ഖുർആൻ ഉദ്ധരിക്കുന്നു. "ഓ നാഥാ നീ ഞങ്ങളിരുവരേയും *(ഇബ്റാഹിമും മകൻ ഇസ്മായിലും) നിന്നെ അനുസരിക്കുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിന്നെ അനുസരിക്കുന്ന ഒരു സമുദായത്തെ എഴുന്നേൽപ്പിക്കുകയും ചെയ്യേണമേ. ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാവിധങ്ങൾ നീ കാണിച്ചു തരേണമേ! ഞങ്ങളുടെ നേരെ കാരുണ്യത്തോടെ തിരിയേണമേ.... ഞങ്ങളുടെ നാഥാ അവർക്ക് നിന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചു കൊടുക്കുകയും ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ നീ അവരിൽ നിന്ന് എഴുന്നേൽപ്പിക്കേണമേ. തീർച്ചയായും പ്രതാപശാലിയും അഗാധ ജ്ഞാനിയും നീ തന്നെയാകുന്നു."* (2:129, 130)

വംശങ്ങളുടെ കുലപതിയായ ഇബ്റാഹിം നബിയുടെ വിശ്വാസജീവിതം ഒരു വിശ്വാസമാർഗ്ഗമായാണ് (മില്ലത്ത് ഇബ്റാഹിം) ഖുർആൻ വിശേഷിപ്പിക്കുന്നത്. ആ അദ്ധ്യാത്മിക മാർഗ്ഗത്തിലേക്ക് വരുവാൻ ലോകസമൂഹത്തോട് മുഹമ്മദ് നബി(സ) മുഖേന ഖുർആൻ അഭ്യർത്ഥിക്കുന്നു.

*"ദൈവമാർഗ്ഗത്തിൽ ഉറച്ചുനിന്നവനായ ഇബ്റാഹിമിന്റെ മാർഗത്തെ നിങ്ങൾ പിന്തുടരുക. അദ്ദേഹം ബഹുദൈവ വിശ്വാസികളിൽ പെട്ടവനായിരുന്നില്ല" (3:95). "സൽക്കർമ്മം ചെയ്യുന്നവനായിരിക്കെ തന്നത്താൻ അല്ലാഹുവിൽ അർപ്പിക്കുകയും ഋജുമാനസനായ ഇബ്റാഹിമിന്റെ മാർഗ്ഗത്തെ പിൻപറ്റുകയും ചെയ്യുന്ന ഒരുത്തനേക്കാൾ ഉത്തമനായ മതവിശ്വാസി ആരാണ്? ഇബ്റാഹിമിനെ അല്ലാഹു തന്റെ ഉറ്റസുഹൃത്താക്കിയിരിക്കുന്നു."* (4:126) ഇബ്റാഹിം നബി(അ)യുടെ യഥാർത്ഥ ആത്മീയ മാർഗ്ഗത്തിലേക്ക് ലോകജനതയെ ക്ഷണിക്കുന്ന ഇസ്‌ലാം മതത്തെ അദ്ദേഹത്തിന്റെ വംശ പാരമ്പര്യമവകാശപ്പെടുന്ന യഹൂദി ക്രിസ്ത്യൻ മതങ്ങൾക്ക് അവഗണിക്കാനാവുമോ?

മാനവ ഐക്യത്തിന്റെ പ്രതീകമായ ഹജ്ജ് കർമ്മം ആദ്യമായി ലോകത്ത് വിളംബരം ചെയ്തത് ഹദ്റത്ത് ഇബ്റാഹിം നബി(അ) ആണെന്ന് ഖുർആൻ പറയുന്നു. ഇസ്‌ലാം ഈ പരിശുദ്ധ കർമ്മത്തെ സ്വാംശീകരിക്കുകയും ഇസ്‌ലാമിന്റെ അഞ്ച് നിർബന്ധകർമ്മങ്ങളിൽ ഒന്നാക്കി ഹജ്ജിനെ മാറ്റുകയും ചെയ്തു. ഖുർആൻ പറയുന്നു: *"ഓർക്കുക. ഇബ്റാഹിമിനു നാം ആ പരിശുദ്ധ ഭവനത്തിന്റെ സ്ഥലം സൗകര്യപ്പെടുത്തി കൊടുത്ത സന്ദർഭം (നാം അദ്ദേഹത്തോട്) കല്പിച്ചു: നീ എനിക്ക് ഒരു വസ്തുവിനേയും പങ്കാളിയാക്കി വെക്കരുത്. പ്രദക്ഷിണം ചെയ്യുന്നവർക്കും നിന്നും കുനിഞ്ഞും കുമ്പിട്ടും കൊണ്ട് ആരാധന നടത്തുന്നവർക്കും വേണ്ടി എന്റെ മന്ദിരത്തെ ശുദ്ധമാക്കി വെക്കുക. ഹജ്ജിനെക്കുറിച്ച് ജനങ്ങളിൽ വിളംബരം ചെയ്യുക.. കാൽ നടയായും, മെലിഞ്ഞ് വയറൊട്ടിയും വിദൂരങ്ങളായ ഓരോ മാർഗ്ഗങ്ങളിൽ കൂടി വരുന്നതുമായ ഓരോ ഒട്ടകങ്ങളിൽ മേലും നിന്റെ അടുത്ത് അവർ വരും."* (22:27, 28). ലോകത്തുള്ള ഏകദൈവ വിശ്വാസികളുടെ ഇസ്‌ലാമിലൂടെയുള്ള ഏകീകരണമാണ് ഹജ്ജ് കർമ്മം പ്രതിനിധാനം ചെയ്യുന്നതെന്ന് ഖുർആൻ സൂചിപ്പിക്കുന്നു.

ഹജ്ജ് കർമ്മത്തിലുടനീളം ഇബ്റാഹിം നബി(അ)യുടെ ത്യാഗപൂർണമായ ജീവിതത്തിന്റെ അനുസ്മരണങ്ങളാണ്. ആഗോള മുസ്‌ലിം സമുഹം അനുഷ്ഠിക്കുന്ന

***(ശേഷം 42-ൽ)***

## ത്വവാഫും പ്രകൃതിയിലെ പരിക്രമണങ്ങളും

മുസ്‌ലിംകൾ ഹജ്ജ് വേളയിൽ കഅ്ബയെ ത്വവാഫ് (ചുറ്റുന്നത്) ചെയ്യുന്നത് പോലെ വിപരീത ഘടികാര ദിശയിലാണ് ന്യൂക്ലിയസിന് ചുറ്റും ഇലക്ട്രോണുകളും സൂര്യനു ചുറ്റും ഭൂമിയും മറ്റു ഗ്രഹങ്ങളും കറങ്ങുന്നത്. അതായത് വലത്ത് നിന്ന് ഇടത്തോട്ട്. വിപരീത ഘടികാര ദിശയിലാണ്. ബീജസങ്കലനത്തിന് മുമ്പ് അണ്ഡത്തിന് ചുറ്റും പുരുഷ ബീജങ്ങൾ കറങ്ങുന്നതും വല ത്ത് നിന്ന് ഇടത്തോട്ടാണ്. കഅ്ബയെ ത്വവാഫ് ചെയ്യുന്നത് പോലെ വിപരീത ഘടികാരദിശയിൽ.

ലേഖനം

ഫരീദ് അഹ്മദ് യു.കെ.

# ഖിലാഫത്തിനോട് മുസ്‌ലിംകൾക്കുള്ള കടമ

**അനുസരണമാണ് ഖിലാഫത്തിന്റെ ആത്മാവ് . ഇന്നത്തെ ലോകത്തെ രക്ഷിക്കാനുള്ള ഒരേയൊരു ദൈവിക സംവിധാനമാണിത്. മുസ്‌ലിംകൾ ഈ സത്യം തിരിച്ചറിഞ്ഞെങ്കിൽ.**

അഹ്മദിയ്യാ ഖിലാഫത്ത് വ്യവസ്ഥിതി നിയമാനുസൃതമായി സ്ഥാപിക്കപ്പെട്ടശേഷം ഈ കാലഘട്ടത്തിലെ ഖലീഫയുടെ വിളിക്കുത്തരം നല്കാൻ മുസ്‌ലിംകൾ ബാദ്ധ്യസ്ഥരാണ്.

പ്രഥമമായ ഉത്തരവാദിത്തം തിരുനബി(സ) നല്കിയ നിർദ്ദേശമനുസരിച്ച് ഖലീഫയുടെ കയ്യിൽ ബൈഅത്ത് ചെയ്യേണ്ടതുണ്ട്. അങ്ങനെ ചെയ്തശേഷം ഖിലാഫത്തെ റാശിദയുടെ കാലഘട്ടത്തിലെന്നപോലെ ഇന്നത്തെ മുസ്‌ലിംകൾ അദ്ദേഹത്തെ ചെവികൊള്ളുകയും അനുസരിക്കുകയും വേണം.

തിരുമേനി(സ) അരുളിയതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

*'എന്റെ അമീറിനെ പിൻപറ്റുന്ന ആൾ എന്നെ പിൻപറ്റിയതായി കണക്കാക്കപ്പെടും. എന്നാൽ ആരെങ്കിലും എന്റെ അമീറിനോട് അനുസരണക്കേട് കാണിച്ചാൽ അയാൾ എന്നോട് അനുസരണക്കേട് കാണിച്ചതായി കണക്കാക്കപ്പെടുന്നതാണ്.' (വാഗ്ദത്ത മസീഹ് (അ) 2-6-1908 ലെ 'ബദർ' പത്രത്തിൽ പ്രസിദ്ധീകരിച്ചത്).*

ഏതെങ്കിലും മുസ്‌ലിം തിരുനബി (സ)യോട് അനുസരണക്കേട് കാണിക്കാൻ ആഗ്രഹിക്കുമോ എന്നത് അചിന്തനീയമാണ്. അദ്ദേഹത്തിന്റെ ഖലീഫയെ അനുസരിക്കൽ വിശ്വസിക്കുന്നവരുടെ പ്രവൃത്തിയാണ്. യഥാർത്ഥത്തിൽ അങ്ങനെയുള്ള അനുസരണമാണ് ഒരു മുസ്‌ലിമിന്റെ ലക്ഷണം. വിശുദ്ധ ഖുർആന്റെ നിർദ്ദേശത്തിന്റെ സജീവമായ പ്രതികരണമായി അത് പ്രതിധ്വനിക്കുന്നു.

*"വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുക; (അവന്റെ) ദൂതനേയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരേയും അനുസരിക്കുക* (വി. ഖുർആൻ 4:60)

ഖിലാഫത്തിനോടുള്ള അനുസരണത്തിന്റെ ആവശ്യകത വി. ഖുർആൻ ഊന്നിപ്പറയുന്നു. ഖിലാഫത്തിനെസ്സംബന്ധിച്ച വാഗ്ദാനമടങ്ങുന്ന സൂറ: അന്നൂറിലെ സൂക്തങ്ങളിൽ നിന്ന് ഇത് മനസ്സിലാക്കാം. അനുസരണത്തിന്റെ തത്വം ഒരിക്കലല്ല. ഏഴു പ്രാവശ്യം 52 മുതൽ 57 വരെയുള്ള സൂക്തങ്ങളിൽ കാണാം. ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ നിലനിൽക്കാൻ അനുസരണം ഒരു നിർണ്ണായകഘടകമാണെന്ന് ഇത് വ്യക്തമാക്കുന്നു. എന്തെന്നാൽ ഇതില്ലാതെ യഥാർത്ഥ ഐക്യം അസാദ്ധ്യമാണ്.

യഥാർത്ഥത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഒന്നാം ഖലീഫ ഹദ്റത്ത് ഹക്കിം മൗലവി നുറുദ്ദീൻ (റ) സാഹിബ് ഞാനെന്ന ഭാവം ഖിലാഫത്തിന്റെ അൾത്താരയിൽ ബലികഴിക്കണമെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. 'ഞാനെന്ന ഭാവ' മാണ് ഒരാളെ പതനത്തിലേക്ക് നയിക്കുന്നതും ദൈവികാനുഗ്രഹങ്ങളിൽ നിന്ന് മാറ്റിനിർത്തുന്നതും.

ബൈഅത്ത് ചെയ്യുന്ന വ്യക്തി തന്റെ എല്ലാ സ്വാതന്ത്ര്യവും ഉയർന്ന സ്ഥാനങ്ങളും മറ്റൊന്നിനുവേണ്ടി ഉപേക്ഷിക്കണം എന്നദ്ദേഹം പറഞ്ഞപ്പോൾ ഒരു വിശ്വാസിയുടെ അവസ്ഥയും ഉത്തരവാദിത്തവും മനോഹരമായി വിവരിക്കുകയായിരുന്നു. മറ്റുവാക്കുകളിൽ പറഞ്ഞാൽ നിങ്ങൾ ദൈവികസേവനത്തിനായി നിങ്ങളെ ഖലിഫയുടെ മുമ്പിൽ സ്വയം അർപ്പിക്കുന്നു.

ഖലീഫയെ അനുസരിച്ചുകൊണ്ടാണ് മുസ്‌ലിംകൾ ഇസ്‌ലാമിന് സേവനം ചെയ്യുന്നത്. എന്തെന്നാൽ ഖിലാഫത്തിന് കീഴിലാണ് ഇസ്‌ലാമിന്റെ വിജയം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത്.

## ഖിലാഫത്തും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വളർച്ചയും

ഈ കാലഘട്ടത്തിലെ പ്രവാചകന്റെ ആഗമനത്തെത്തുടർന്നു ഖിലാഫത്തിന്റെ പുനരുജ്ജീവനത്തിന് സാക്ഷികളായ അഹ്മദികൾ സ്വയം സൗഭാഗ്യവാന്മാരാണെന്ന് കരുതുന്നു. ഖലീഫയുടെ വിളിക്ക് ഉത്തരം നൽകിക്കൊണ്ട് അഹ്മദികൾക്ക് ഒരു അഭിമാനാർഹമായ ചരിത്രമുണ്ട്. നിരവധി പദ്ധതികളിൽ വഖ്ഫെ ജദീദ്, തഹ്‌രീഖ് ജദീദ്, നുസ്രത്ത് ജഹാൻ പദ്ധതി, വഖ്ഫെനൗ പദ്ധതി എന്നിവയുടെ വിജയം അതാണ് കാണിക്കുന്നത്.

ഈയടുത്തകാലത്ത് വസിയ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഖലീഫ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഭൗതികവാദികൾ ഭരണം നടത്തുന്ന ഇക്കാലത്തും ലോകമെമ്പാടുമുള്ള അഹ് മദികൾ ഖലീഫയുടെ വിളിക്ക് ആവേശകരമായ നിലയിൽ പ്രതികരിക്കുന്നത് ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. സാമ്പത്തിക ത്യാഗത്തിന്റെ രംഗത്ത് ഒരു മുസ്മിന്റെ ഉത്തരവാദിത്തം ഹദ്റത്ത് ഉമർ(റ) റിന്റെ മാതൃകയെ പ്രതിഫലിപ്പിക്കലാണ്. അദ്ദേഹം പറഞ്ഞു!

*"മുഴുഭൂമിയോളം വരുന്ന സ്വർണ്ണവും വെള്ളിയും എന്റെ പക്കലുണ്ടായിരുന്നെങ്കിൽ അല്ലാഹുവിനെ പ്രീതിപ്പെടുത്താൻ ഞാനതെല്ലാം അവന്റെ മാർഗ്ഗത്തിൽ നല്കുമായിരുന്നു."*

(ഹദ്റത്ത് ഉമർ ഫാറൂഖ്, ഗ്രന്ഥകർത്താവ്, ആർ.എ. ചൗധരി പേജ് 100).

ഹദ്റത്ത് മൗലവി നുറുദ്ദീൻ (റ) സാഹിബ് അത്തരത്തിലുള്ള ത്യാഗത്തിന്റെയും ഭക്തിയുടെയും ഉദാത്ത മാതൃകയായിരുന്നു. അദ്ദേഹത്തെ സ്തുതിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് (അ) തന്റെ ഒരു പ്രസിദ്ധ കവിതയിൽ ഇപ്രകാരം പറഞ്ഞു:

'ജമാഅത്തിലെ ഓരോ അംഗവും നുറുദ്ദീനെപ്പോലെയായിരുന്നെങ്കിൽ എത്ര നന്നായേനെ', അതുപോലെ ഓരോ ആളും വിശ്വാസത്തിന്റെ വെളിച്ചം കൊണ്ടു നിറഞ്ഞിരുന്നെങ്കിൽ.'

യഥാർത്ഥത്തിൽ നാം ഖലീഫമാരുടെ ജീവിതത്തെക്കുറിച്ച് പഠിക്കുകയാണെങ്കിൽ, ഖിലാഫത്തിന് മുമ്പുതന്നെ അവരിൽ നാം മാതൃക കണ്ടെത്തുകയും അഹ്മദിയ്യാ ഖിലാഫത്തിനെ സേവിക്കാൻ നമ്മുടെ ഉത്തരവാദിത്തം ഇസ്‌ലാമികാദ്ധ്യാപനങ്ങളനുസരിച്ച് എങ്ങനെയാണ് വിനിയോഗിക്കേണ്ടതെന്ന് മനസ്സിലാവുകയും ചെയ്യും. ഖിലാഫത്ത് വ്യവസ്ഥയുടെ സ്വാഭാവികമായ മറ്റൊരു വശം, അനുസരണമെന്ന കർത്തവ്യത്തിന്റെ ഉജ്ജ്വലമായ സവിശേഷതയാണ്. ഖലീഫയും ജമാഅത്തും തമ്മിലുള്ള ബന്ധമാണ് അത് പ്രതിനിധീകരിക്കുന്നത്. രണ്ടു കക്ഷികളുടേയും അർപ്പണത്തിനനുസരിച്ച് ബന്ധം ശക്തമാകും. ദൈവത്താൽ നിയമിക്കപ്പെട്ട ഖലീഫ തന്റെ ഉത്തരവാദിത്തത്തിൽ എപ്പോഴെങ്കിലും താണുപോകും എന്ന് നമുക്ക് ധരിക്കാൻ പറ്റില്ല. ഖിലാഫത്തിൽ നിന്നും പ്രയോജനം നേടുന്നത് തുടരണമെങ്കിൽ, ഖലീഫയെ സേവിക്കുന്നതിലും സാത്വികത നിലനിറുത്തുന്നതിലും മത്സരിച്ച് മുന്നേറേണ്ടതുണ്ട്. തങ്ങളുടെ ഉത്തരവാദിത്തം ജമാഅത്തും നിർവ്വഹിക്കണം.

യഥാർത്ഥത്തിൽ, വിശ്വസിക്കുകയും സൽക്കർമ്മമനുഷ്ഠിക്കുകയും ചെയ്യുന്നവർക്കാണ് ഖിലാഫത്തിന്റെ അനുഗ്രഹം എന്ന് അല്ലാഹു വ്യക്തമായി പറയുന്നു. സാത്വികത നഷ്ടപ്പെടുകയും അനുസരണമില്ലാതാവുകയും ചെയ്യുന്ന നിമിഷത്തിൽ ഖിലാഫത്ത് നഷ്ടപ്പെടുക തന്നെ ചെയ്യും. വിശ്വാസത്തിലും ആചരണത്തിലും സ്ഥിരചിത്തത നിലനിർത്തുകയെന്നത് ജമാഅത്തിന്റെ ഉത്തരവാദിത്തമാണ്.

ഖിലാഫത്തിന് സേവനം ചെയ്യുകയെന്നുള്ളതിന്റെ ചൈതന്യം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ (റ) ന്റേതുപോലെയാവണം. വാഗ്ദത്ത മസീഹ് (അ) ചരമമടഞ്ഞ അവസരത്തിൽ അദ്ദേഹം പ്രഖ്യാപിച്ചു:

'മറ്റുള്ളവർ എന്നെ വിട്ടുപോയാലും ഞാൻ ഒറ്റപ്പെട്ടുപോയാലും മുഴുലോകത്തിനുമെതിരെ ഞാൻ നിലകൊള്ളും. എതിർപ്പും ശത്രുതയും ഞാൻ ചെവിക്കൊള്ളുകയില്ല.'

എന്തൊരു അർപ്പണബോധമാണ് ഈ വാക്കുകളിൽ കാണുന്നത്! കാലത്തിന്റെ ഖലീഫയോടുള്ള സേവനബോധവും ആത്മാവും ഇതായിരിക്കണം!

## ഖിലാഫത്തും വസിയ്യത്തും

ഇന്നും ഖലീഫ ജനങ്ങളെ സാത്വികതയിലേക്ക് വിളിക്കുന്നത് തുടരുന്നു. ഖിലാഫത്തിന്റെ അനുഗ്രഹങ്ങളുടെ പൊരുൾ മനസ്സിലാക്കിയ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു) മസീഹിനെയും ഖലീഫയേയും സ്വീകരിക്കുന്നത് മാത്രം ദൈവസന്നിധിയിൽ മതിയാവില്ല എന്ന് ഉൽബോധിപ്പിക്കുന്നു. ഉത്തരവാദിത്തമില്ലാത്ത സ്വീകരിക്കൽ മാത്രം പോര. സ്വീകരണത്തോടൊപ്പം ഉത്തരവാദിത്തവും വർദ്ധിക്കുന്നു. ഇത് തികച്ചും ഖുർആനിക നിർദ്ദേശങ്ങൾക്ക് അനുയോജ്യമാണ്. 'മുസ്‌ലിംകൾ വിശ്വസിക്കുന്നവരും സൽകർമ്മങ്ങളനുഷ്ഠിക്കുന്നവരുമാകണം. അതിനാൽ വിശ്വാ

സത്തെ സൽകർമ്മങ്ങളിൽ നിന്ന് വേർപെടുത്താൻ കഴിയില്ല. ഈ രണ്ടു കാര്യങ്ങളും കൂടിച്ചേർന്നാലാണ് മുസ്‌ലിംകൾ ഖിലാഫത്തെന്ന അനുഗ്രഹത്തിന്നർഹരാവുന്നത്.

ഉദ്ദേശം വെച്ചാണ് അനുഗൃഹീതമായ വസിയ്യത്ത് വ്യവസ്ഥയെക്കുറിച്ച് അദ്ദേഹം ഓർമ്മിപ്പിച്ചത്. അതായത് സാത്വികമായ ജീവിതം നയിക്കുകയും മാതൃകാപരമായ ത്യാഗവും ചെയ്യുകയും ചെയ്താൽ മാത്രമേ ദൈവികാനുഗ്രഹങ്ങൾ നിലനിർത്താനുള്ള അവസരമുള്ളൂ. ഇത് സംബന്ധിച്ച് വാഗ്ദത്തമസീഹ് (അ) നമ്മെ ഓർമ്മപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തന്റെ ജമാഅത്ത് ദൈവികസഹായം തേടുന്നതോടൊപ്പം അതിൽ നിന്നും പ്രയോജനം നേടാൻ പരിശ്രമിക്കുകയും വേണം. തന്റെ കൃഷിയിടത്തിൽ അധ്വാനിക്കാതെ നല്ല വിളവുണ്ടാവണമെന്ന് പ്രാർത്ഥിക്കുന്ന കർഷകൻ ഒരു വിഡ്ഢിയാണ്. അധ്വാനിച്ചശേഷവും അവൻ വെറുതെയിരിക്കുന്നില്ല, ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു. തന്റെ അദ്ധ്വാനം പാഴായിപ്പോകാതിരിക്കാൻ അവൻ എപ്പോഴും ജാഗ്രത പുലർത്തും. ഈ മനോഭാവവും ഉത്തരവാദിത്തവുമാണ് ഖിലാഫത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതും ഇസ്‌ലാമിന്റെ അന്തിമവിജയത്തിന് കാരണമാവുന്നതും.

## ഉപസംഹാരം

ഈ അനുഗൃഹീത കാലഘട്ടത്തിൽ ജീവിക്കുന്ന നാം എത്ര മാത്രം സൗഭാഗ്യവാന്മാരാണെന്ന് വാക്കുകൾ കൊണ്ട് വിവരിക്കാൻ സാധ്യമല്ല. ഖിലാഫത്ത് എന്ന വ്യവസ്ഥിതി ദൈവം മുൻകൂട്ടിപ്പറഞ്ഞതും ദൈവഭയമുള്ളവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടതുമാണ്. ഈ വ്യവസ്ഥ അതിന്റെ സത്യത ആവർത്തിച്ചാവർത്തിച്ച് തെളിയിച്ചതും വാഗ്ദത്ത മസീഹിന്റേയും നബി(സ) തിരുമേനിയുടേയും സത്യം തെളിയിച്ചതുമാണ്. ഇന്നത്തെ ലോകത്തിന്റെ മോക്ഷത്തിനുള്ള ഏക വ്യവസ്ഥയാണിത്. മുസ്‌ലിംകൾ തീർച്ചയായും ഖിലാഫത്തിനെ മുറുകെ പിടിക്കണം. അതിന്റെ ഓരോ ആഹ്വാനത്തിനും പ്രതികരിക്കണം. അതിന്റെ കാരുണ്യം വരാനുള്ള എല്ലാകാലത്തേക്കും വ്യാപിക്കാനും അങ്ങനെ ദൈവിക വാഗ്ദാനം സാക്ഷാൽക്കരിക്കാനും ലോകത്ത് ശാശ്വത സമാധാനം സ്ഥാപിക്കപ്പെടാനും നമുക്ക് പ്രാർത്ഥിക്കാം.

അവസാനമായി, ദൈവവചനങ്ങൾ സ്വയം ഓർമ്മിക്കാം.

***"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർ ക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ.***

***നിങ്ങൾ നിസ്കാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും ദൈവദൂതനെ അനുസരിക്കുകയും ചെയ്യുക. നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനു വേണ്ടി" (വി.ഖുർആൻ 56, 57)*** (അവസാനിച്ചു) ○

**(The Review of Religions, October 2007)**

**വിവ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്**

---

*(17-ൽ നിന്ന് തുടർച്ച)*

***"ദ്രോഹിയായാലും ദ്രോഹിതനായാലും നീ നിന്റെ സഹോദരനെ സഹായിക്കുക!" എന്ന് നബി തിരുമേനി (സ) നിർദ്ദേശിച്ചു. ഒരു ദ്രോഹിയെ സഹായിക്കുന്നതെങ്ങനെയാണെന്ന് ചോദിച്ചപ്പോൾ അവിടുന്ന് തുടർന്നരുളി: "ദ്രോഹിയെ അവന്റെ ദ്രോഹപ്രവർത്തനങ്ങളിൽനിന്ന് തടഞ്ഞു കൊണ്ടു തന്നെ!"*** (ബുഖാരി)

***പരിഭാഷ: മർഹൂം ജ.എൻ. അബ്ദുർ റഹിം)*** ○

## മസ്ജിദുൽ ഹറാമിലെ നമസ്കാരം ഒരു ലക്ഷം മടങ്ങ് ശ്രേഷ്ഠം

നബി(സ) പറഞ്ഞു: എന്റെ ഈ പള്ളിയിൽ വെച്ചുള്ള ഒരു നമസ്കാരം അതല്ലാത്ത പള്ളികളിൽ വെച്ചുള്ള നമസ്കാരത്തേക്കാൾ ആയിരം മടങ്ങു ശ്രേഷ്ഠപ്പെട്ടതാണ്; മസ്ജിദുൽ ഹറാം ഒഴികെ. മസ്ജിദുൽ ഹറമിലെ നമസ്കാരം മറ്റു പള്ളികളിൽ വെച്ചുള്ള നമസ്കാരത്തേക്കാൾ ഒരു ലക്ഷം മടങ്ങ് ശ്രേഷ്ഠതയുള്ളതാണ്. *(ഇബ്നുമാജ)*

**സമ്പാദകൻ: പി.വി. അഹ്മദ് കോയ**

ലേഖനം

മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

# വെറുപ്പിനെ സ്നേഹമാക്കി മാറ്റിയ ഔദാര്യ നിധി

**നബി(സ) തിരുമേനിയുടെ പിതൃവ്യനും സ്നേഹഭാജനവുമായ ഹദ്റത്ത് ഹംസ (റ)യുടെ മൃതശരീരം വികൃതമാക്കി സംഹാരനൃത്തമാടിയ ഹിന്ദ്, റസൂൽ തിരുമേനി(സ)യെ അങ്ങേയറ്റം ആദരിച്ച വിനീത ശിഷ്യയായി മാറി**

**അബൂസുഫിയാന്റെ** ഭാര്യ യും **ഉത്ബ**യുടെ മകളുമായ ഹിന്ദ്, ഇസ്ലാമിന്നെതിരിലുള്ള യുദ്ധങ്ങളിൽ ഖുറയ്ശികളായ നിഷേധികളെ പ്രകോപിപ്പിക്കുന്നതിനും സമരോത്സുകരാക്കുന്നതിനുമുള്ള കർത്തവ്യം നല്ലവണ്ണം നിറവേറ്റിയിരുന്നു. സൈനികർക്ക് ആവേശം പകരുന്ന വീരരസമടങ്ങിയ കവിത ചൊല്ലി യുദ്ധത്തിൽ മുന്നേറാൻ പ്രേരിപ്പിക്കാറുണ്ടായിരുന്നു. '**നിങ്ങൾ വിജയിച്ചുവന്നാൽ ഞങ്ങൾ നിങ്ങളെ പൂമാലയിട്ടു സ്വീകരിക്കും. ഇല്ലെങ്കിൽ എന്നെന്നേക്കുമുള്ള വേർപാടായിരിക്കും ഫലം**' എന്നൊക്കെ പറഞ്ഞുകൊണ്ടുള്ളതായിരുന്നു ആ കവിതകൾ. (*ഇബ്നു ഹിശാം*)

**ഉഹുദ്** യുദ്ധത്തിൽ ഇതേ ഹിന്ദ് തന്നെയാണ് നബി(സ) തിരുമേനിയുടെ പിതൃവ്യനായ **ഹദ്റത്ത് ഹംസ**(റ)യുടെ മയ്യത്തിനോട് മനുഷ്യത്വരഹിതമായി പെരുമാറിയത്. അദ്ദേഹത്തിന്റെ മൂക്കും ചെവിയും മറ്റ് അവയവങ്ങളും വെട്ടിമുറിച്ച് ജഡം വികൃതമാക്കിക്കളഞ്ഞിരുന്നു. എന്നല്ല അദ്ദേഹത്തിന്റെ കരൾ ചവച്ച് തന്റെ കോപാഗ്നി തണുപ്പിച്ചു. മക്കാ വിജയത്തിനുശേഷം നബി(സ) തിരുമേനി സ്ത്രീകളിൽനിന്ന് അനുസരണപ്രതിജ്ഞ വാങ്ങിയപ്പോൾ, ഈ ഹിന്ദും പർദയണിഞ്ഞ് അവിടെയെത്തിയിരുന്നു. അവരുടെ ക്രൂരമായ കുറ്റങ്ങൾ കാരണത്താൽ അവരേയും വധശിക്ഷയ്ക്ക് വിധിച്ചതാണ്. അനുസരണപ്രതിജ്ഞയ്ക്കിടയിൽ അവർ ചില നിബന്ധനകളെക്കുറിച്ച് വിശകലനം ആവശ്യപ്പെട്ടപ്പോൾ അത് ഹിന്ദ് തന്നെയാണെന്ന് നബി(സ) തിരിച്ചറിഞ്ഞു. കാരണം അവരല്ലാതെ അതിന് ധൈര്യപ്പെടുകയില്ലെന്ന് നബി(സ)ക്ക് അറിയാമായിരുന്നു. '**നിങ്ങൾ അബൂസുഫ്യാന്റെ ഭാര്യ ഹിന്ദാണോ?**' എന്ന് ആ മഹാത്മാവ് ചോദിച്ചു. അവർ പറഞ്ഞു: '**അല്ലാഹുവിന്റെ ദൂതരേ, ഇപ്പോൾ ഞാൻ ഹൃദയംകൊണ്ട് മുസ്ലിമായിരിക്കുന്നു. മുമ്പേ കഴിഞ്ഞത് അങ്ങ് എനിക്ക് മാപ്പാക്കിത്തന്നാലും. അല്ലാഹു അങ്ങയോടും അങ്ങനെതന്നെ പെരുമാറുന്നതാണ്.**'

## വെറുപ്പിനെ സ്നേഹമാക്കി മാറ്റിയ വിപ്ലവം

നബി(സ) തിരുമേനിയുടെ അവസ്ഥാവിശേഷം നോക്കുക, തന്റെ പ്രിയപ്പെട്ട പിതൃവ്യന്റെ കരൾ ചവച്ചുതുപ്പിയ ഹിന്ദിനും മാപ്പുകൊടുത്തുകൊണ്ട് എന്നന്നേക്കുമായി അവരുടെ ഹൃദയം ആ മഹാത്മാവ് ജയിച്ചടക്കി. അത് ഹിന്ദിന്റെ മുഖച്ഛായതന്നെ മാറ്റിമറിച്ചു. അവർ അവരുടെ ഹൃദയവും അന്യാരാധനയിൽ നിന്നും ബിംബാരാധനയിൽനിന്നും നിർമലമാക്കി. വീട്ടിൽ വെച്ചിരുന്ന സകല ബിംബങ്ങളും പൊട്ടിച്ച് വെളിയിലേക്കെറിഞ്ഞു.

അന്നു വൈകുന്നേരം നബി(സ)യെ സൽക്കരിക്കുന്നതിനായി ഹിന്ദ് രണ്ട് ആടുകളെ അറുപ്പിച്ചു. അത് പൊരിച്ച് നബിതിരുമേനിയുടെ സന്നിധിയിലെത്തിച്ചു. '**ഈയിടെയായി മൃഗങ്ങൾ വളരെ കുറവാണ്. അതുകൊണ്ട് നിസ്സാരമായ സമ്മാനമേ കൊടുത്തയക്കാൻ എനിക്ക് കഴിയുന്നുള്ളൂ, അങ്ങ് ഇത് സ്വീകരിച്ചാലും**' എന്നു പറഞ്ഞ് തന്റെ ഖേദം അറിയിക്കാനും

ഹത്തിന് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്തു. '**നബി(സ) താങ്കൾ വിചാരിക്കുന്നതിനേക്കാളധികം ഔദാര്യം ചെയ്യുന്നയാളും സഹനശീലനും ഉദാരനും, അദ്ദേഹത്തിന്റെ അഭിമാനം താങ്കളുടെ അഭിമാനവും അദ്ദേഹത്തിന്റെ ഭരണം താങ്കളുടെ ഭരണമാണെന്നും പറഞ്ഞു.**' ഇങ്ങനെ ദൃഢബോധ്യം വന്നപ്പോൾ അദ്ദേഹം നബി(സ)യുടെ സന്നിധിയിൽ ഹാജരായി. കണ്ടയുടനെ ആദ്യം ചോദിച്ചത്, 'താങ്കൾ എനിക്ക് അഭയം നല്കിയിട്ടുണ്ടോ' എന്നായിരുന്നു. നല്കിയിട്ടുണ്ട് എന്ന് നബി(സ) പറഞ്ഞു. ഞാൻ താങ്കൾക്ക് അഭയം തന്നിരിക്കുന്നു. സ്വഫ്‌വാൻ ചോദിച്ചു: '**എന്റെ ദീനിൽനിന്നുകൊണ്ട് രണ്ടുമാസം കഴിയാൻ താങ്കൾ എനിക്ക് സമ്മതം തരുമോ?**' നബി(സ) തിരുമേനി അദ്ദേഹത്തിന് നാലുമാസത്തെ അനുവാദം കൊടുത്തു. ഇങ്ങനെ തന്റെ ഏറ്റവും മോശപ്പെട്ട ശത്രുവിനോടും ഉദാത്തമായി പെരുമാറിക്കൊണ്ട് മഹത്തായ സ്വഭാവ വൈശേഷ്യത്തിന്റെ മാതൃക സ്ഥാപിച്ചുകാണിച്ചു. (*മുഅത്ത*)

അവസാനം കുറച്ചുമാസത്തിനുള്ളിൽതന്നെ സ്വഫ്‌വാന്റെ ഹൃദയം തന്റെ ഔദാര്യവും ദാനശീലവും കൊണ്ട് ആ പുണ്യാത്മാവ് ജയിച്ചടക്കി. ത്വായിഫിൽനിന്ന് തിരിച്ചുവരുമ്പോൾ നബി (സ) ഒരു താഴ്‌വരയുടെ അടുത്തൂടെ കടന്നുപോവുകയായിരുന്നു. അവിടെ നബി (സ)യുടെ അവകാശത്തിൽപെട്ട ആട്ടിൻപറ്റങ്ങൾ മേയുന്നുണ്ടായിരുന്നു. **സ്വഫ്‌വാൻ** അത്ഭുതപ്പെട്ട് അതിമോഹത്തോടുകൂടി അവയെ നോക്കി. നബി(സ)ഉം സ്വഫ്‌വാനെ നോക്കുന്നുണ്ടായിരുന്നു. നബിതിരുമേനി ചോദിച്ചു: 'താങ്കൾക്ക് ഈ മൃഗങ്ങൾ

***(ശേഷം 31 – ൽ)***

യം വിളംബരം ചെയ്തിട്ടും ഇക്‌രിമയോടൊപ്പം ചേർന്നുകൊണ്ട് **ഖാലിദ് ബിൻ വലീദി**ന്റെ സൈന്യത്തിനുമേൽ ആക്രമണം നടത്തിയ വ്യക്തിയായിരുന്നു അദ്ദേഹം. എന്നിട്ടും നബി(സ) തിരുമേനി സ്വഫ്‌വാന് എന്തെങ്കിലും പ്രത്യേക ശിക്ഷ വിധിച്ചില്ല. മക്കാവിജയത്തിനുശേഷം ഇയാൾ സ്വയം ലജ്ജിതനായി, നാണിച്ച് **യമനി**ലേക്ക് ഓടിപ്പോയി. അയാൾ ചെയ്ത തെറ്റ് അയാൾക്ക് നല്ലവണ്ണം അറിയാമായിരുന്നു. അയാൾക്ക് മാപ്പ് കിട്ടുമെന്ന് ഒരിക്കലും അയാൾ വിചാരിച്ചിരുന്നില്ല. അയാളുടെ **പിതൃസഹോദരൻ** ഹദ്റത്ത് **ഉമയ്ർ ബിൻ വഹ്ബ്,** നബി(സ) തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായിക്കൊണ്ട് പറഞ്ഞു: '**അല്ലാഹുവിന്റെ ദൂതരേ, അങ്ങ് എല്ലാ കറുത്തവർക്കും ചെമന്നവർക്കും അഭയം നല്കിയിരിക്കുന്നു. എന്റെ പിതൃസഹോദരനെക്കൂടി അങ്ങ് പരിഗണിച്ചാലും. അദ്ദേഹത്തിനും മാപ്പ് കൊടുത്താലും.**' അങ്ങനെ നബി (സ) സ്വഫ്‌വാനും മാപ്പുകൊടുത്തു. **ഹദ്റത്ത് ഉമയ്ർ** പറഞ്ഞു: 'അങ്ങ് നല്കിയ അഭയത്തിന് എനിക്ക് എന്തെങ്കിലും അടയാളം കൂടി തന്നാലും.' നബി(സ) തിരുമേനി മക്കാവിജയദിവസം കെട്ടിയിരുന്ന തന്റെ ആ കറുത്ത തലേക്കെട്ട് മാപ്പിന്റെ അടയാളമെന്ന നിലയിൽ അദ്ദേഹത്തിന് എടുത്തുകൊടുത്തു. ഉമയ്ർ പോയി സ്വഫ്‌വാനെ മാപ്പ് കിട്ടിയ വിവരം അറിയിച്ചു. അദ്ദേഹത്തിന് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. അയാൾ **ഉമയ്റി**നോട് പറഞ്ഞു: '**നീ കളവാണ് പറയുന്നത്. എന്റെ കണ്ണിൽനിന്ന് അകന്നുപോവുക. എന്നെപോലെയുള്ളവന് എങ്ങനെ മാപ്പ് ലഭിക്കാനാണ്? എനിക്ക് എന്റെ ജീവനെക്കുറിച്ചാണ് ആശങ്ക.**' **ഹദ്റത്ത് ഉമയ്ർ** അദ്ദേ

അവർ പരിചാരികയോട് പറഞ്ഞു.

നമ്മുടെ യജമാനരായ നബി (സ) തിരുമേനി ആരുടേയും ഔദാര്യത്തിന്റെ ഭാരം തന്റേമേൽ വഹിച്ചിരുന്നില്ല. ഉടനെതന്നെ ഇരുകൈകളുമുയർത്തി പ്രാർത്ഥിച്ചു: '**അല്ലാഹുവേ, ഹിന്ദിന്റെ ആട്ടിൻപറ്റങ്ങളെ നീ ഒത്തിരി വർദ്ധിപ്പിച്ചുകൊടുക്കേണമേ.**' ഈ പ്രാർത്ഥന അതേ അർത്ഥത്തിൽ സ്വീകരിക്കപ്പെട്ടു. പിന്നീട് അവർക്ക് നോക്കാൻ പറ്റാത്തത്ര നിലയിൽ അത് വർദ്ധിച്ചു. ഹിന്ദാണെങ്കിൽ നബി(സ) തിരുമേനിയെ അങ്ങേയറ്റം ബഹുമാനിച്ചിരുന്നു. അവർ പറയാറുണ്ടായിരുന്നു: '**അല്ലാഹുവിന്റെ ദൂതരേ, ഒരു കാലമുണ്ടായിരുന്നു. അന്ന് അങ്ങയുടെ ഭവനം എന്റെ ദൃഷ്ടിയിൽ അങ്ങേയറ്റം നിന്ദ്യവും തരംതാണതുമായിരുന്നു. എന്നാൽ, ഇപ്പോൾ എന്റെ അവസ്ഥ എന്താണെന്നുവെച്ചാൽ ഭൂമുഖത്തുള്ള വീടുകളിൽവെച്ച് എനിക്ക് അങ്ങേയറ്റം ആദരണീയവും ഏറ്റവും പ്രിയപ്പെട്ടതും അങ്ങയുടെ ഭവനമാണ്.**' (*അൽഹൽബിയ*)

ഇസ്‌ലാം വ്യാപിച്ചത് വാളിന്റെ കരുത്തുകൊണ്ടാണെന്ന് ആക്ഷേപിക്കുന്നവർ, **അബൂജഹ്‌ലിന്റെ മകൻ ഇക്‌രിമ**യുടേയും **അബൂ സുഫ്‌യാന്റെ ഭാര്യ ഹിന്ദി**ന്റേയും ഹൃദയങ്ങളെ കീഴടക്കിയ ആ വാൾ ഏതായിരുന്നുവെന്ന് പറഞ്ഞുതരട്ടെ. യാതൊരു സംശയവുമില്ല, അത് നബി(സ) തിരുമേനിയുടെ കാരുണ്യപ്രവാഹം തന്നെയായിരുന്നു.

## സ്വഫ്‌വാൻ ബിൻ ഉമയ്യ്

**സ്വഫ്‌വാൻ ബിൻ ഉമയ്യ്** ജീവിതകാലം മുഴുവൻ മുസ്‌ലിംകൾക്കെതിരിൽ യുദ്ധം പരീക്ഷിച്ചുനോക്കിയ മക്കയിലെ നേതാക്കന്മാരിൽപ്പെട്ടയാളായിരുന്നു. മക്കാ വിജയത്തിന്റെ അവസരത്തിൽ മുസ്‌ലിംകൾ അഭ

ലേഖനം

പി.എ. മുഹമ്മദ് സലിം
കൊടുങ്ങല്ലൂർ

# മുബാഹലയുടെ ദൃഷ്ടാന്തം പ്രബോധനത്തിനുള്ള മറുപടി-4

## വാഗ്ദത്ത മസീഹിന് മുഹമ്മദ് നബിയോടുണ്ടായിരുന്ന നിഷ്ക്കളങ്ക സ്നേഹവും, അഹ്മദിയ്യാ ജമാഅത്തിന്റെ അനിഷേധ്യസത്യങ്ങളും ഉണർത്തിക്കൊണ്ട് ജമാഅത്തെ ഇസ്‌ലാമി നേതാവ് ജ: സിദ്ദീക്ക് ഹസ്സൻ സാഹിബിന് ലേഖകൻ അയച്ച കത്ത്

"60 വർഷം പൂർത്തിയാക്കുന്ന കേരളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം" എന്ന അവകാശവാദം ഉന്നയിക്കുന്ന പ്രബോധനത്തിനും അതിന്റെ വക്താക്കളായ ജമാഅത്തെ ഇസ്‌ലാമിക്കാർക്കും 84 വർഷം പൂർത്തിയാക്കിയ 'സത്യദൂതൻ' എന്ന ഇസ്‌ലാമിക പ്രസിദ്ധീകരണത്തെക്കുറിച്ച് അറിയാമായിരുന്നില്ലേ? അതോ, "സത്യദൂതൻ ഇസ്‌ലാമിക പ്രസിദ്ധീകരണമല്ല" എന്ന് വല്ല വാദവും ഉണ്ടോ? 1925 മുതൽ സത്യദൂതൻ എന്ന മാസികയിലൂടെ കേരളജനതക്ക് നൽകിയ സന്ദേശത്തിൽ ഇസ്‌ലാമിന് വിരുദ്ധമായ വല്ല കാര്യവും ഉണ്ടെങ്കിൽ, തെളിവുദ്ധരിച്ച് വ്യക്തമാക്കുവാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു. ഇല്ലെങ്കിൽ, സത്യദൂതന് അവകാശപ്പെട്ട സ്ഥാനം, അനർഹമായി പ്രബോധനത്തിന്റേതായി സമൂഹമധ്യത്തിൽ അവതരിപ്പിക്കുന്നതിലൂടെ പ്രബോധനവും ജമാഅത്തെ ഇസ്‌ലാമിയും വീണ്ടും കളവ് തുടർന്നുകൊണ്ടിരിക്കുന്നുവെന്നല്ലേ മനസ്സിലാക്കാൻ കഴിയുന്നത്! പ്രബോധനത്തിന്റെ ചീഫ് എഡിറ്ററും അഖിലേന്ത്യാ അസി. അമീറുമായ ജനാബ് സിദ്ദീഖ് ഹസൻ സാഹിബിന് ഞാൻ അയച്ച കത്ത്, പലവുരു വായിച്ചുവെന്നാണ് മറുപടി കത്തിൽ അദ്ദേ ഹം തന്നെ എഴുതിയിരിക്കുന്നത്. അഹ്മദിയ്യാ മുസ് ലിം ജമാഅത്തിന്റെ സത്യസന്ദേശമാണ് അദ്ദേഹത്തിന് ഞാൻ നൽകിയത്. ഇതിൽ ഇസ്‌ലാമിന് വിരുദ്ധമായ പരാമർശങ്ങളുണ്ടെന്ന് അദ്ദേഹം മറുപടിയിൽ എഴുതിയിട്ടുമില്ല. നീണ്ട കാത്തിരിപ്പിന് ശേഷം, 1996-ൽ ഞാൻ വീണ്ടും അദ്ദേഹത്തിന് കത്തെഴുതി. അതിന്റെ പൂർണ്ണരൂപം താഴെ എഴുതുന്നു.

ബിസ്മില്ലാഹി റഹ്മാനിറഹീം നഹ്മദുഹു വനുസല്ലീ അലാ റസൂലിഹിൽ കരീം വ അലാഅബ്ദിഹിൽ മസീഹിൽ മൗഊദ്.

കൊടുങ്ങല്ലൂർ

15-8-1996

ബഹുമാനപ്പെട്ട കെ.എ. സിദ്ദീഖ് ഹസൻ സാഹിബ് അവർകൾക്ക്,

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹ്

താങ്കൾക്കും സഹപ്രവർത്തകർക്കും സുഖ-ക്ഷേമമെന്ന് കരുതുന്നു.

ആദ്യമായി എന്നെ പരിചയപ്പെടുത്താം. തിരക്ക് പിടിച്ച താങ്കളുടെ പ്രവർത്തനത്തിനിടയിൽ എന്നെ മറന്നിരിക്കാൻ ഇടയുണ്ട്. ഞാൻ, താങ്കളുടെ നാട്ടുകാരനായ മുഹമ്മദ് സലീം, മുൻ സിമി പ്രവർത്തകൻ, 7 വർഷം മുമ്പ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ പ്രവേശിച്ചു. ഇപ്പോൾ, ഹദ്റത്ത് അമീറുൽ മുഅ്മി നീന്റെ കീഴിൽ മുഅല്ലിമായി ആന്ധ്രാപ്രദേശിൽ സേവനം ചെയ്യുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ബൈഅത്ത് ചെയ്തു ജമാഅത്തിൽ പ്രവേശിച്ച ഉടനെ അതായത് 1410 ദുൽഹജ്ജ് 10ന് താങ്കൾക്ക് വളരെ വിശദമായി ഒരു കത്തെഴുതിയിരുന്നു. എന്റെ കത്തിലെ ഉള്ളട

ക്കത്തെ അനുകൂലിച്ചോ, പ്രതികൂലിച്ചോ വളരെ വിശദമായ ഒരു മറുപടി താങ്കളിൽ നിന്നും ഞാൻ പ്രതീക്ഷിച്ചിരുന്നു. ഏകദേശം ഒരു മാസത്തിനുശേഷം താങ്കളിൽ നിന്നും എനിക്കൊരു കത്ത് ലഭിച്ചു. പ്രസ്തുത കത്തിന്റെ കോപ്പി ഓർമ്മക്കായി ഇതോടൊപ്പം അയക്കുന്നു. ഞാൻ അയച്ച പ്രസ്തുത കത്ത് താങ്കളുടെ ഫയലിൽ ഉണ്ടായിരിക്കുമെന്ന് വിശ്വസിക്കുന്നു. താങ്കൾ കത്തിലെഴുതിയ വരികളിലെ വാക്ക് പ്രകാരം, ഈ വിനീതൻ ഇത്രയും നാൾ കാത്തിരുന്നു. വർഷം 6 കഴിഞ്ഞിരിക്കുന്നു. തിരക്കേറിയ താങ്കളുടെ പ്രവർത്തനത്തിനിടയിൽ അതു മറന്നുപോയിരിക്കാൻ സാദ്ധ്യതയുണ്ട്. ഒന്ന് ഓർമ്മപ്പെടുത്തുന്നതിന് മാത്രം ഈ കത്തെഴുതുന്നു. ഒപ്പം ചില വസ്തുതകളും.

ഈ വർഷം താങ്കൾ ഹജ്ജ് നിർവ്വഹണത്തിനായി പോയിരുന്നുവെന്ന് പ്രബോധനം വായിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞു. അതുകൊണ്ട് തന്നെ ഒരു നവജാത ശിശുവിന്റേതെന്നപോലെ പാവനമായ ഹൃദയവുമായി താങ്കൾ ഇപ്പോൾ നാട്ടിൽ തിരിച്ചെത്തിയിരിക്കുമെന്ന് കരുതട്ടെ. സങ്കുചിതമായ പ്രസ്ഥാന കെട്ടുബന്ധങ്ങൾക്കതീതമായും വിശാലമായ വിവേകത്തോടുകൂടിയും എന്റെ വാക്കുകൾ താങ്കൾ നിരൂപിക്കുമെന്ന് പ്രത്യാശിക്കുന്നു.

ഈ വിനീതന്, താങ്കൾക്ക് കത്തെഴുതുമ്പോൾ ഒരു ഭയം അനുഭവപ്പെട്ടിരുന്നു - താങ്കളെപ്പോലുള്ള വലിയ മനുഷ്യന് ഇങ്ങനെ ഒരു കത്തെഴുതുന്നതിന്റെ ഔചിത്യത്തെക്കുറിച്ച് തന്നെ. ശരിയാണ്, ഈയുള്ളവൻ എല്ലാ നിലയിലും താങ്കളേക്കാൾ ബഹുദൂരം പിന്നിലാണെന്നത് ഒരു വസ്തുതയായി ഞാൻ മനസ്സിലാക്കുന്നു. എങ്കിലും, എന്തോ താങ്കൾ ഇത് വരെ മനസ്സിലാക്കാത്ത - മനസ്സിലാക്കാൻ ശ്രമിക്കാത്ത എന്നാൽ അല്ലാഹു ഈ വിനീതന് മനസ്സിലാക്കിതന്ന ഒരു പരമസത്യത്തെ താങ്കളുടെ ഓർമ്മയിൽപ്പെടുത്തിയെന്ന് മാത്രം. താങ്കളുടെ വലിയ ചിന്തയിൽ ഒരന്വേഷണത്തിന് മാത്രം.

1989-ൽ ഞാൻ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുമ്പോൾ എനിക്കുണ്ടായിരുന്ന ഒരു കുറവ് ഉർദു ഭാഷ അറിയില്ല എന്നതായിരുന്നു. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)ന്റെ മിക്കവാറും ഗ്രന്ഥങ്ങൾ ഉർദു ഭാഷയിലാണല്ലോ. ഈയൊരു ദൗർബ്ബല്യം കണ്ടുകൊണ്ടായിരിക്കണം. കൊടിയത്തൂർ അഞ്ചുമൻ ഇശാഅത്ത് സിക്രട്ടറി അബ്ദുറഹ്മാൻ സാഹിബ്, ഹദ്റത്ത് അഹ്മദ് (അ)ന്റെ ഗ്രന്ഥങ്ങൾ പരസ്പര വൈരുദ്ധ്യമെന്നെല്ലാം പറഞ്ഞ് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചത്. അന്ന് മുതൽ എന്റെ ഒരാഗ്രഹമായിരുന്നു ഉർദു ഭാഷ പഠിച്ച് ഹദ്റത്ത് അഹ്മദ് (അ)ന്റെ ഗ്രന്ഥങ്ങൾ നേരിട്ട് വായിച്ച് മനസ്സിലാക്കുക എന്നുള്ളത്. സത്യാന്വേഷണതൃഷ്ണ എന്നിൽ എന്നും മറ്റെല്ലാത്തിനേയും അതിജയിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1993 ഒക്ടോബർ 5ന് ഞാൻ കുടുംബസമേതം ഖാദിയാനിലേക്ക് പുറപ്പെട്ടു. നീണ്ട രണ്ട് വർഷം അവിടെ ജീവിക്കാനും, ഉർദുഭാഷ പഠിക്കാനും അങ്ങനെ ഹദ്റത്ത് അഹ്മദ് (അ)ന്റെ ഗ്രന്ഥങ്ങളെക്കുറിച്ച് മനസ്സിലാക്കാനും അല്ലാഹു തൗഫീഖ് നല്കി. ഹദ്റത്ത് അഹ്മദ് (അ)ന്റെ ജീവിതം - എത്ര മാത്രം ത്യാഗസമ്പൂർണ്ണമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രം വായിക്കുമ്പോൾ മനസ്സിലാക്കാം. വിശുദ്ധ ഖുർആനി ന്റേയും പുണ്യപ്രവാചകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയുടേയും ദീനുൽ ഇസ്ലാമിന്റേയും യഥാർത്ഥ സൗന്ദര്യം വരച്ചുകാട്ടുന്ന നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം എഴുതി. ഇസ്ലാമിന്റെ നേരെ ശത്രുക്കൾ തൊടുത്തുവിട്ട വിഷലിപ്തമായ മുഴുവൻ ആരോപണങ്ങൾക്ക് - കരുത്തുറ്റ മറുപടി നൽകിക്കൊണ്ട് അവരെ നിശബ്ദരാക്കി.

ബഹുമാന്യരേ, ജീവിതത്തിൽ ഞാൻ ഒരുപാട് ഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ട്. ഐ.പി.എച്ച്ന്റെ മിക്കവാറും സാഹിത്യങ്ങൾ വായിക്കുവാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. പക്ഷെ, ഒരു സത്യം തുറന്നെഴുതുന്നതിൽ താങ്കൾക്ക് വിഷമം തോന്നരുത്. ഇസ്ലാമിന്റെ മഹനീയതയെ വെളിപ്പെടുത്തുന്ന ഹദ്റത്ത് അഹ്മദ് (അ)ന്റെ ഗ്രന്ഥങ്ങളിലെ ഒരു വരി ഒരു തട്ടിലും - ഐ.പി.എച്ച്. സാഹിത്യങ്ങൾ മുഴുവൻ മറുതട്ടിലും വെച്ചാൽ - തീർച്ചയായും ഹദ്റത്ത് അഹ്മദ് (അ)ന്റെ ആ ഒരു വരിക്ക് തന്നെ ഭാരം. സംശയത്തിന് യാതൊരവകാശവുമില്ല. താങ്കൾ ഉന്നതനായ അറബി പണ്ഡിതനാണ്. ഹദ്റത്ത് അഹ്മദ് (അ) ന്റെ അറബി ഗ്രന്ഥമോ, 'ഖസീദ'യോ താങ്കൾ വായിക്കുവാൻ ശ്രമിച്ചിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചുപോവുകയാണ്. പക്ഷെ, താങ്കളെപ്പോലുള്ള ഉന്നതന്മാർ വരെ ജമാഅത്തിനെക്കുറിച്ച് തെറ്റിദ്ധാരണകൾ വെച്ച് പുലർത്തുകയാണ്. താങ്കൾ ചീഫ് എഡിറ്ററായുള്ള പ്രബോധനത്തിൽ ജമാഅത്തിനെക്കുറിച്ച് വളരെ ബാലിശവും ലജ്ജാകരവുമായ ആരോപണങ്ങളാണ് എഴുതിക്കൊണ്ടിരിക്കുന്നത്. താങ്കളുടെ കീഴിലുള്ള ഐ.പി.എച്ച്.ൽ ജമാഅത്തിനെ സംബന്ധിച്ചുള്ള എല്ലാ ഗ്രന്ഥങ്ങളും വക്രമായ ആരോപണങ്ങളുടേയും, നുണകളുടേയും അവാസ്തവമായ പ്രസ്താവങ്ങളുടേയും സംഗ്രഹങ്ങളാണ്. ഇത് ഒരു 'ഇസ്ലാമിക പ്രസ്ഥാന' ത്തിന് നിരക്കുന്നതാണോ? തെളിവുകൾ നല്കാൻ കഴി

യാത്ത, പ്രസ്തുത ആരോപണങ്ങൾ നീതിക്ക് നിരക്കുന്നതാണോ? പ്രവാചകചര്യക്ക് നിരക്കുന്നതാണോ? “ജമാഅത്തെ ഇസ്‌ലാമി അമേരിക്കയുടെ സൃഷ്ടി”യാണെന്ന് ഞങ്ങൾ തെളിവുകളില്ലാതെ പറഞ്ഞാൽ തീർച്ചയായും അത് വൻകുറ്റമായി ഞങ്ങൾ മനസ്സിലാക്കുന്നു.

നിർമ്മാണാത്മകമായ വിമർശനങ്ങൾ എപ്പോഴും സൽഫലമുളവാക്കുന്നു. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷെ, ഞങ്ങൾ മറ്റെല്ലാവരുടേയും ഗ്രന്ഥങ്ങളും, മാസികകളും വാരികകളും വായിക്കുന്നു, ഞങ്ങൾക്ക് യാതൊരുവിധ വിലക്കുകളുമില്ല. അങ്ങനെ ഞങ്ങളെക്കുറിച്ചുള്ള എല്ലാ ആരോപണങ്ങളും ഞങ്ങൾ കേൾക്കുകയും ഞങ്ങളുടെ പ്രതിമാസ ജിഹ്വയായ “സത്യദൂതനി”ലൂടെയും മറ്റു ഗ്രന്ഥങ്ങളിലൂടെയും എല്ലാ ആരോപണങ്ങൾക്കും മറുപടി നല്കുമ്പോൾ – ഞങ്ങളുടെ ഗ്രന്ഥങ്ങളും മാസികകളും നിങ്ങൾ വായിക്കുവാൻ മിനക്കെടുന്നില്ല. അതുകൊണ്ട് തന്നെ തെറ്റിദ്ധാരണ – തെറ്റിദ്ധാരണയായി തന്നെ നിലനില്ക്കുന്നു.

ഈയുള്ളവൻ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ പിറന്നുവീണവനല്ല, മറിച്ച് എല്ലാ വിലക്കുകളും മറകളും നീക്കി ജമാഅത്തിനെക്കുറിച്ച് സത്യസന്ധമായി പഠിക്കാൻ ശ്രമിച്ചു. അതിന് ഫലവുമുണ്ടായി. ഏതൊരു പ്രസ്ഥാനത്തേയും പഠിക്കാൻ ആ പ്രസ്ഥാനത്തിന്റെ ആധികാരിക പണ്ഡിതന്മാരേ സമീപിക്കുകയോ, ആധികാരിക ഗ്രന്ഥങ്ങൾ പരിശോധിക്കുകയോ ആണല്ലോ ചെയ്യേണ്ടത്. “ജമാഅത്തെ ഇസ്‌ലാമി” എന്ന പ്രസ്ഥാനത്തെക്കുറിച്ച് പഠിക്കാൻ തുനിയുന്ന ഒരു സത്യാന്വേഷി, കെ. ഉമർ മൗലവിയെ സമീപിച്ച്, അദ്ദേഹത്തിന്റെ വിശദീകരണത്തിൽ തൃപ്തനാവുകയാണോ നീതി? തീർച്ചയായും അല്ല.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെക്കുറിച്ച് പഠിക്കാൻ കൊടിയത്തൂർ അബ്ദുറഹ്മാനെ സമീപിക്കുകയാണോ നീതി?

പുണ്യപ്രവാചകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ.അ) തിരുമേനിയുടെ പുണ്യചരിത്രം പഠിക്കാൻ ഒരുമ്പെടുന്ന ഒരു നിഷ്പക്ഷകൻ ഇടമറുകിന്റേയും, സൽമാൻ റുഷ്ദിയുടേയും ഗ്രന്ഥങ്ങൾ വായിച്ച് മതിയാക്കുകയാണോ നീതി? ഒരിക്കലുമല്ലല്ലോ. അപ്പോൾ ബഹുമാനപൂർവ്വം ഞാൻ താങ്കളോട് ചോദിക്കാൻ ആഗ്രഹിക്കുന്നു. ജമാഅത്തെ ഇസ്‌ലാമി 1941–ൽ രൂപീകരിച്ചതാണ്. എന്നാൽ 1889–ൽ രൂപീകൃതമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആധികാരികഗ്രന്ഥങ്ങൾ താങ്കൾ ഇത് വരെയായി വായിച്ചിട്ടുണ്ടോ? ഹദ്റത്ത് അഹ്മദ് (അ) ഏകദേശം 80 ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്? അഥവാ താങ്കൽ വായിച്ചിട്ടുണ്ടെങ്കിൽ, അല്ലാഹുവിനും, പുണ്യപ്രവാചകൻ ഹദ്റത്ത് മുഹമ്മദ് നബി (സ.അ) തിരുമേനിക്കും, വിശുദ്ധ ഖുർആനിനും, ദീനുൽ ഇസ്‌ലാമിനും വിരുദ്ധമായ എന്തെങ്കിലും ഒരു വാക്ക് താങ്കൾക്ക് പ്രസ്തുത ഗ്രന്ഥത്തിൽ നിന്നും കാട്ടി തരാൻ കഴിയുമോ? തീർച്ചയായും കഴിയില്ല. അങ്ങനെ താങ്കൾ ചൂണ്ടിക്കാണിച്ച് തന്നാൽ താങ്കളുടെ സേവകനായി ജീവിതകാലം മുഴുവൻ കഴിഞ്ഞുകൊള്ളാം. ജമാഅത്തിനെ സംബന്ധിച്ച് താങ്കൾ ഉൾപ്പെടെയുള്ള പുരോഗമനപ്രസ്ഥാന പ്രവർത്തകർ വരെ എന്തെല്ലാം തെറ്റിദ്ധാരണകളാണ് പറഞ്ഞ് പരത്തുന്നത്. ഞാൻ നിങ്ങളോടൊപ്പം 9 വർഷം ജീവിച്ചവനാണ്.

**“അഹ്മദികളുടെ മതം വേറെയാണ്.” തികച്ചും തെറ്റ് – ഇസ്‌ലാമല്ലാതെ ഞങ്ങൾക്ക് ഒരു മതവുമില്ല. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്നാണ് ജമാഅത്തിന്റെ പേര്.

* “അഹ്മദികളുടെ കലിമ വേറെയാണ്.” ഗുരുതരമായ തെറ്റ്.” ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദു റസൂലുല്ലാഹ്”

ഇതാണ് ഞങ്ങളുടെ കലിമ

* “ഹദ്റത്ത് മുഹമ്മദ് നബി (സ.അ)യെ ഖാദിയാനികൾ പിൻപറ്റുന്നില്ല.” – തെറ്റ് ഹദ്റത്ത് മുഹമ്മദ് നബി (സ.അ) തിരുമേനി ഖാത്തമന്നബീയ്യീൻ ആണെന്നും, പുണ്യ തിരുമേനിക്ക് തുല്യമായി ഭൂമുഖത്ത് ഒരാളും ജനിച്ചിട്ടില്ലെന്നും ഇനി ഒരാളും ജനിക്കുകയില്ലെന്നും, അദ്ദേഹത്തെ പിൻപറ്റാത്ത ആർക്കും തന്നെ മോക്ഷം പ്രാപിക്കുക സാദ്ധ്യമല്ലെന്നും ഞങ്ങൾ അടിയുറച്ച് വിശ്വസിക്കുന്നു.

‘ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ആ പുണ്യ പ്രവാചകന്റെ ദാസൻ മാത്രമാണ്. ഹദ്റത്ത് അഹ്മദ് (അ)ന്റെ ഏതാനും ഉദ്ധരണികൾ മാത്രം താങ്കളുടെ വലിയ ചിന്തയിലേക്ക് വിട്ടുകൊണ്ട് ഞാൻ ഈ കത്ത് നിർത്തികൊള്ളാം.

* “ഞാൻ എന്റെ നേതാവും യജമാനനും പ്രവാചകമകുടമണിയും മനുഷ്യകുലോത്തമനുമായ ഹദ് റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ കാല്പാടുകളെ പിൻതുടർന്നില്ലായിരുന്നെങ്കിൽ ഈ അനുഗ്രഹങ്ങളൊന്നും എനിക്ക് കൈവരിക്കാൻ കഴിയുമായിരുന്നില്ല. ഞാൻ നേടിയതത്രയും അവിടത്തെ പിന്തുടർച്ച മൂലം നേടിയവയത്രെ. ആ നബിശ്രേഷ്ഠനെ പിൻ പറ്റാതെ

ദൈവപ്രാപ്തി കൈവരിക്കുകയും ദിവ്യജ്ഞാനത്തിന്റെ അംശം സമ്പാദിക്കുകയും ചെയ്യുവാൻ യാതൊരാൾക്കും സാധിക്കുകയില്ലെന്ന് സത്യവും സമ്പൂർണ്ണവുമായ ജ്ഞാനം മുഖേന ഞാൻ മനസ്സിലാക്കുന്നു. നബി(സ) തിരുമേനിയെ ആത്മാർത്ഥമായും പരിപൂർണ്ണമായും വഴിപെട്ടതിനുശേഷം മറ്റെന്തിനേക്കാളും മുമ്പേ ഹൃദയത്തിൽ ഉടലെടുക്കുന്നന്നതെന്താണെന്നുകൂടി ഞാൻ ഇവിടെ വിവരിച്ചുകൊള്ളുന്നു. ഓർത്തുകൊൾക! അത് പരിശുദ്ധ ഹൃദയമാകുന്നു. എന്നുവച്ചാൽ, ഹൃദയത്തിൽനിന്ന് ഭൗതീകാസക്തി പാടേ നിഷ്ക്രമിക്കുകയും ഹൃദയം ശാശ്വതവും അനശ്വരവുമായ അനുഭൂതിയെ തേടിക്കൊണ്ടിരിക്കുന്ന അവസ്ഥയെ കൈവരിക്കുകയുമാണത്. അതിനുശേഷം ആ ഹൃദയശുദ്ധി മുഖേന നിർമലവും പരിപൂർണ്ണവുമായ ദൈവപ്രേമം സംസിദ്ധമാകുന്നു. ഈ എല്ലാ അനുഗ്രഹങ്ങളും തിരുനബിയോടുള്ള പിന്തുടർച്ച മുഖേന പൈതൃകമെന്നോണം ലഭിക്കുന്നതാകുന്നു."

– ഹദ്റത്ത് അഹ്മദ് (അ)

(റൂഹാനി ഖസായിൻ, വാള്യം 22, ഭാ. 64 65; ഹഖീഖത്തുൽ വഹ്യ്)

* "ഭൂമിയിലുള്ളവർ കരുതുന്നുണ്ടാവും, ഒടുവിൽ ഈ ലോകത്ത് പരക്കുന്നത് ക്രിസ്തുമതമായിരിക്കുമെന്ന്, അഥവാ അവസാനം നിലനില്ക്കുന്നത് ബുദ്ധമതമായിരിക്കുമെന്ന്. എന്നാൽ അവരെല്ലാം തെറ്റായ ധാരണയിലാണ്. ആകാശത്തിൽ തീരുമാനിക്കപ്പെടുന്നതുവരെ ഭൂമിയിൽ ഒന്നും സംഭവിക്കയില്ലെന്ന് ഓർത്തുകൊൾവിൻ. ജനഹൃദയങ്ങളെ അവസാനം കീഴ്പെടുത്തുന്നത്, ഇസ്ലാം മതമായിരിക്കുമെന്ന് സ്വർഗത്തിന്റെ നാഥൻ എന്നെ അറിയിക്കുന്നു.

(റൂഹാനീ ഖസായിൻ വാള്യം 21, ഭാ. 427 ബറാഹീനെ അഹ്മദിയ്യ – ജിൽദ് – V)

*"തൗഹീദ് ഒരു പ്രകാശമാകുന്നു. ആന്തരീയമോ ബാഹ്യമോ ആയ ലോകത്തിലെ എല്ലാ ദുർദൈവങ്ങളുടേയും നിരാകരണത്തിന് ശേഷം മാത്രം ഹൃദയത്തിൽ ഉടലെടുക്കുന്ന ഒന്നാകുന്നു അത്. മനുഷ്യസത്തയുടെ ഓരോ അണുവിലും അത് വ്യാപിക്കുമാറാകുന്നു. ദൈവത്തിന്റേയും അവന്റെ തിരുദൂതരുടേയും സഹായമില്ലാതെ സ്വശക്തികൊണ്ട് മാത്രം അതെങ്ങനെ സംപ്രാപ്തമാകും? തന്റെ അഹന്തയ്ക്ക് അറുതിവരുത്തുകയും പൈശാചികമായ അഹങ്കാരത്തെ കൈയൊഴിക്കുകയും ചെയ്ക എന്നത് മാത്രമാണ് മനുഷ്യന്റെ കർത്തവ്യം. അറിവിൽ വളർന്നവനാണെങ്കിലും അറിവില്ലാത്തവനായി സ്വയം കരുതുകയും പ്രാർത്ഥനയിൽ നിരതനായിരിക്കുകയും വേണ്ടതാണ്. അപ്പോഴാണ് തൗഹീദിന്റെ പ്രകാശം ദൈവത്തിൽ നിന്ന് അവനിൽ ഇറങ്ങുക. അതോടെ അയാൾക്ക് പുതിയൊരു ജീവിതം പ്രദാനം ചെയ്യപ്പെടുന്നു.

(റൂഹാനി ഖസായീൻ, വാള്യം 22 ഭാഗം 148 ഹഖീഖത്തുൽ വഹ്യ്)

* "ഓ ഭൂവാസികളെ! അല്ലയോ കിഴക്കും പടിഞ്ഞാറും നിവസിക്കുന്ന മനുഷ്യാത്മാക്കളെ, സത്യമതം ഇന്ന് ലോകത്ത് ഇസ്ലാം മാത്രമാണെന്നും വിശുദ്ധ ഖുർആനിൽ പറയപ്പെട്ട ദൈവം മാത്രമാണ് സത്യദൈവമെന്നും, ആത്മീയമായി ജീവിച്ചിരിക്കുന്ന പ്രവാചകൻ എന്ന് വെച്ചാൽ, മഹത്വത്തിന്റെയും പരിശുദ്ധിയുടേയും സിംഹാസനത്തിൽ എന്നെന്നും ഇരിക്കുന്ന പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയാണെന്നുമുള്ള വസ്തുത സ്വീകരിക്കുവാൻ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.!"

(റൂഹാനീ ഖസായീൻ വാള്യം 15, ഭാ 141, തരിയാഖുൽ ഖുലൂബ്, ഭാ-13)

ഹദ്റത്ത് ഈസാ നബി (അ) ആകാശത്ത് നിന്നും ഇറങ്ങിവരുമെന്ന് പ്രതീക്ഷിച്ചിരിക്കുന്ന മുസ്ലിംകളുടേയും ക്രിസ്ത്യാനികളുടെയും മുഖത്ത് നോക്കി അദ്ദേഹം പ്രഖ്യാപിച്ചു.

"അകാശത്ത് നിന്ന് ആരും ഒരിക്കലും ഇറങ്ങി വരികയില്ലെന്ന് നിങ്ങൾ ഓർമ്മിച്ചുകൊള്ളുവിൻ! ഇന്ന് ജീവിച്ചിരിക്കുന്ന എന്റെ വിരോധികളെല്ലാവരും തങ്ങളിൽ ആരും ഈസബ്നുമർയം ആകാശത്തുനിന്ന് ഇറങ്ങുന്നത് കാണാതെ തന്നെ മരിച്ചൊടുങ്ങും. പിന്നെ ശേഷിക്കുന്ന അവരുടെ സന്തതികളും ഈസബ്നുമർയം ആകാശത്ത് നിന്ന് ഇറങ്ങുന്നത് കാണാതെ തന്നെ മരണമടയും. അവരുടെ സന്തതികളും സന്തതികളുടെ സന്തതികളും മരിച്ചുതീരും. എന്നാൽ, അവരും മർയമിന്റെ പുത്രൻ ആകാശത്തു നിന്ന് ഇറങ്ങുന്നത് കാണുകയില്ല. അപ്പോൾ ഈ വിശ്വാസവും പ്രതീക്ഷയും വെച്ചുകൊള്ളുന്നവരുടെ ഹൃദയത്തിൽ പരിഭ്രമം ജനിക്കും. കാരണം, ആ കുരിശിന്റെ മേധാവിത്വകാലം കഴിഞ്ഞുപോകയും ലോകം ഒരു നവീനഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. എന്നാലും, മർയമിന്റെ പുത്രൻ ഈസ(അ) അതുവരെയും ആകാശത്തുനിന്നും ഇറങ്ങിയിരിക്കുകയില്ല. തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസങ്ങളെ പാടെ വെറുത്ത് തുട

*(ശേഷം 37- ൽ)*

ലേഖനം

**അൽഖുർആൻ എക്സിബിഷൻ - 17**

ഏ.ക്യു മഹ്ദി

# 'ദജ്ജാൽ' ഖുർആനിക വിവരണങ്ങളിലൂടെ

**യൂറോപ്യൻ നവോത്ഥാനത്തിന് ശേഷം വർദ്ധിത വീര്യത്തോടെ ഉയിർത്തെഴുന്നേറ്റ ഭൗതികോന്മുഖമായ കോളോണിയൽ ശക്തികളെയാണ് ദജ്ജാൽ എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. അക്ഷരാർത്ഥത്തിൽ അങ്ങനെയൊരു സത്വത്തെ പ്രതീക്ഷിച്ചിരിക്കുന്ന മുസ്ലിംകൾ തെറ്റിദ്ധാരണയിലകപ്പെട്ടവരാണ്.**

ആരാണ് ദജ്ജാൽ.....? എന്താ ണ് ദജ്ജാൽ? ആ പദത്തിന്റെ അർത്ഥ സൂചന എന്ത്?

ദജ്ജാലിനെ അതിശക്തനും ഭീമാകാരനും അമാനുഷികനുമായ ഒരു രാക്ഷസീയ സത്വമായിട്ടാണ് മുസ്ലിംകൾ സങ്കൽപ്പിച്ചു പോരുന്നത്. നബി തിരുമേനി(സ) ഒരു സ്വപ്നത്തിലാണ് ദജ്ജാലിനെ ദർശിച്ചത്. അതുകൊണ്ടുതന്നെ അത് പ്രതീകാത്മകവും വ്യാഖ്യാനങ്ങളിലൂടെ മാത്രം സാർത്ഥകമാകേണ്ടതുമാണ്. ദജ്ജാലിനെപറ്റിയുള്ള എല്ലാ വിവരണവും സൂക്ഷ്മവും അഗാധവുമായ വഴികളിലൂടെ ഇസ്ലാമി നെ നശിപ്പിക്കുന്ന ഒരു ജനതയെ സൂചിപ്പിക്കുന്നു. അത്, യൂറോപ്യൻ മിഷണറിമാർക്കും അവരുടെ ജനതയ്ക്കും അനുപൂരകമാണ്.

ഈ വിഷയത്തിലുള്ള രണ്ടു നബിവചനങ്ങൾ നമുക്കിവിടെ ശ്രദ്ധിക്കാം.

**ഒന്ന് : ആദിമമനുഷ്യൻ തൊട്ട് അന്ത്യനാൾ വരെയുള്ള കാലയളവിൽ ദജ്ജാലിനോളം സമാനമായ ഒരാപത്തും ഇല്ല. (ബുഖാരി).**


**രണ്ട് : ആദമിനുശേഷമുള്ള എല്ലാ പ്രവാചകന്മാരും ദജ്ജാലിന്റെ ഉപദ്രവത്തെപ്പറ്റി താക്കീത് നൽകിയിട്ടുണ്ട്. (തിർമിദി)**

ദജ്ജാലിന്റെ ശബ്ദാർത്ഥം - ചരക്കുകൾ വഹിച്ചുകൊണ്ട് വ്യാപാരാർത്ഥം സഞ്ചരിക്കുന്ന ആൾക്കൂട്ടം. മൂലപദാർത്ഥം - പെരുങ്കള്ളം പറയുന്നവൻ, ലോകം ചുറ്റി സഞ്ചരിക്കുന്നവൻ, ജനസമൂഹം.

ഇനി യഅ്ജൂജ് മഅ്ജൂജ്- GOG MAGOG - എന്തെന്നു നോക്കാം.

ദജ്ജാൽ എന്നത് ക്രൈസ്തവ ജനതയുടെ മതപരമായ ഭാവത്തേയും, യഅ്ജൂജ് മഅ്ജൂജ് അവരുടെ കൊളോണിയൽ സാമ്രാജ്യത്വ രാഷ്ട്രീയ അധിനിവേശങ്ങളെയും സൂചിപ്പിക്കുന്നു. ഇസ്ലാമിക പ്രമാണങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ദജ്ജാൽ, യൂറോപ്യൻ നവോത്ഥാനത്തിനുശേഷം വർദ്ധിതവീര്യത്തോടെ ഇസ്ലാമിനും മുസ്ലിം ലോകത്തിനുമെതിരെ ആഞ്ഞടിച്ച പാശ്ചാത്യ നാഗരികതയാണ്.

ഇസ്ലാമിക ഖിലാഫത്ത് വ്യവസ്ഥ രാജാധികാരത്തിലേയ്ക്കും ഭോഗാലസ്യത്തിലേയ്ക്കും നീങ്ങിയപ്പോൾ ദജ്ജാലീശക്തി മുസ്ലിംകൾക്കുമേൽ ഭയാനകമായ ഒരു ശി



## യൂറോപ്യൻ കോളാണിയലിസം
### European Colonialism



സ്പെയിനിൽനിന്നും മുസ്ലിംകളെ നിഷ്കാസിതരാക്കിയ യൂറോപ്യൻമാർ മുസ്ലിംകൾ ഉപയോഗിച്ച നാവികഉപകരണങ്ങളും നക്ഷത്രച്ചാർട്ടുകളും ഉപയോഗിച്ച് പുതിയലോകം വെട്ടിപ്പിടിക്കാനുള്ള പര്യവേഷണ യാത്രകൾ ആരംഭിച്ചു. 1493ൽ പോപ്പ് അലക്സാണ്ടർ ആറാമൻ സ്പെയിനിനും പോർട്ടുഗലിനും മധ്യേ ഉത്തരദക്ഷിണ ധ്രുവങ്ങളെ ബന്ധിപ്പിച്ച് ഒരു സാങ്കല്പികരേഖ വരക്കുകയും ഭൂഗോളത്തിന്റെ കിഴക്കും പടിഞ്ഞാറും ഈ രണ്ട് ക്രിസ്തീയ രാജ്യങ്ങൾക്കും വീതം വെക്കുകയും ചെയ്തു. പോപ്പിന്റെ അനുഗ്രഹത്തോടെ ക്രിസ്റ്റോഫർ കൊളംബസ് പടിഞ്ഞാറോട്ടും വാസ്ഗോഡഗാമ കിഴക്കോട്ടും യാത്ര ചെയ്തു. അതോടെ കോളനിവത്കരണപ്രക്രിയ ഉദ്ഘാടനം ചെയ്യപ്പെട്ടു. 105

ക്ഷയായി രൂപംകൊള്ളുകയായിരുന്നു. ഇസ്ലാമിക പ്രമാണങ്ങളിൽ വ്യക്തമായി പറയപ്പെട്ട ദജ്ജാൽ ഭീകരമായ ഒരു യാഥാർത്ഥ്യമായി മുസ്ലിംകളെ ആക്രമിക്കുമ്പോഴും ഈ സത്വത്തെ ഇനിയും കണ്ണുകൊണ്ടു കാണാൻ കാത്തിരിക്കുന്നത് തികച്ചും വിരോധാഭാസം തന്നെ. ദജ്ജാലിന്റെ ആക്രമണത്തെ സൂചിപ്പിക്കാൻ, ഗൾഫ് യുദ്ധത്തിനു ശേഷവും, നീളുന്ന അതിന്റെ സംഹാരം ഭീകരമായ നിലയിൽ ഇപ്പോഴും തുടരുന്നതു ഓർക്കുക.

ദജ്ജാൽ ആരാണെന്നത് നബിവചനങ്ങളിലൂടെയും വ്യക്തമാണ്.

'സൂറാ കഹ്ഫിന്റെ ആദ്യത്തെ പത്തു സൂക്തങ്ങൾ പതിവായി പാരായണം ചെയ്യുന്നവർ ദജ്ജാലിന്റെ ഉപദ്രവത്തിൽ നിന്നും രക്ഷപ്പെടുന്നതാണ്' (മുസ്നദ്)

സൂറാ കഹ്ഫിലെ ആദ്യ സൂക്തം ഇതാ,

'അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചുവെന്നു പറയുന്നവർക്ക് മുന്നറിയിപ്പു നൽകുന്നതിനുവേണ്ടി. അവർക്കോ അവരുടെ പിതാക്കൾക്കോ അത് സംബന്ധിച്ച് ഒരറിവുമില്ല. അവരുടെ വായിൽനിന്നു പുറപ്പെടുന്ന വാക്ക് ഗുരുതരമായതാണ്. കള്ളമല്ലാതെ അവർ പറയുന്നില്ല.'

യേശു ദൈവപുത്രൻ എന്ന് വിശ്വസിക്കുന്ന ക്രിസ്തീയ ലോകമാണ് ദജ്ജാൽ എന്ന് ഇവിടെ വളരെ വ്യക്തവും സ്പഷ്ടവുമാണ്.

ദജ്ജാലിന്റെ ഭൗതികഭാവം കൂടി നമുക്കു പരിശോധിക്കാം.

**ഒറ്റക്കണ്ണൻ:** ദജ്ജാലിന്റെ ഒരു കണ്ണിന് (വലതു) അന്ധത ബാധിച്ചിരിക്കും. ഇത് ആത്മീയദർശനത്തിന്റെ അഭാവം സൂചിപ്പിക്കുന്നു. ക്രിസ്തുമത വിശ്വാസികൾ കേവലം ഒരു മനുഷ്യനെയാണ് ദൈവമായി വിശ്വസിക്കുന്നത്. ഇടതുകണ്ണ് (ഭൗതികനേത്രം) അതീവകാഴ്ചയുള്ളതാണ്. ഇത്, അവരുടെ ശാസ്ത്രീയമായ ദർശനശേഷിയും ഭൗതികപുരോഗതിയും സൂചിപ്പിക്കുന്നു. **ദജ്ജാലിന്റെ വാഹനം:** അവന്റെ കൂടെ ഒരു കഴുത ഉണ്ടായിരിക്കും. അതിന് എഴുപതു മുഴം നീളമുണ്ടായിരിക്കും. ആ കഴുത തീയാണു തിന്നുക. അതിനകത്താണ് ആളുകൾ സഞ്ചരിക്കുക.

ഇത് തീവണ്ടിയെ സൂചിപ്പിക്കുന്നു. ക്രൈസ്തവ കൊളോണിയൽ ശക്തികളുടെ പ്രിയപ്പെട്ട വാഹനമായിരുന്നു തീവണ്ടി. മേഘങ്ങളിലൂടെ സഞ്ചരിക്കുന്ന കഴുത ആകാശവിമാനത്തെയാണു സൂചിപ്പിക്കുന്നത്.

**'തന്നെ അനുസരിക്കുന്നവർക്കു നൽകാൻ അപ്പത്തിന്റെ മലകൾ കൂടെ കൊണ്ടു നടക്കും.'**

ദജ്ജാലിനെ അനുഗമിക്കുന്ന ദരിദ്രവിഭാഗങ്ങളുടെ അണികൾ വർദ്ധിപ്പിക്കാനാവശ്യമായ ധാന്യശേഖരങ്ങൾ അവന്റെ കൂടെയുണ്ടായിരിക്കും.

**എഴുപതിനായിരം മുസ്ലിംകളും ദജ്ജാലിനെ അനുഗമിക്കും.**

മുസ്ലിംകൾ മറ്റു മതങ്ങളിലേയ്ക്ക് പരിവർത്തനം ചെയ്യുക അത്യപൂർവ്വമാണ്. എന്നാൽ ക്രിസ് തീയ പ്രലോഭനങ്ങൾക്കു വശംവദരായി ഏഷ്യയിലെയും ആഫ്രിക്കയിലെയും ലക്ഷക്കണക്കിനു മുസ് ലിംകൾ ക്രിസ്ത്യാനികളായിത്തീർന്നു. കുലീന കുടുംബാംഗങ്ങളും പ്രഗത്ഭരായ മുസ്ലിം പണ്ഡിതന്മാർ വരെ ക്രിസ്തുമതങ്ങൾ പ്രവേശിച്ചുവെന്നത് ഒരു ചരിത്രമാണ്. ○

---

*(25-ൽ നിന്ന് തുടർച്ച)*

നല്ലതായി തോന്നുന്നുണ്ടോ?' 'ഉണ്ട്' എന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ നബി(സ) അദ്ദേഹത്തോട് പറഞ്ഞു: എന്നാൽ പോയി അതെടുത്തുകൊള്ളുക. ഇതെല്ലാം താങ്കൾക്കുള്ളതാണ്.' സ്വഫ്വാൻ അനിയന്ത്രിതമായി പറഞ്ഞുപോയി, '**അല്ലാഹുവൊണ, ഇത്ര വലിയ ദാനം, ഇത്രമാത്രം സന്തോഷത്തോടെ ഒരു നബിയല്ലാതെ മറ്റാരും നല്കുകയില്ല**.' ഇതു പറഞ്ഞുകൊണ്ട് അവിടെ വെച്ച് അദ്ദേഹം നബി(സ)യുടെ കാൽക്കൽ വീണു ഇസ്ലാം സ്വീകരിച്ചു. (*ഇബ്നു ഹിശാം*)

(തുടരും) ○

ലേഖനം

സാറാ വസിം

# ഫ്രാൻസിലെ ബുർഖ നിരോധനം

**ശിരോവസ്ത്രം ധരിച്ച് ശരീരമാകെ മൂടിപ്പുതച്ചാണ് കന്യാസ്ത്രീകൾ നടക്കുന്നത്. പള്ളികൾക്കകത്ത് ക്രിസ്ത്യൻ സ്ത്രീകൾ ശിരോവസ്ത്രം ധരിച്ചാണ് പ്രാർത്ഥിക്കുന്നത്. ബൈബിളും സ്ത്രീകൾ മൂടുപടം ധരിക്കുന്നത് സാത്വികതയുടെ ചിഹ്നമായി ഗണിക്കുന്നു. എന്നിട്ടും ഫ്രാൻസിലെ ക്രിസ്ത്യാനിയായ പ്രസിണ്ട് ബുർഖയെ അധിക്ഷേപിക്കുന്നത് എന്തിന്റെ പേരിലാണ്?**

കണ്ണുകളൊഴികെ സർവ്വാംഗങ്ങളും ആവരണം ചെയ്യുന്ന, മുസ്‌ലിം വനിതകൾ ധരിക്കുന്ന ബുർഖ അഥവാ ഹിജാബ് വീണ്ടും തലക്കെട്ടുകളിൽ സ്ഥാനം പിടിച്ചിരിക്കുന്നു! ഫ്രാൻസിൽ മുസ്‌ലിം സ്ത്രീകൾ ബുർഖ ധരിക്കുന്നതിനെ ഫ്രഞ്ച് പ്രസിഡണ്ട് നിക്കോലാസ് സർകോസി 2009 ജൂൺ 22-ാംനു തിങ്കളാഴ്ച പാർലിമെന്റിൽ ചെയ്ത ചരിത്രപ്രധാനമായ പ്രസംഗത്തിൽ നിശിതമായി വിമർശിച്ചു.

*"ബുർഖയുടെ പ്രശ്നം മതപരമായ പ്രശ്നമല്ല. സ്ത്രീകളുടെ അന്തസ്സിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രശ്നമാണത്. ഇത് മതപരമായ ഒരു ചിഹ്നമല്ല. പാദസേവ ചെയ്യുന്നതിന്റെയും തരംതാഴ്ത്തലിന്റെയും പ്രശ്നമാണ്. ഫ്രാൻസിൽ ബുർഖ സ്വാഗതാർഹമല്ലെന്ന് ഞാൻ സഗൗരവം പറയാൻ ആഗ്രഹിക്കുന്നു. വ്യക്തിത്വം നിഷേധിക്കപ്പെട്ട് സാമൂഹ്യജീവിതത്തിൽ നിന്ന് നിഷ്കാസിതരായി സ്ത്രീകൾ വേലിക്കകത്ത് തളച്ചിടപ്പെടുന്നത് ഞങ്ങളുടെ രാജ്യത്ത് സ്വീകാര്യമല്ല. സ്ത്രീകളുടെ അന്തസ്സിനെ സംബന്ധിച്ച് ഞങ്ങൾക്കുള്ള ആശയം ഇതല്ല."*

മുസ്‌ലിം സ്ത്രീകളുടെ വേഷത്തെക്കുറിച്ചുള്ള വിവാദം പുത്തനല്ല. മുസ്‌ലിം ശിരോവസ്ത്രമടക്കമുള്ള നേത്രസമാകർഷമായ ഇനങ്ങൾ വിദ്യാർത്ഥികൾ സ്കൂളുകളിൽ ധരിക്കുന്നത് നിരോധിച്ചുകൊണ്ട് 2004-ൽ ഫ്രാൻസ് നിയമം പാസ്സാക്കിയിരുന്നു. തങ്ങളുടെ ശിരോവസ്ത്രങ്ങൾ നീക്കാൻ വിസമ്മതിച്ച രണ്ട് വിദ്യാർത്ഥികളെ ഒരു ഫ്രഞ്ച് സ്കൂളിൽ നിന്ന് പുറത്താക്കിയതിൽ മനുഷ്യാവകാശ ലംഘനമൊന്നുമില്ലെന്ന് 2008 ഡിസംബറിൽ യൂറോപ്യൻ മനുഷ്യാവകാശ ക്കോടതി ഐകകണ്ഠ്യേന വിധിച്ചിരുന്നു. ഫ്രഞ്ച് സംസ്കാരം സ്വാംശീകരിച്ചിട്ടില്ലെന്നും ഫ്രഞ്ച് മൂല്യങ്ങളുമായി പൊരുത്തപ്പെടാത്ത വിധത്തിലുള്ള ഇസ്‌ലാമികാചാരം കൈക്കൊണ്ടെന്നും ആരോപിച്ച് കഴിഞ്ഞ ജൂലായ് മാസം ഒരു മുസ്‌ലിം വനിതയുടെ പൗരത്വത്തിനുള്ള അപേക്ഷ നിരാകരിക്കപ്പെട്ടിരുന്നു. അതിനാൽ, മൂടുപടം ധരിക്കുന്നതിനെ സംബന്ധിച്ച് ഇസ്‌ലാം എന്താണ് പറയുന്നതെന്ന് നോക്കാം.

വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് സ്ത്രീകൾ: *'അവരുടെ മേൽവസ്ത്രങ്ങൾ തങ്ങളുടെ ശരീരങ്ങളിന്മേൽ മൂടിപ്പുതക്കേണ്ടതാണെന്നു പറയുക. അവരെ തിരിച്ചറിയുന്നതിനും അങ്ങനെ, അവരെ (ആരും) ശല്യപ്പെടുത്താതിരിക്കുന്നതിനും ഏറ്റവും ഉപയുക്തമായ മാർഗമാണിത്. അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു'* (അദ്ധ്യായം 33 വാക്യം: 60)

*സത്യവിശ്വാസിനികളോട് പറയുക: "അവർ തങ്ങളുടെ കണ്ണുകൾ താഴ്ത്തുകയും അവരുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്തുകൊള്ളട്ടെ. അവരുടെ സൗന്ദര്യം അവർ വെളിപ്പെടുത്തരുത്, അതിൽ നിന്ന് സ്വയം വെളിപ്പെട്ടുപോകുന്നതല്ലാതെ. അവർ തങ്ങളുടെ ശിരോവസ്ത്രം തങ്ങളുടെ മാറിടത്തിൻമേൽ താഴ്ത്തിയിട്ട് മൂടിപ്പുതക്കേണ്ടതാണ്. അവർ തങ്ങളുടെ സൗന്ദര്യം ഭർത്താക്കന്മാർ"....* (അദ്ധ്യായം 24: വാക്യം 32)

മറ്റു മതഗ്രന്ഥങ്ങളും മൂടുപ

ടത്തെ സംബന്ധിച്ച് പറയുന്നു:

*"റിബെക്ക ദൃഷ്ടി ഉയർത്തി നോക്കി; ഇസഹാക്കിനെ കണ്ടപ്പോൾ അവൾ ഒട്ടകത്തിന്റെ പുറത്തുനിന്ന് ഇറങ്ങി. അവൾ ദാസനോടു ചോദിച്ചു: "വയലിലൂടെ നമുക്കഭിമുഖമായി വരുന്ന ആ മനുഷ്യൻ ആരാണ്?" ദാസൻ പറഞ്ഞു: 'എന്റെ യജമാനൻ'. അപ്പോൾ അവൾ മൂടുപടം എടുത്ത് അണിഞ്ഞു.* (ഉല്പത്തി 24:64-65)

*'മൂടുപടമില്ലാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കയോ ചെയ്യുന്ന ഏതു സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു; അതു അവൾ ക്ഷൗരം ചെയ്യിച്ചതുപോലെയല്ലോ. സ്ത്രീ മൂടുപടമിടുന്നില്ലെങ്കിൽ മുടി കത്രിച്ചുകളയട്ടെ. കത്രിക്കുന്നതോ ക്ഷൗരം ചെയ്യിക്കുന്നതോ സ്ത്രീക്ക് ലജ്ജയെങ്കിൽ മൂടുപടം ഇട്ടുകൊള്ളട്ടെ'* (1 കൊരിന്ത്യർ 11:5-6)

മൂടുപടമണിയുന്നത് സാത്വികമായ ഉദ്യമമായാണ് ബൈബിൾ കരുതുന്നത്. പ്രസിദ്ധമായ ഫ്രഞ്ച് ഗാലറി ലൂവറിൽ കന്യാമറിയത്തിന്റെ ചിത്രങ്ങൾ ഒരുപക്ഷേ, പ്രസിഡണ്ട് സർക്കോസി ഒന്നുകൂടി അടുത്തു നിന്ന് നോക്കണം. കലാരൂപങ്ങളിൽ അവരുടെ തലയിൽ ആവരണമണിഞ്ഞതായി ചിത്രീകരിച്ചത് അദ്ദേഹം ശ്രദ്ധിക്കണം. അതുപോലെ ചർച്ചിലെ പ്രാർത്ഥനാവേളയിൽ പങ്കെടുക്കുമ്പോൾ ശിരോവസ്ത്രമണിയുന്നത് കത്തോലിക്കാവനിതകൾ നിർബന്ധമായി ഗണിക്കാറുണ്ട്. ക്രിസ്തീയ കന്യാസ്ത്രീകളും ആമിഷ് വനിതകളും ഇന്നും അവരുടെ തല മറയ്ക്കുന്നു.

ഒരു മുസ്‌ലിം സ്ത്രീ തന്റെ മുഖം മറയ്ക്കുന്നതിന്റെ പരിധി അവരുടെ അവസ്ഥയും പ്രായോഗികമായ ആവശ്യങ്ങളുമനുസരിച്ച് മാറിയേക്കാം. എന്നിരിക്കിലും, മൂടുപടമണിയുന്നത് ഒരു സ്ത്രീയെ സംബന്ധിച്ചേടത്തോളം അപമാനമോ തടസ്സമോ ആയി കരുതപ്പെടുന്നില്ല. പകരം അവളെ ബുദ്ധിപരവും ധാർമ്മികവും ആത്മീയവുമായ പുരോഗതിയുടെ തടസ്സങ്ങളിൽ നിന്നും സമൂഹത്തിന്റെ ബന്ധനത്തിൽ നിന്നും മോചിപ്പിക്കുകയും ആദരിക്കുകയുമാണ് അതു മുഖേന ചെയ്യുന്നതെന്ന് കാണാവുന്നതാണ്.

ദൈനംദിന ജീവിതത്തിൽ പങ്കെടുക്കുന്നതിൽ നിന്നും അവളെ തടയാൻ മൂടുപടത്തെ പുരുഷൻ ഉപയോഗിക്കുമ്പോഴാണ് അത് പാദസേവയുടെ അടയാളമായി മാറുന്നത്. വ്യസനകരമെന്നു പറയട്ടെ, സ്ത്രീകളോടുള്ള തങ്ങളുടെ ക്രൂരമായ പെരുമാറ്റം മുഖേന ചില മുസ്‌ലിം രാജ്യങ്ങൾ ഈ വിശ്വാസത്തെ അതിക്രമിക്കുവാൻ അനുവാദം നൽകുന്നു. എന്നിരിക്കിലും, മൂടുപടമണിയാത്തതിന്റെ പേരിൽ ഒരു സ്ത്രീയെ ശിക്ഷിക്കാൻ ഇസ്‌ലാമിൽ നിയമമൊന്നുമില്ലെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. അതവളുടെ വ്യക്തിസ്വാതന്ത്ര്യമാണ്. ലിംഗഭേദത്തിന്റെ പേരിൽ പുരുഷന് തന്റെ അധികാരം അവളുടെ മേൽ അടിച്ചേൽപിക്കാനുള്ള അനുമതിയില്ല.

യൂറോപ്പിലെ ഏറ്റവും വലിയ മുസ്‌ലിം ജനത അധിവസിക്കുന്ന ഫ്രാൻസിന്റെ പ്രശ്നങ്ങൾ സ്ത്രീകളുടെ മൂടുപടം കാരണമായുള്ളതല്ല, അതിലുപരി അവ സാമൂഹ്യപ്രശ്നങ്ങളാണ്. കുടിയേറ്റക്കാരുടേയും അവരുടെ ഫ്രാൻസിൽ ജനിച്ച മക്കളുടെയും തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. കുടിയേറ്റക്കാരുടെ നിരവധി മക്കൾ തങ്ങളോട് വിവേചനം കാണിക്കപ്പെടുന്നുവെന്ന് പരാതി പറയാറുണ്ട്. വിദേശ ചുവയുള്ള പേരുകളുള്ളതിനാൽ തങ്ങൾക്ക് ജോലി ലഭിക്കുന്നില്ലെന്നതാണ് അവരുടെ പരാതി. വടക്കെ അമേരിക്കക്കാരുടേയും കറുത്തവരായ കുടിയേറ്റക്കാരുടേയും ഇച്ഛാഭംഗത്തിനുള്ള തെളിവാണ് ഫ്രാൻസിൽ 2005ൽ നടന്ന മൂന്നാഴ്ച നീണ്ടുനിന്ന കലാപങ്ങൾ.

ഇവിടെയുള്ള മുസ്‌ലിം സമുദായവുമായി ഫ്രാൻസ് ചർച്ച നടത്തേണ്ടതുണ്ട്. ഇതിനുള്ള വഴി ബുർഖ നിരോധിക്കലല്ല. യഥാർത്ഥത്തിൽ മുസ്‌ലിം സ്ത്രീകളെ സംബന്ധിച്ചേടത്തോളം ബുർഖ പാദസേവയുടെ അടയാളമാണെന്ന് തീരുമാനിക്കുന്നത് ബുർഖ ധരിക്കാൻ സ്ത്രീകളെ നിർബന്ധിക്കുന്ന മുസ്‌ലിം പുരുഷന്മാരെപ്പോലെ തന്നെ അവരുടെ അവകാശങ്ങളുടെ മേലുള്ള കടന്നുകയറ്റമാണ്. അത് മുസ്‌ലിം സ്ത്രീകളുടെ അന്തസ്സിനെ ബഹുമാനിക്കുന്ന ഒരു പ്രയോഗമല്ല തന്നെ.

(The Review of Religions, Sept. 2009.

**വിവ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്)**

## ഐക്യപ്പെടുവിൻ

ആകാശത്തിൽ നിങ്ങൾ തൃപ്തനായിരിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഒരമ്മപെറ്റ മക്കളെ പ്പോലെ നിങ്ങൾ ഐക്യത്തിൽ വർത്തിക്കുവിൻ. സ്വന്തം സഹോദരന്റെ തെറ്റുകുറ്റങ്ങൾ ഏറെ പൊറുത്തുകൊടുക്കുന്നതാരോ അയാളാണ് നിങ്ങളിൽ ഏറെ ആദരണീയൻ. കടുംപിടുത്തം പിടിക്കുകയും പൊറുത്തുകൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ അങ്ങേയറ്റം ഭാഗ്യംകെട്ടവനത്രെ. അവനു ഞാനുമായി യാതൊരു ബന്ധവുമില്ല.

***ഹ: അഹ്മദ് (അ)***
***കിശ്തീ നൂഹ്***

ലേഖനം

അബ്ദുറഹിമാൻ കൊടിയത്തൂർ

# അഫ്ഗാനിസ്ഥാൻ, ഭാഗ്യം കെട്ട നാട്

**നൂറ് വർഷം മുമ്പ് അഫ്ഗാൻ ജനതയെ അഭിസംബോധന ചെയ്തുകൊണ്ട്, ജിഹാദി ആവേശം വെടിഞ്ഞ് സ്വയം ഒരു പരിവർത്തനം വരുത്തണമെന്ന് വാഗ്ദത്ത മസീഹ് നടത്തിയ ഹൃദയസ്പൃക്കായ അഭ്യർത്ഥനക്ക് പകരം തന്റെ രണ്ട് വിനീത ശിഷ്യരെ വധിച്ചുകളയുകയാണ് ആ ജനത ചെയ്തത്. അഫ്ഗാനികളുടെ വിധിവിപര്യയം വാഗ്ദത്ത മസീഹ് നേരത്തെ കണ്ടിരുന്നു.**

ഭീകരതയുടേയും യുദ്ധത്തിന്റേയും ഫലമായി ഭൂമിയിലെ നരകമായിതീർന്ന അഫ്ഗാനിസ്ഥാനെയും, അഫ്ഗാൻ വംശജർക്ക് ഭൂരിപക്ഷമുള്ള പാകിസ്താനിലെ അ തിർത്തി സംസ്ഥാനക്കാരെയും സംബോധന ചെയ്തുകൊണ്ട് വാഗ്ദത്ത മസീഹ് (അ) 100 വർഷം മുമ്പ് നൽകിയിട്ടുള്ള ഉപദേശങ്ങളും, താക്കീതുകളും, ഏതൊരാളെയും വിസ്മയപ്പെടുത്തുന്നതാണ്. അമുസ്‌ലിംകളായിപ്പോയി എന്ന കാരണത്താൽ പെഷവാറിൽ വെച്ച് 2 യൂറോപ്യന്മാരെ മതാന്ധരായ പഠാൻകാർ നിഷ്ഠൂരമായി കൊലചെയ്ത വാർത്തയറിഞ്ഞപ്പോൾ ആ മഹാത്മാവ് "ജിഹാദ്" എന്ന പേരിൽ ഒരു ചെറു ഗ്രന്ഥം രചിക്കുകയുണ്ടായി.

പ്രസ്തുത ഗ്രന്ഥത്തിൽ കാബൂൾ അമീറിനെ സംബോധന ചെയ്തുകൊണ്ട് അവിടുന്ന് അരുളുന്നു ***"ജിഹാദ് എന്ന പേരിൽ മറ്റു മതക്കാരുടെ മേൽ ആക്രമണം നടത്തുകയെന്ന മുസ്‌ലിംകളിൽ കാണപ്പെട്ടുവരുന്ന ഇന്നത്തെ പ്രവണത 'ശറഈ' (നിയമാനുസൃതമായ) ജിഹാദ് അല്ലെന്നും മറിച്ച് അല്ലാഹുവിന്റെയും റസൂലിന്റെയും കല്പനകൾക്ക് വിരുദ്ധമായ പ്രവൃത്തിയും കടുത്ത പാതകവുമാകുന്നു. എന്നാൽ ഈ സമ്പ്രദായത്തിൽ പറ്റിപ്പിടിച്ച ചില ഇസ്‌ലാമിക രാഷ്ട്രങ്ങൾ ഇത് ഒരു പഴയ ശീലം ആക്കിക്കഴിഞ്ഞിരിക്കയാൽ അതു വേഗം ഉപേക്ഷിക്കുക സാധ്യമല്ല. എന്നാൽ അത്തരം ഉപദേശം നൽകുന്നവരെ തങ്ങളുടെ ശത്രുവായി കരുതുകയും മതവിശ്വാസികളോട് യുദ്ധം ചെയ്യുന്ന ആവേശത്തോടെ അയാളുടെ കഥ കഴിക്കാൻ തയ്യാറാവുകയും ചെയ്തേക്കാം. എന്നാൽ ഞാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ് മുൻ അഫ്ഗാൻ അമീർമാരിൽ കാണപ്പെട്ടിട്ടില്ലാത്ത തരത്തിൽ അഫ്ഗാൻകാരിൽ പ്രഭാവം പുലർത്തിപ്പോരുന്ന ഇപ്പോഴത്തെ കാബൂൾ അധിപനായ അമീർ പേരുകേട്ട ആലിമീങ്ങളെ വിളിച്ചുകൂട്ടി ഈ ജിഹാദ് പ്രശ്നത്തെപറ്റി ചർച്ച നടത്തുകയും പിന്നീട് ഉലമാക്കൾ മുഖേന തന്നെ സാമാന്യ ജനങ്ങളെ അവരുടെ തെറ്റുകളെക്കുറിച്ച് ഉണർത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. അതോടൊപ്പം ഈ രാജ്യങ്ങളിലെ ഉലമാക്കൾ 'പുശ്തു' ഭാഷയിൽ ചില പുസ്തകങ്ങൾ തയ്യാറാക്കി വിപുലമായ തരത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ ജനങ്ങളിൽ സൽഫലങ്ങൾ സൃഷ്ടിക്കുമാറാകും... ഈ എത്രയും പ്രധാനപ്പെട്ട പരിഷ്കരണപരിപാടിയിലേക്ക് അമീർ അവർകൾ ശ്രദ്ധതിരിക്കാത്തപക്ഷം മുല്ലമാരുടെ ഇത്തരം ഫത്‌വകളുടെ നേരെ നിശ്ശബ്ദത കൈ ക്കൊള്ളുന്നതിന്റെ അന്തിമഫലങ്ങൾ ഗവൺമെന്റിനു തന്നെ വലിയ കഷ്ടനഷ്ടങ്ങൾ വരുത്തിവെച്ചേക്കും.*** (ജിഹാദ് പേജ് 37 ഹ: അഹ്മദ് (അ) പ്രസ്തുത ഗ്രന്ഥത്തിൽ വളരെ വിശദമായി തന്നെ മുല്ലമാരുടെയും പാമരജനങ്ങളുടെ യും ഈ തെറ്റായ ജിഹാദി സങ്കല്പത്തിന്റെ ദൂഷ്യങ്ങളെ സംബന്ധിച്ച് വിവരിക്കുകയും ഇതിൽ നിന്ന് ജനങ്ങളെ പിന്തിരിപ്പിക്കുവാൻ അമീറിന്റെ ഭാഗത്തു നിന്നും ശ്രമങ്ങളുണ്ടാവുന്നില്ല എങ്കിൽ അമീറിനു തന്നെയും

ആയിരകണക്കിന് ശിഷ്യന്മാരുണ്ടായിരുന്ന ദേഹവും അഫ്ഗാൻ രാജകൊട്ടാരത്തിലെ ആദരണീയനും, കിരീടധാരണത്തിന് കാർമ്മികത്വം വഹിക്കുന്ന മഹൽവ്യക്തിയുമായിരുന്ന സാദാ അബ്ദുൽ ലത്തീഫ് സാഹിബിനെ കാബൂളിന്റെ മണ്ണിൽ വെച്ച് അമീർ ഹബീബുല്ലാഖാനും; മുഫ്തിമാരും പരിവാരങ്ങളും ചേർന്ന് എറിഞ്ഞുകൊന്നത്. ഈ നിഷ്ഠൂരകൃത്യം വാഗ്ദത്ത മസീഹിനെ അത്യധികം വേദനിപ്പിക്കുകയുണ്ടായി. ''തദ്കിറത്തുശ്ശഹാദതൈൻ" എന്ന ഗ്രന്ഥത്തിൽ അദ്ദേഹം എഴുതി ***"ശഹ്സാദ അബ്ദുല്ലത്തീഫിന്ന് വിധിക്കപ്പെട്ട രക്തസാക്ഷിത്വം അങ്ങനെ സംഭവിച്ചു കഴിഞ്ഞു. ഇനി ദ്രോഹിക്കുള്ള പ്രതിക്രിയ ബാക്കിയിരിക്കുന്നു!" വീണ്ടും പ്രസ്തുത കൃതിയിൽ പറയുന്നു: "ഈ കൊല വലുതായ നിഷ്കരുണയോടെയാണ് ചെയ്യപ്പെട്ടിരിക്കു ന്നത്. ആകാശത്തിന് കീഴിൽ ഇക്കാലത്ത് ഈ കൊലക്ക് തുല്യമായ മറ്റൊരു സംഭവം കണ്ടെത്താനാവില്ല. ഹാ കഷ്ടം!! അവിവേകിയായ അമീർ എന്താണ് കാട്ടിക്കൂട്ടിയത്!! ഒരു പരമ നിരപരാധിയായ മനുഷ്യനെ അസാധാരണമായ നിർദ്ദയത്വത്തോടെ കൊന്ന് കൊണ്ട് അയാൾ സ്വയം നാശത്തിന് ഇരയായിരിക്കുന്നു. ഓ കാബൂൾ ഭൂപ്രദേശമേ നീ സാക്ഷി നിൽക്കുക. നിന്റെ വിരിമാറിൽ വെച്ചാണ് ഈ കൊടുംപാതകം ചെയ്യപ്പെട്ടിരിക്കുന്നത്. ഓ ഭാഗ്യം കെട്ട ഭൂപ്രദേശമേ, ദൈവ ദൃഷ്ടിയിൽ നീ തരംതാണുപോയിരിക്കുന്നു. ഈ മഹാപാതകത്തിന്റെ ക്രിയാവേദി നിന്റെ നിലമല്ലയോ!!"*** (തദ്കിറത്തുശ്ശഹദാതൈൻ ഭാഗം 74)

അല്ലാഹുവിന്റെ സത്യദൂതന്റെ അതിന്റെ ദുഷ്ഫലങ്ങൾ അനുഭവിക്കേണ്ടി വരുമെന്നും അവസാനം ഖിയാമത്തിന്റെ കാഴ്ചകൾ കാണേണ്ടണ്ടി വരുമെന്നും താക്കീത് ചെയ്യുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ നിരവധി ഗ്രന്ഥങ്ങളിൽ ജിഹാദിനെ സംബന്ധിച്ച ഇസ്ലാമിക പാഠങ്ങൾ വിവരിക്കുകയും ജിഹാദിന്റെ പേരിൽ നടത്തിക്കൊണ്ടിരിക്കുന്ന രക്തച്ചൊരിച്ചിൽ അവസാനിപ്പിക്കാൻ ഉൽബോധിപ്പിച്ചുകൊണ്ടിരിക്കയുമുണ്ടായി.

"ദുർറെസമിൻ" എന്ന കവിതാ സമാഹാരത്തിൽ അവിടുന്ന് അവസാനമായി താക്കീത് നൽകുന്നത് കാണുക:

***''എന്റെ ഈ ഉപദേശം ശ്രവിച്ച ശേഷവും യുദ്ധത്തിന് പോവുന്നവർക്ക് അവിശ്വാസികളുടെ കൈകളിൽ നിന്ന് കഠിനതരമായ വേദനകൾ സഹിക്കേണ്ടി വരും. ഇത് എന്റെ ഒരു മുഅജിസ (ദിവ്യാടയാളം)യാണ്. നിങ്ങൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കുക. ഇത് മസീഹിന്റെ കാലമാണ് യുദ്ധത്തിന്റെ കാലമല്ല. ഇനിയും അവർ മനസ്സിലാക്കുന്നില്ല എങ്കിൽ അല്ലാഹു അവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതാണ്."*** (ദുർറെസമിൻ)

ഖേദകരമെന്ന് പറയട്ടെ ഹ: അഹ്മദ് (അ)മിന്റെ ആത്മാർത്ഥമായ ഈ ഉപദേശങ്ങളും ഗൗരവപൂർവ്വമായ താക്കീതുകളും കൈക്കൊള്ളുന്നതിനുപകരം, അദ്ദേഹത്തെയും, ശിഷ്യന്മാരെയും ശത്രുക്കളായി കണക്കാക്കി ദ്രോഹകൃത്യങ്ങൾ നടപ്പാക്കുകയും, തങ്ങളുടെ ഭ്രാന്തൻ ചെയ്തികളുമായി മുന്നോട്ടുപോവുകയുമാണ് ചെയ്തത്. ജിഹാദ് ദുർബ്ബലപ്പെടുത്തിയ മസീഹിനെ വിശ്വസിച്ചു കുറ്റം ചുമത്തിക്കൊണ്ടായിരുന്നു അഫ്ഗാനിസ്ഥാനിൽ ശാപത്തിന്നിരയായ അഫ്ഗാൻ മണ്ണിനും, ജിഹാദിനെ സംബന്ധിച്ച ആ മഹാത്മാവിന്റെ പാഠങ്ങളെ അവഗണിച്ച മുസ്ലിം സമുദായത്തിനും എന്ത് സംഭവിച്ചു എന്ന് 100 വർഷത്തെ ചരിത്രം നമ്മുടെ മുമ്പിൽ സാക്ഷ്യം വഹിക്കുന്നു. സാഹിബ് സാദാ സാഹിബിന്റെ വധം നടന്ന പിറ്റേ ദിവസം തന്നെ ഒരു അത്ഭുത ദൃഷ്ടാന്തമെന്നോണം രാ ജ്യത്തിന്റെ പല ഭാഗങ്ങളിലും ശക്തമായ കൊടുങ്കാറ്റ് വീശിയടിക്കുകയും, തുടർന്ന് കാബൂൾ നഗരത്തിൽ കോളറ പടർന്നു പിടിക്കുകയും, അനേകം ആളുകൾ മൃതിയടയുകയും രാജകുടുംബത്തിലെ പല പ്രമുഖരും, കൂടാതെ അബ്ദുലത്തീഫ് സാഹിബിനെതിരിൽ കുറ്റം വിധിച്ച മുഫ്തിമാരിൽ ചിലരും കോളറക്കിരയായി. അമീർ ഹബീബുല്ലാഖാൻ 1919 ഫിബ്രവരി 20ന് വെടിയേറ്റു കൊല്ലപ്പെട്ടു. തുടർന്ന് ഇന്ന് വരെയുള്ള അഫ്ഗാനിസ്ഥാന്റെ ചരിത്രം രക്തച്ചൊരിച്ചിലിന്റേയും, കലാപത്തിന്റേതുമാണ്. അവിടെ അധികാരത്തിലിരുന്ന ഭരണാധികാരികളെല്ലാം, സ്ഥാനഭ്രഷ്ടരാക്കപ്പെടുകയോ വധിക്കപ്പെടുകയോ ആണുണ്ടായത്. സോവിയറ്റ് അധിനിവേശത്തിനുശേഷം അധികാരമേറ്റ 'മുജാഹിദിൻ' ഭരണാധികാരി നിബ്ഗത്തുല്ല മുജദ്ദിദി, കരാർ പ്രകാരം ബുർഹാനുദ്ദീൻ റബ്ബാനിക്ക് 1992ൽ അധികാരം കൈമാറിയ വാർത്ത ജമാഅത്തെ ഇസ്ലാമിയടെ മാധ്യമം റിപ്പോർട്ട് ചെയ്തത് "90 വർഷത്തിന് ശേഷമുള്ള ആദ്യത്തെ സമാധാനപരമായ അധികാര കൈമാറ്റം" എന്ന് വിശേഷിപ്പിച്ചുകൊണ്ടായിരുന്നു. എന്നാൽ അഫ്ഗാനിൽ സമാധാനം സ്ഥാപിതമായില്ല. ജമാഅത്തെ ഇസ്ലാമിക്കാരുടെ ഇഷ്ടതോഴനായ ഖുൽബുദ്ദീൻ ഹിക്മതിയാർ റബ്ബാനിക്കെതിരിൽ

'ജിഹാദ്' തുടങ്ങുകയും അഫ്ഗാനിസ്ഥാൻ വീണ്ടും കലാപഭൂമിയായി മാറുകയും ചെയ്തു. ഈ കാലഘട്ടത്തിലെ വൻശക്തികളായ സോവിയറ്റ് യൂണിയന്റേയും, അമേരിക്കയുടെയും അധിനിവേശത്തിൽ കഴിയേണ്ടി വന്ന ഏകരാജ്യം ഒരു പക്ഷെ അഫ്ഗാനിസ്ഥാനായിരിക്കും. ഇന്നത്തെ അഫ്ഗാന്റെ ദൈന്യചിത്രം ഇവിടെ കൂടുതൽ വിവരിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. ലക്ഷക്കണക്കിന് മനുഷ്യൻ അവിടെ കൊല്ലപ്പെട്ടിരിക്കുന്നു. പരിക്കേറ്റവരുടെ കണക്ക് അതിലുമെത്രയോ ആണ്. അഫ്ഗാനിലെ കൃഷിഭൂമി മുഴുവൻ കുഴിബോംബുകൾ നിറഞ്ഞ് കൃഷിയോഗ്യമല്ലാതായിരിക്കുന്നു. പട്ടിണിമാറ്റാൻ കൈനീട്ടുന്ന അഫ്ഗാൻ സ്ത്രീകളുടെ ദയനീയ ചിത്രങ്ങൾ ലോകമീഡിയകളിൽ നിറഞ്ഞുനിൽക്കുന്നു. ഒരു തൂലികക്കും വിവരിക്കുവാൻ കഴിയാത്തതാണ് ആ രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന ദുരിതങ്ങൾ. പക്ഷെ ഇത്രയെല്ലാമായിട്ടും അവിടത്തെ മുല്ലാവർഗ്ഗത്തിനും അവരുടെ ശിങ്കിടികൾക്കും ജിഹാദിന്റെ ഭ്രാന്ത് അവസാനിക്കുന്നില്ല എന്നതാണ് വ്യസനകരമായിട്ടുള്ളത്.

പാകിസ്ഥാനും ഇന്ന് അഭിമുഖീകരിക്കുന്നതും സമാനമായ അവസ്ഥ തന്നെയാണ്. ഇന്ത്യയോടൊപ്പം സ്വതന്ത്രയായ ആ നാട് ഇന്ന് നിലനില്പ് തന്നെ ഭീഷണി നേരിടുകയാണ്. 'ജിഹാദ്' വിളിച്ച് കലിതുള്ളി വരുന്ന വിവിധ ഗ്രൂപ്പുകൾ തമ്മിൽ രക്തച്ചൊരിച്ചിൽ നടത്തിക്കൊണ്ടിരിക്കുന്നു. അതിർത്തി സംസ്ഥാനങ്ങളിലെ താലിബാന്റെ ഭീഷണിയെ സംബന്ധിച്ചും, അവരെ നേരിടുവാൻ അമേരിക്കൻ സേന നടത്തിക്കൊണ്ടിരിക്കുന്ന ബോംബിംഗിന്റെയും വാർത്തകൾ നാം വായിച്ചുകൊണ്ടിരിക്കുന്നു. പല പ്രവിശ്യകളിലും ഭരണകൂടത്തിന് നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുന്നു. ലോകത്തിലെ ഏറ്റവും അപകടം പിടിച്ച ഭൂപ്രദേശമെന്നാണ് അമേരിക്കൻ പ്രസിഡണ്ട് പാകിസ്താനെ വിശേഷിപ്പിച്ചിരിക്കുന്നത്. മതപാഠശാലകൾ തീവ്രവാദ പരിശീലനകേന്ദ്രങ്ങളായി മാറിയിരിക്കുന്നു. പള്ളികളിൽ നമസ്കാരത്തിന് അണിയായ് നിൽക്കുന്നവരെ വെടിവെച്ച് വീഴ്ത്തി ആർത്തട്ടഹസിച്ച് വിജയാഘോഷം മുഴക്കപ്പെടുന്നു. തെരുവുകളും, മാർക്കറ്റുകളുമെല്ലാം ചാവേറാക്രമണത്തിൽ ചിന്നിത്തെറിക്കപ്പെടുന്ന മനുഷ്യമാംസം നിറയുന്നു. പാകിസ്താൻ പ്രസിഡണ്ട് തങ്ങൾ തീവ്രവാദത്തിന്റെ ഇരകളായി കഴിഞ്ഞിരിക്കുന്നുവെന്ന് ലോകത്തിന് മുമ്പിൽ വിലപിച്ചുപറയുന്ന ദൃശ്യം ടി.വി. ചാനലുകൾ സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്നു. ദുഃഖകരമായ സത്യം ഇതെല്ലാം കണ്ടുകൊണ്ടിരുന്നിട്ടും, ഇത്തരം ഒരു സ്ഥിതിവിശേഷത്തെ സംബന്ധിച്ച് ദൈവികജ്ഞാനമനുസരിച്ച് മുന്നറിയിപ്പ് നൽകിയ വാഗ്ദത്ത മസീഹിനെ സംബന്ധിച്ച് മനസ്സിലാക്കുവാൻ ഈ സമൂഹം മുതിരുന്നില്ല എന്നുള്ളതാണ്.

ഇത് പാകിസ്ഥാന്റെയോ അഫ്ഗാനിസ്ഥാന്റെയോ മാത്രം കഥയല്ല ലോകത്ത് ഒട്ടുമിക്ക രാജ്യങ്ങളും, ജനതകളും അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നമാണ്. മുസ്‌ലിം രാജ്യം തന്നെയായ സോമാലിയ ദശാബ്ദത്തിലധികമായി ചോരക്കളമാ യി മാറിയിട്ട് – 'ജിഹാദ്' വിളിച്ച് പരസ്പരം പോരിനിറങ്ങിയ യുദ്ധപ്രഭുക്കളുടെ നാടായി ഈ ദരിദ്രരാജ്യം മാറിയിരിക്കുന്നു. ഇവിടെ സുസ്ഥിരമായ ഒരു ഭരണകൂടം തന്നെ ഇല്ലാതായിരിക്കുന്നു. ആർക്കും എന്തും ചെയ്യാമെന്ന അവസ്ഥ. കലാപത്തിൽ പിഞ്ചുകുട്ടികളും, വൃദ്ധരും, സ്ത്രീകളുമടക്കം അനേകം ലക്ഷം മനുഷ്യർ പരലോകം പൂകിയിരിക്കുന്നു. കൊടുംപട്ടിണി മറ്റൊരു ഭാഗത്ത് ആ നാടിനെ വിഴുങ്ങാൻ വാപിളർത്തി നിൽക്കുന്നു. റഷ്യയിലെയും ചൈനയിലെയുമെല്ലാം മുസ്‌ലിം പ്രവിശ്യകൾ അവിടുത്തെ ഭരണകൂടത്തിനെതിരിൽ കലാപത്തിലാണ്. ഫലമോ സുശക്തമായ പ്രസ്തുത രാജ്യങ്ങളുടെ നിഷ്ഠൂരമായ അടിച്ചമർത്തലിൽ അബലകളും, അശരണരുമായ മുസ്‌ലിം സമൂഹം ഇഞ്ചിഞ്ചായി നശിപ്പിക്കപ്പെടുന്നു. "എന്റെ വാക്കുകൾ ശ്രവിച്ച ശേഷവും യുദ്ധത്തിന് പോവുന്നവർക്ക് അവിശ്വാസികളുടെ കരങ്ങളാൽ കഠിനതരമായ വേദനകൾ സഹിക്കേണ്ടിവരുമെന്ന് "വാഗ്ദത്ത മസീഹിന്റെ താക്കീത് ഇവിടങ്ങളിലെല്ലാം സത്യമായി പുലർന്നുകൊണ്ടിരിക്കുന്നു.

നമ്മുടെ കാശ്മീരിലും, മറ്റിതര സംസ്ഥാനങ്ങളിലുമെല്ലാം ജിഹാദിന്റെ പേരിൽ തീവ്രവാദം നടത്തിക്കൊണ്ടിരിക്കുന്നവരും പ്രസ്തുത താക്കീത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഭൂമിയിലെ സ്വർഗ്ഗം എന്ന് വി ശേഷിപ്പിക്കപ്പെട്ട കശ്മീർ താഴ്വര ഇന്ന് ശ്മശാനഭൂമിയായി മാറിക്കഴിഞ്ഞിരിക്കുന്നു. അവിടെയും സാധാരണ ജനം തീവ്രവാദികളുടെയും, രക്ഷാസേനയുടെയും തോക്കുകൾ ക്ക് മുമ്പിൽ ജീവന് വേണ്ടി കെഞ്ചി കരയുന്ന അവസ്ഥയിലാണ്. ഇസ് ലാം ഭീകരതയുടെ മതമാണെന്ന് മുദ്രകുത്തപ്പെട്ടിരിക്കുന്നു. എത്ര യോ നിരപരാധികളായ ചെറുപ്പക്കാർ ഭീകരവേട്ടക്കിരയായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ മരിച്ചുവീണുകൊണ്ടിരിക്കുന്നു. അപരാധിയാര് നിരപരാധിയാര് എന്ന് തിരിച്ചറിയാതായിരിക്കുന്നു. മുസ്‌ലിം വേഷം ധരിച്ചവരെ

ഭീതിയോടെ മറ്റുള്ളവർ നോക്കിക്കാണുന്ന സ്ഥിതി വന്നിരിക്കുന്നു. താരതമ്യേന സമാധാനം നിലനിന്നിരുന്ന കേരളക്കരയിൽ നിന്നും, തീവ്രവാദികളെ സം ബന്ധിച്ചും, ജിഹാദികളെകുറിച്ചുമെല്ലാമുള്ള വാർത്തകൾ കേട്ടുതുടങ്ങിയിരിക്കുന്നു. മീഡിയകൾ തീവ്രവാദികൾ എന്നും, 'ജിഹാദി'കൾ എന്നുമെല്ലാം വകതിരിവില്ലാതെ ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. എത്രയോ മുസ്‌ലിം ചെറുപ്പക്കാർ ജയിലറകളിൽ അടക്കപ്പെട്ടിരിക്കുന്നു. 'സിമി' എന്ന സംഘടന നിരോധിക്കപ്പെടുകയും അതിന്റെ നേതാക്കൾ ഇന്ത്യയുടെ വിവിധസംസ്ഥാനങ്ങളിൽ തീവ്രവാദ കേസുകളിൽ, ലോക്കപ്പിലും, ജയിലറകളിലുമായി കഴിയുകയുമാണ്. സംഗതി പന്തിയല്ല എന്ന് തോന്നിത്തുടങ്ങിയ കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമി ഉൾപ്പെടെയുള്ള മുസ്‌ലിം സംഘടനകൾ ഇപ്പോൾ തങ്ങളുടെ പ്രസിദ്ധീകരണങ്ങളിലൂടെ 'ജിഹാദ്' വിശദീകരിക്കുന്ന തിരക്കിലാണ്. ഹ: അഹ്മദ് (അ)നേയും അഹ്മദിയ്യാ പ്രസ്ഥാനത്തേയും – 'ജിഹാദ് ദുർബ്ബലപ്പെടുത്തിയവർ,' 'സാമ്രാജ്യത്വത്തിന്റെ ഏജന്റുമാർ' എന്നൊക്കെ ശകാരിച്ചിരുന്നവർ, "കിട്ടേണ്ടതു കിട്ടിയപ്പോൾ തോന്നേണ്ടത് തോന്നും." എന്ന് പറയാറുള്ളതുപോലെ; ജിഹാദിനെ സംബന്ധിച്ച് മസീഹ് മഊദ് (അ) 100 വർഷങ്ങൾ ക്ക് മുമ്പേ നൽകിയ യഥാർത്ഥ പാഠങ്ങൾ ഏറ്റുപാടാൻ തുടങ്ങിയിരിക്കുകയാണ്.

യൂറോപ്പിലും, അമേരിക്കയിലുമെല്ലാം മുസ്‌ലിം വേഷധാരികളെ, സഹയാത്രികരുടെ പ്രതിഷേധം കാരണം വിമാനത്തിൽ നിന്ന് ഇറക്കിവിട്ട ഏറെ സംഭവങ്ങൾ എടുത്തുദ്ധരിച്ച് കൊണ്ട് മാധ്യമം പത്രം മുഖപ്രസംഗം തന്നെ എഴുതുകയുണ്ടായി. കുടിയേറ്റക്കാരെ ഉദാരമായി സ്വാഗതം ചെയ്തിരുന്ന, യൂറോപ്യൻ രാജ്യങ്ങൾ പലതും മുസ്‌ലിംകൾക്ക് വിസ നിഷേധിക്കുന്ന അവസ്ഥ വന്നുചേർന്നിരിക്കുന്നു. ഈ സംഭവങ്ങളിലെല്ലാം ഇസ്‌ലാമിനെതിരായ ക്രൈസ്തവ-ജൂത തീവ്രവാദി ലോബിയുടെ ഗൂഢനീക്കങ്ങൾ ഉണ്ട് എന്ന യാഥാർത്ഥ്യം അംഗീകരിച്ചാൽ തന്നെ, ഇത്തരത്തിലുള്ള ഗുരുതരമായ സ്ഥിതിയ്ക്ക് കാരണമായിട്ടുള്ളത് മുസ്‌ലിംകളിൽ ഒരു വിഭാഗത്തിന്റെ തെറ്റായ ജിഹാദി വിശ്വാസവും അതിന്റെ ഫലമായുള്ള തീവ്രവാദപ്രവർത്തനങ്ങളുമാണെന്ന കാര്യം നഗ്നയാഥാർത്ഥ്യമാണ്. മാനവസമൂഹത്തിന് തന്നെ തീരാദുരന്തമായി ഈ ജീഹാദി' ഭ്രാന്ത് മാറാനിരിക്കു ന്നു എന്ന് സർവ്വജ്ഞനായ അല്ലാഹു വിന്ന് അറിയാമായിരുന്നത് കൊണ്ട് തന്നെയാണ്, അവന്റെ പ്രത്യേക കാരുണ്യത്താൽ ഈ കാലഘട്ടത്തിലെ പ്രവാചകൻ മുഖേന അതിനെതിരായ ശക്തമായ താക്കീത് നൽകിയതും, സ്ഥാപിത ഭരണകൂടത്തിനെതിരിൽ കലാപം നടത്തൽ ഇസ്‌ലാമിന്നും, മറ്റെല്ലാ മതങ്ങളുടെയും അധ്യാപനങ്ങൾക്കും വിരുദ്ധമാണെന്ന കാര്യം വളരെ ആധികാരികമായും പ്രമാണപരമായും വ്യക്തമാക്കിയിട്ടുള്ളതും. ചുരുക്കത്തിൽ വാഗ്ദത്ത മസീഹ് ഹ: അഹ്മദ് (അ)ന്റെ തെളിമയാർന്ന അധ്യാപനങ്ങളിലേക്ക് മടങ്ങുകയല്ലാതെ, മനുഷ്യരാശിക്ക് ഈ അഗ്നികുണ്ഠത്തിൽ നിന്ന് രക്ഷപ്പെടുവാൻ മറ്റൊരു മാർഗ്ഗവുമില്ല എന്ന യാഥാർത്ഥ്യം ഇവിടെ ഉണർത്തുകയാണ്. ദുരിതക്കയത്തിൽ മുങ്ങിത്താഴ്ന്ന് കൊണ്ടിരിക്കുന്ന മുസ്‌ലിം സഹോദരങ്ങളുടെ മുമ്പിൽ വാഗ്ദത്ത മസീഹിന്റെ ''എന്റെ ഈ ഉപദേശം ശ്രവിച്ചശേഷവും യുദ്ധത്തിന് പോവുന്നവർക്ക് അവിശ്വാസികളുടെ കരങ്ങളാൽ കഠിനതരമായ വേദനകൾ സഹിക്കേണ്ടി വരും... (ദുർറെസമിൻ) എന്ന പ്രവചനം സമർപ്പിച്ചുകൊണ്ട് ഈ വരികൾ അവസാനിപ്പിക്കുകയാണ്. ○

## എന്റെ സ്നേഹം

ഒരു മാതാവ് തന്റെ മക്കളോട് എപ്രകാരം വാത്സല്യം കാണിക്കുന്നുവോ അപ്രകാരമല്ല, അതിലും കൂടുതലായുള്ള സ്നേഹമാണ് എനിക്ക് മനുഷ്യകുലത്തോടുള്ളത്.സത്യത്തെ ഞെക്കിക്കൊല്ലുന്ന വ്യാജവിശ്വാസങ്ങളുടെ ശത്രുവാണ് ഞാൻ. മനുഷ്യരോടുള്ള സഹാനുഭൂതി എന്റെ കർത്തവ്യധർമ്മമാണ്.

***ഹ: അഹ്മദ് (അ) അർബയിൻ***

*(29-ൽ നിന്ന് തുടർച്ച)*

ങ്ങും. അങ്ങനെ ഇന്ന് മുതൽ മൂന്ന് നൂറ്റാണ്ട് പൂർണ്ണമാകുന്നതിന് മുമ്പായി ഈസായെ കാത്തിരിക്കുന്നവർ – മുസ്‌ലിംകളോ ക്രിസ്ത്യാനികളോ ആയ എല്ലാവരും – അദ്ദേഹത്തിന്റെ വരവിനെക്കുറിച്ച് നിരാശപ്പെടുകയും തീരെ മനംമടുത്ത് ഈ മിഥ്യാവിശ്വാസത്തെ പരിത്യജിക്കുകയും ചെയ്യും. പിന്നെ ലോകത്ത് ഒരേ മതവും ഒരേ നേതാ വും മാത്രമായിരിക്കും. ഞാൻ ഒരു ബീജാവാപം ചെയ്യുന്നതിനായിട്ട് വന്നിരിക്കുന്നു. ആ ബീജം എന്റെ കൈയാൽ വിതക്കപ്പെട്ടുകഴിഞ്ഞു. അതു വളർന്നു വരികയും യഥാകാലം പൂക്കുകയും കായ്ക്കുകയും ചെയ്യും. ഇതിനെ തടയുക ആരാലും സാദ്ധ്യമല്ല."

(– തദ്കിറത്തുശ്ശഹാദത്തൈൻ – ഭാ 64, 65) *(തുടരും)* ○

കുറിപ്പുകൾ

മുസാഫിർ

# സ്ഫോടനങ്ങളിൽ തകരുന്ന പാകിസ്താൻ

**പാ**കിസ്താൻ വിതച്ചത് കൊയ്യുകയാണ്. താലീബാന്റെ രൂപത്തിൽ പാകിസ്താനെ ഗ്രസിച്ച മതഭീകരവാദത്തിന്റെ ദുർഭൂതം ആ രാജ്യത്തെ തവിടുപൊടിയാക്കിക്കൊണ്ടിരിക്കുകയാണ്. നീതിയും സ്വാതന്ത്ര്യവും ഉയർത്തിപ്പിടിക്കുമെന്ന് പ്രതിജ്ഞ ചെയ്ത് ആരംഭിച്ച പാകിസ്താൻ രാഷ്ട്രം പ്രതിജ്ഞകളിൽ നിന്നെല്ലാം പിൻവാങ്ങുകയാണുണ്ടായത്. ഇപ്പോൾ ആ രാജ്യം മതഭീകരവാദത്തിന്റെ മുമ്പിൽ കിടന്നു മുട്ടു വിറക്കുന്ന കാഴ്ച ദയനീയം എന്നതിനേക്കാൾ ഭീതിജനകമാണ്. പാകിസ്താനിൽ ഇന്നത്തെ ഭയാനകമായ പതനത്തിന് അഹ്മദിയ്യാ ജമാഅത്തുമായി അഭേദ്യമായൊരു ബന്ധമുണ്ട് എന്ന സത്യം അവിതർക്കിതമാണ്. അഹ് മദികളെ വേട്ടയാടിക്കൊണ്ടാണ് ഭരണകൂടത്തിന്റെ പൂർണ പിന്തുണയോടെ മതതീവ്രവാദം പാകിസ്താനിൽ വളർന്നത്. ജമാഅത്തെ ഇസ് ലാമി നേതാവ് അബുൽ അഅ്ലാ മൗദൂദിയുടെ നേതൃത്വത്തിൽ മതതീവ്രവാദി സംഘടനകൾ ആരംഭിച്ച രക്തരൂക്ഷിതമായ പ്രക്ഷോഭണത്തിനും നിരന്തര സമ്മർദ്ദത്തിനും വഴങ്ങി - 1974 പാകിസ്താൻ ഭരണകൂടം അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചു. അഹ്മദികളുടെ മതസ്വാതന്ത്ര്യവും പൗരാവകാശങ്ങളും ജന്മാവകാശങ്ങളും കവർന്നെടുത്തു കൊണ്ടുള്ള ആർട്ടിക്കിൾ 260 (3) (എ), (ബി) എന്നീ വകുപ്പുകൾ പാകിസ്താൻ ഭരണഘടനയിൽ എഴുതിചേർത്തു. കാട്ടുനീതിയുടെ ഈ ലിഖിതനിയമം കിരാതത്വത്തിന്റെ കങ്കാള മുദ്രയായി പാകിസ്താൻ രാഷ്ട്രഗാത്രത്തിൽ നില കൊള്ളുന്നു. അങ്ങനെയുള്ള ഒരു രാജ്യത്ത് ഭീകരവാദത്തിന്റെ ഈ ചുടല നൃത്തം സംഭവിച്ചില്ലെങ്കിലെ അത്ഭുതമുള്ളൂ.

ആത്മീയമായ ശ്രേയസ്സ് കാംക്ഷിച്ചും വേദനകൾ തിങ്ങി വിങ്ങുന്ന ഹൃദയത്തോടെയും തന്റെ നാഥനായ അല്ലാഹുവിന്റെ മുമ്പിൽ ഒരു മുസ്‌ലിം സമർപ്പിക്കുന്ന പാവനമായ ആരാധനയാണ് നമസ്കാരം. ആ ആരാധനാസ്വാതന്ത്ര്യമാണ് പാകിസ്താൻ ഭരണകൂടം അഹ്മദികൾക്ക് പ്രസ്തുത നിയമത്തിലൂടെ നിഷേധിച്ചത്. ഈ നിയമം അവിടെയുണ്ടെങ്കിലും മറ്റാരേക്കാളും കണിശതയോടെ പാകിസ്താനിലെ അഹ്മദികൾ നിസ്കാരവും മറ്റെല്ലാ ആരാധനാകർമ്മങ്ങളും നിർവ്വഹിക്കുന്നു. നമസ്കരിക്കുന്നവനെ തടഞ്ഞാൽ അല്ലാഹു തന്റെ സമ്പാനിയാക്കളെ (നരകത്തിന്റെ കാവൽക്കാരെ) അയച്ച് ശിക്ഷിക്കുമെന്ന് പറഞ്ഞ കാര്യം പാക് മുല്ലായിസം ഓർക്കുക. ഖുർആൻ പറയുന്നു:

***'അങ്ങനെയല്ല; തീർച്ചയായും മനുഷ്യൻ അതിക്രമം പ്രവർത്തിച്ചിരിക്കുന്നു. അവൻ സ്വയംപര്യാപ്തനായി കണ്ടതിനാൽ, നിന്റെ നാഥനിലേക്ക് തന്നെയാണ് മടക്കം. ഒരു ദാസൻ നമസ്കരിക്കുമ്പോൾ അവനെ തടയുന്നവനെ നീ കണ്ടുവോ? നീ ചിന്തിച്ചിട്ടുണ്ടോ! അവൻ സന്മാർഗ്ഗത്തിലാണെങ്കിലോ? അല്ലെങ്കിൽ സൂക്ഷ്മത പാലിക്കാൻ ഉപദേശിച്ചിട്ടുണ്ടെങ്കിലോ? നീ എനിക്ക് പറഞ്ഞ് തരിക, അവൻ (നിസ്കാരത്തെ തടയുന്നവൻ) സത്യത്തെ നിഷേധിക്കുകയും പിന്തിരിഞ്ഞുകളയുകയും ചെയ്താൽ (അതെല്ലാം) അല്ലാഹു കാണുന്നുവെന്ന കാര്യം അവനറിയില്ലേ? അങ്ങനെയല്ല അവൻ വിരമിച്ചില്ലെങ്കിൽ തീർച്ചയായും (അവന്റെ) മുൻകുടുമ ഊക്കോടെ നാം പിടിച്ചുവലിക്കുന്നതാണ്. കള്ളം പറയുന്ന മഹാപാപിയായ മുൻകുടുമ. അതിനാൽ അവൻ തന്റെ ആലോചനാസഭയെ വിളിച്ചുകൊള്ളട്ടെ സബാനിയാക്കളെ (നരകത്തിന്റെ കാവൽക്കാരെ) നാമും വിളിക്കും. (96:7-19)***

പാകിസ്താനിലെ ഭീകരവാദം രണ്ട് മാസങ്ങളായി ഖിയാമത്തിന്റെ രംഗങ്ങളാണ്. ആ രാജ്യത്ത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത് ചെറുതും വലുതുമായ നിരവധി സ്ഫോടന


അമേരിക്കയുടെ സഹായം തേടുന്നതിനെതിരെയും പാകിസ്താനിൽ അതിരൂക്ഷമായ പ്രക്ഷോഭണങ്ങൾ നടക്കുകയാണ്. ഈ സഹായത്തിലൂടെ അമേരിക്ക ചാരപ്രവർത്തനം നടത്താൻ തങ്ങളുടെ രഹസ്യസേനയെ വ്യാപകമായി പാകിസ്താനിൽ വിന്യസിക്കുമെന്നും ആണവായുധങ്ങളെ സംബന്ധിച്ച രഹസ്യങ്ങൾ ചോർത്താനാണ് അമേരിക്കയുടെ പരിപാടിയെന്നും പ്രതിപക്ഷവും മതകക്ഷികളും ആരോപിക്കുന്നു. മാത്രമല്ല അമേരിക്ക അഫ്ഗാനിസ്ഥാനിൽ പാകിസ്താനോടു ചേർന്നുള്ള അതിർത്തിയിൽ സൈനിക സാന്നിദ്ധ്യം വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരുവശത്ത് ബോംബ് സ്ഫോടനങ്ങൾ കൊണ്ട് താലിബാൻ പാകിസ്താനെ വിറപ്പിക്കുകയാണ്. ഇതിൽ നിന്നും രക്ഷക്കായി പേടിച്ചരണ്ട ഭരണകൂടം അമേരിക്കയുടെ അടുത്തേക്ക് അഭയയാചനകളുമായി പായുമ്പോൾ അതിനെതിരെ രൂക്ഷമായ ജനകീയാഭിപ്രായം രൂപം കൊള്ളുകയും ചെയ്യുന്നു. ചെകുത്താനും കടലിനുമിടയിൽപ്പെട്ട പാകിസ്താൻ ഭരണകൂടത്തിന്റെയും ആ രാജ്യത്തിന്റെയും ഭാവി എന്തായി തീരുമെന്നു അല്ലാഹുവിന് മാത്രമെ അറിയൂ. പാകിസ്താൻ വിതച്ചത് കൊയ്യുകയാണ്. ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മീർസാ മസ്റൂർ അഹ്മദ് അഭിപ്രായപ്പെട്ടത് പോലെ. കിരാതമായ പീഢനങ്ങളും അവകാശധ്വംസനങ്ങളും സ്വാതന്ത്ര്യനിഷേധനങ്ങളും ഏറ്റുവാങ്ങി മൂകരായി എല്ലാം സഹിച്ച് വർഷങ്ങളായി ദൈവത്തിനു മുമ്പിൽ പ്രണിപതിച്ച് പ്രാർത്ഥനാനിരതരായി കഴിയുന്ന അഹ്മദികളുടെ പ്രാർത്ഥനകൾക്ക് മാത്രമെ ഇനി പാകിസ്താനെ രക്ഷിക്കാൻ സാധിക്കൂ. ○

# വാർത്തകൾ

## ഖുദ്ദാമുൽ അഹ്മദിയ്യാ ജേതാക്കൾ



*ഇന്ത്യയിലെ ഏറ്റവും നന്നായി പ്രവർത്തിച്ച ഖുദ്ദാമുൽ അഹ്മദിയ്യ സുബായ് ഇലാഖക്കുള്ള ഒന്നാം സമ്മാനം ലണ്ടനിലെ ഇന്ത്യാ ഡസ്ക് ഇൻ-ചാർജ് ഫതഹ് അഹ്മദ് ദഹ്‌രി സാഹിബിൽ നിന്ന് കേരള സോൺ (നോർത്ത്) ഇലാഖ ഖാഇദ് സി. ഷമീം സാഹിബ് ഏറ്റു വാങ്ങുന്നു. ഇത്തവണ അഞ്ച് സുബായ് സോണുകൾക്കാണ് സമ്മാനം നൽകപ്പെട്ടത്.*



ഇന്ത്യയിലെ ഏറ്റവും നല്ല ഖുദ്ദാമുൽ അഹ്മദിയ്യ മജ്‌ലിസിനുള്ള മൂന്നാം സമ്മാനം ഫതഹ് അഹ്മദ് ദഹ്‌രി സാഹിബിൽ നിന്ന് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, മാത്തോട്ടം ഖായിദ് ബി.എം. ഷൗക്കത്ത് സാഹിബ് ഏറ്റുവാങ്ങുന്നു.

## മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് സത്യദൂതൻ ചീഫ് എഡിറ്റർ.



മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ് ശ്രീലങ്കയിലേക്ക് മിഷണറിയായി പോയതിനാൽ പകരം മൗലവി മുഹമ്മദ് ഇസ്മായിലിനെ സത്യദൂതൻ ചീഫ് എഡിറ്ററായി വീണ്ടും കേന്ദ്ര പബ്ലിക്കേഷൻ വകുപ്പ് മേലദ്ധ്യക്ഷൻ നിയമിച്ചു.

സത്യദൂതൻ എഡിറ്ററായും ചീഫ് എഡിറ്ററായും സേവനം ചെയ്ത മൗലവി ഇസ്മായിൽ സാഹിബ് പ്രഗത്ഭ പണ്ഡിതനും വിവർത്തകനും പ്രഭാഷകനും സംസ്ഥാന പബ്ലിക്കേഷൻ റിവ്യു കമ്മിറ്റി ചെയർമാനുമാണ്. വിശുദ്ധ ഖുർആൻ പരിഭാഷ അദ്ദേഹമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.


### നിഷേധികൾ

അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്ന് (ജനങ്ങളെ) തടയുകയും ആ മാർഗ്ഗത്തെ വക്രമാക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നവരാണ് അവർ. ഇവർ തന്നെയാണ് പരലോകത്തെ നിഷേധിക്കുന്നവർ.

***(വി. ഖുർആൻ 11:20)***

# വാർത്തകൾ

## ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തെ പിൻതാങ്ങിക്കൊണ്ട് ഖുർആൻ വചനം





*കശ്മീരിലെ ഈസാനബി(അ) ഖബർ സന്ദർശകരെ കൊണ്ട് നിറയുകയാണ്. ഈയ്യിടെ പോയ കേരളത്തിലെ യുവാക്കളുടെ സംഘം എടുത്ത ഖബറിന്റെ മുൻവശത്തെ ബോർഡിന്റെ ഫോട്ടോ. ഈസാ നബി(അ)യെ പറ്റി ക്രൈസ്തവ വിശ്വാസത്തിന് അനുകൂലമായി ഖുർആൻ വചനം തെറ്റായി ഉദ്ധരിച്ചിരിക്കുന്നത് ഇപ്രകാരമാണ്. തുടർന്ന് ബൈബിൾ വചനവും കാണാം.*

***യേശുവിനെക്കുറിച്ച് ഖുർആനും ബൈബിളും എന്താണ് പറയുന്നത്? വി. ഖുർആൻ പറയുന്നു: 'അല്ലാഹുവിന്റെ! ദൂതനായ മർയമിന്റെ പുത്രൻ ഈസാ മസീഹിനെ ഞങ്ങൾ വധിച്ചിരിക്കുന്നു എന്ന് അവർ (ജൂതന്മാർ) അഹങ്കാരത്തോടെ പറയുന്നു. എന്നാൽ അവർ അദ്ദേഹത്തെ കൊന്നിട്ടില്ല. ക്രൂശിച്ചിട്ടുമില്ല. അങ്ങിനെ അവർക്ക് പ്രത്യക്ഷീകൃതമാകുകയാണുണ്ടായത്. തൽസംബന്ധമായി വിയോജിപ്പുള്ളവരെല്ലാം (ദൃഢമായ) ജ്ഞാനമില്ലാതെ തികച്ചും സംശയത്തിലാണ്. അവർ ഊഹത്തെ പിന്തുടരുകയാണ് ചെയ്യുന്നത്. അവർക്ക് തീർച്ചയായും അദ്ദേഹത്തെ കൊല്ലാനോ ക്രൂശിക്കാനോ കഴിഞ്ഞിട്ടില്ല. അല്ലാഹു അദ്ദേഹത്തെ തങ്കലേക്കുയർത്തുകയാണുണ്ടായത്. അല്ലാഹു ശക്തിയിൽ ഉന്നതനാണ്. (അന്നിസാഅ് 157-158) ബൈബിൾ: 'അവരോട് സംസാരിച്ച് കഴിഞ്ഞശേഷം കർത്താവായ യേശു സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു.അവൻ അവിടെ ദൈവത്തിന്റെ വലത് ഭാഗത്ത് ഉപവിഷ്ടനായി' (മാർക്കോസ് 16:19)***


## ഡോ. ഹമീദ്ഖാന് പുസ്തകം നൽകി

*ലോകപ്രശസ്തനായ ജനിതകശാസ്ത്രജ്ഞൻ ഡോ. ഹമീദ് ഖാൻ വിവിധ സെമിനാറുകളിൽ സംബന്ധിക്കാനായി കോഴിക്കോട് സന്ദർ ശിച്ചപ്പോൾ ഖലീഫത്തുൽ മസീഹ് നാലാമൻ രചിച്ച Revelation Rationality Knowledge and Truth എന്ന പുസ്തകം അദ്ദേഹത്തിന് സത്യദൂതൻ എഡിറ്റർ ഏ.എം. മുഹമ്മദ് സലിം നൽകി.*



*അമേരിക്കൻ പ്രസിഡണ്ട് ബാറക്ക് ഒബാമയുടെ ശാസ്ത്ര ഉപദേശക സമിതിയിൽ തിരഞ്ഞെടുക്കപ്പെട്ട ആദ്യ ഇന്ത്യക്കാരനാണ് ഡോ. ഹമീദ് ഖാൻ. അമേരിക്കയിലെ അത്യുന്നത വൈദ്യശാസ്ത്ര പുരസ്കാരമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് അവാർഡ് നേടിയ ഖാൻ ബ്രെയിൻ കാൻസറിനുള്ള A2Q (Aziridniyl Quinone) എന്ന മരുന്ന് കണ്ടുപിടിച്ചയാളാണ്. അസിറിനിയൽ ഉപയോഗിച്ചുള്ള ഇരുനൂറോളം ഔഷധക്കൂട്ടുകൾ കണ്ടുപിടിച്ചതിൽ 45 മരുന്നുകളുടെ പേറ്റന്റിന്നുടമയാണ് ഡോ. ഖാൻ. അമേരിക്കയിൽ സ്ഥിരതാമസമാക്കിയ ഹൈദരബാദ് സ്വദേശിയായ ഡോ. ഖാൻ മതം, ശാസ്ത്രം, സംസ്കാരം എന്നീ ബഹുമുഖ വിഷയങ്ങളിൽ തല്പരനാണ്. നല്ലൊരു പ്രഭാഷകനുമാണ്.*

## അനുസ്മരണം



### സി. ഹമീദുല്ലാഹ് സാഹിബ്

കൂടാളി ജമാഅത്തിലെ അൻസാറുല്ലാഹ് സഈമും, ഇസ്‌ലാഹോ ഇർശാദ് സെക്രട്ടറിയുമായിരുന്ന ജനാബ് സി. ഹമീദുല്ലാഹ് സാഹിബ് (77) 15-10-2009ന് നിര്യാതനായി. ഇന്നാലില്ലാഹി.....

ഭാര്യ : എസ്.വി. ആയിശ. മക്കൾ : സിറാജ്, ഷഹനാസ്, ശഫിയുല്ല, ശക്കീൽ അഹ്മദ്.

മരുമക്കൾ : ഷഫീർ അഹ്മദ് (കടലായി), റൈഹാന, ജസീദ, ലമീസ് (കോഴിക്കോട്)

അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

**സി.എം. ഹസ്സൻ, കൂടാളി**

### കുഞ്ഞാമിന സാഹിബ

കൂടാളി ജമാഅത്തിലെ ആദ്യകാല അഹ്മദിയുടെ മകളും മർഹും വി.കെ. മൊയ്തീൻ സാഹിബിന്റെ ഭാര്യയുമായ എം.പി. കുഞ്ഞാമിന സാഹിബ (82) 25-9-2009ന് വെള്ളിയാഴ്ച രാവിലെ നിര്യാതയായി. ഇന്നാലില്ലാഹി

മക്കൾ: നസിറ, നൂറുദ്ദീൻ ഷംസുദ്ദീൻ, ഖമറുദ്ദീൻ, ജമാലുദ്ദീൻ.

മരുമക്കൾ : സി.എം. ഹസ്സൻ സാഹിബ്, കൂടാളി ജമാഅത്ത് പ്രസിഡണ്ട്.

ഫൗസിയ, ഷക്കീല, നുസ്രത്ത്, ഫസില. അല്ലാഹു പരേതക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

**എം.പി. ഷുസുദ്ദീൻ കൂടാളി** ○

---

*(20-ൽ നിന്ന് തുടർച്ച)*

ഹജ്ജ് വാസ്തവത്തിൽ മാനവകുലത്തിന്റെ വംശീയവും ആത്മീയവുമായ ഐക്യസന്ദേശം ഉൾക്കൊള്ളുന്നു. ഭൂമിയിലെ ഏറ്റവും പൗരാണികവും (അൽ-ബൈത്തുൽ അതീഖ് 22:30) ഖലീലുല്ലാഹി ഇബ്റാഹിം നബി (അ) പുനർനിർമ്മിച്ചതുമായ കഅ്ബ മുഴുവൻ മാനവരാശിക്കും വേണ്ടി സമർപ്പിക്കപ്പെട്ടതാണെന്ന് ഖുർആൻ പറയുന്നു.

*"സമസ്ത മനുഷ്യർക്കും വേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമ മന്ദിരം മക്കയിലുള്ളത് തന്നെയാണ്. അത് അനുഗ്രഹീതവും സർവലോകർക്കുള്ള മാർഗ്ഗദർശക കേന്ദ്രവുമത്രെ. അതിൽ പ്രത്യക്ഷമായ ദൃഷ്ടാന്തങ്ങളുണ്ട്. ഇബ്റാഹിമിന്റെ സ്ഥാനമാണ് (അത്) അതിൽ ആരെങ്കിലും പ്രവേശിച്ചാൽ അവൻ നിർഭയനായി. അതിലേക്ക് പോകാൻ കഴിവുള്ള എല്ലാ മനുഷ്യർക്കും പ്രസ്തുത മന്ദിരത്തിൽ ചെന്ന് ഹജ്ജ് നിർവഹിക്കേണ്ടത് അല്ലാഹുവിനോടുള്ള കടമയാണ്. ഇനി ആരെങ്കിലും നിഷേധിക്കുന്നതായാൽ നിശ്ചയമായും അല്ലാഹു ലോകത്തിൽ ആരുടേയും യാതൊരുവിധ ആശ്രയവുമില്ലാത്തവനാണ്"* (3:97:98)

ഹജ്ജ് മുഖേന മനുഷ്യവംശം ആർജിക്കേണ്ട ആത്മീയ മൂല്യത്തിലധിഷ്ഠിതമായ മാനവൈക്യത്തെ പറ്റി വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി (അ)ന്റെ ഒരു വചനം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനമവസാനിപ്പിക്കാം.

"ദൈവം ഇച്ഛിക്കുന്നത് ആദ്യമായി മനുഷ്യ ജാതിയിൽ ഏകത്വ വിശ്വാസത്തിലധിഷ്ഠിതമായ വിവിധ വിഭാഗങ്ങൾ സ്ഥാപിച്ചുകൊണ്ട് പിന്നീട് പരിപൂർണ ഏകത്വത്തിന്റെ വലയത്തിൽ എല്ലാവരേയും കൊണ്ടുവരാനാണ്....

*"നിശ്ചയമായും ഇത് നിങ്ങളുടെ സമുദായമാണ്. ഒരേ ഒരു സമുദായം (ഒരേ മാർഗ്ഗത്തിൽ ചരിക്കുന്നവർ) ഞാൻ നിങ്ങളുടെ നാഥനാകുന്നു. അതിനാൽ നിങ്ങളെന്നെ ആരാധിക്കുവിൻ'* (21:93). ഈ ക്രമാനുസൃതമായ ഏകതയുടെ ഉദാഹരണം ഇതാണ്....

*''അതു കൂടാതെ ജീവിതത്തിൽ ഒരു തവണ ലോകത്തെങ്ങുമുള്ള മുസ്‌ലിംകൾ ഒരിടത്ത് ഒരുമിച്ചു കൂടാനുള്ള അവസരം അല്ലാഹു ഉണ്ടാക്കി. അതുമുഖേന മെല്ലെ മെല്ലെ മനുഷ്യസമുദായത്തിന്റെ ഐക്യത്തിന്റെയും ഏകീഭാവത്തിന്റെയും വൃത്തം പൂർണതയിലെത്തിക്കുകയത്രെ. ആദ്യം കുറച്ച് രാജ്യങ്ങളിലെ ഭാഗങ്ങളിൽ ഐക്യം ഉണ്ടാക്കുക. പിന്നീട് ഒടുവിലായി. ഹജ്ജിനുള്ള സമ്മേളനം പോലെ എല്ലാവരും ഒരിടത്ത് ഒരുമിച്ച് കൂടുക. എപ്രകാരമെന്നാൽ ഇതിന്റെ വാഗ്ദാനം വിശുദ്ധ ഖുർആനിൽ അവസാനനാളുകളിൽ ദൈവം അവന്റെ വിളിയാളം മുഖേന സകല സദ്‌വൃത്തരേയും ഒരു മതത്തിൽ ഒരുമിച്ചു കൂട്ടുന്നതാകുന്നു എന്നു പറഞ്ഞിരിക്കുന്നു. തുടക്കത്തിൽ ജനം ഒരു മതത്തിൽ ഏകീകരിച്ചിരുന്നത് പോലെ ആദ്യത്തിലും അവസാനത്തിലും സാദൃശ്യം ഉണ്ടായിരിക്കാൻ വേണ്ടി"* (ചശ്മയെ മഅരിഫ - രണ്ടാം ഭാഗം പേജ് 145-146) ○

# ബലിയറുക്കുന്നതുപോലെ
# ദൈവവഴിയിൽ സ്വയം ബലിയാവുക